# ഭഗവദ്ഗീതാ സന്ദേശം

! ക്ഷുദ്രം ഹൃദയ ദൗർബ്ബല്യം ത്യക്ത്വോത്തിഷ്ഠ !

ഡോ. എൻ. ഗോപാലകൃഷ്ണൻ Ph.D., D.Litt.
*(Scientist & Director IISH)*

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 13

Scanned with CamScanner

# ഭഗവദ്ഗീതാ സന്ദേശം

!ക്ഷുദ്രം ഹൃദയ ദൗർബ്ബല്യം ത്യക്ത്വോത്തിഷ്ഠ!

**ഡോ. എൻ. ഗോപാലകൃഷ്ണൻ**

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്
തിരുവനന്തപുരം - 695 018

ഹെറിറ്റേജ് പബ്ലിക്കേഷൻ സീരീസ് - 13

Scanned with CamScanner

ഭഗവദ്ഗീതാ സന്ദേശം

**Dr. N. Gopalakrishnan,** M.Sc. (Pharm), M.Sc. (Chem.) M.A. (Soc.), Ph.D, D.Litt.
(Scientist & Director, Indian Institute of Scientific Heritage)

*Published by:*

**Indian Institute of Scientific Heritage (IISH)**
**Registered Charitable Trust 328/99/IV**
Ushus, Estate Road, Pappanamcode
Trivandrum - 695 018 (Ph: 0471 - 2490149)
**Website : www.iish.org**

Rs. 35/-

*Printed at :*

Sree Printers (DTP, Offset & Screenprinting)
Ind. Estate, Pappanamcode, TVM - 19, Ph: 0471 - 2490135

Scanned with CamScanner

# DHANYATHMAN

IISH is spreading the messages of our motherland through our publications in the PDF format to all our well-wishers. Your support for the mission is welcome.

**Details of the bank account**

Beneficiary : IISH Trivandrum
Ac No : 57020795171
IFSC : SBIN0070030
Bank : SBI industrial estate, papanamcode
Trivandrum-19

*In the service of the motherland and dharma*

***IISH Publication Team***

Scanned with CamScanner

# ആമുഖം

ഭാരതീയ ചിന്താധാരകളിലെ വേദങ്ങൾമുതൽക്കുള്ള സമസ്ത ഗ്രന്ഥങ്ങളിലേയും തത്വചിന്തകൾ, ശാസ്ത്രീയമായി, അയ്യായിരത്തിലധികം വർഷങ്ങൾക്ക്മുമ്പ് വിവരിച്ചിട്ടുള്ള ഒരേഒരു ഗ്രന്ഥമുണ്ടെങ്കിൽ അത് ഭഗവദ്ഗീതയാണ്. കർമ്മനിരതനാകേണ്ടവേളയിൽ തകർന്നവശനായ അർജ്ജുനന് നൽകുന്ന ഉപദേശമായ ഭഗവദ്ഗീതയിൽ സ്പർശിക്കാത്ത വിഷയങ്ങളില്ല. അത്യാധുനിക ലോകത്ത് അനുയോജ്യമായ ഒരു മാനേജ്മെന്റ് ചിന്താധാരയായി ഇന്ന് ഭഗവത്ഗീത വിശകലനം ചെയ്യപ്പെടുവാൻ തുടങ്ങിയിട്ടുണ്ട്. വികസിതരാഷ്ട്രങ്ങൾ ഈ ചിന്താധാരകൾ അവരുടെ വിദ്യാഭ്യാസ തലത്തിൽ ഉപയോഗത്തിൽ വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രപഞ്ചത്തെക്കുറിച്ച് ഗീതയിൽ വിവരിക്കുന്ന സ്വബോധചൈതന്യം, ആധുനിക ജ്യോതിശ്ശാസ്ത്രം അംഗീകരിക്കുന്നു. പ്രപഞ്ച പ്രതിഭാസത്തെക്കുറിച്ച് ആശ്ചര്യവദ്പശ്യതി.... എന്നു തുടങ്ങുന്ന ഗീതാവരിയിൽത്തന്നെയാണ് ഇന്നും ശാസ്ത്ര ജ്ഞാനമണ്ഡലം എത്തിനിൽക്കുന്നത്. ശരീരശാസ്ത്രവിശകലനത്തിലും, ജീവശാസ്ത്ര വിശകലനത്തിലും ഭൗതികശാസ്ത്രതത്വവിവരണത്തിലും, ഭഗവദ്ഗീതയിലെ വരികൾ അത്യന്തം ഗഹനങ്ങളാണ്. കർമ്മവും, ജ്ഞാനവും, ധർമ്മവും, പ്രകൃതിയും, സാമൂഹ്യശാസ്ത്രവും, മനഃശാസ്ത്രവും, മനുഷ്യ-കർമ്മ-ധർമ്മ ഫലബന്ധവും, പ്രകൃതിയുടെ സംതുലനവും വിവരിക്കുന്ന വരികളിൽ ചിന്തയ്ക്ക് ആധാരമാക്കാവുന്ന അനവധി ഉജ്ജ്വല ശാസ്ത്രസത്യങ്ങളുണ്ട്.

ശുദ്ധ യുക്തിവാദിക്ക് പോലും ഭൗതിക-ശാസ്ത്രീയ ചൈതന്യത്തിൽത്തന്നെ വിശകലനം ചെയ്യാവുന്ന ഭഗവദ്ഗീത, ഗീതാവർഷത്തിൽ, മൂലശ്ലോകങ്ങളും സന്ദേശങ്ങളുമായി പ്രസിദ്ധീകരിക്കുകയാണ്. ഭാരതീയ ആത്മീയ-ശാസ്ത്രീയ വീക്ഷണങ്ങൾക്കാധാരമായ ഭഗവദ്ഗീതാപഠനവും പ്രചരണവും ഒരു ദേശീയകർത്തവ്യമായിട്ടാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് സ്വീകരിക്കുന്നത്. ആധുനിക യുഗത്തിൽ മാനസിക പ്രശ്നങ്ങൾക്കൊരു ന്യൂ ഏജ് തെറാപ്പിയാണ് ഭഗവദ്ഗീത. അത് ജനങ്ങളിലെത്തിക്കുവാൻ അനുഗ്രഹിക്കുക സഹകരിക്കുക.

**ഭഗവദ്ഗീതാ സന്ദേശം ശ്ലോകങ്ങളുടെ പദാനുപദ വിവർത്തനമല്ല.**
**സംക്ഷിപ്ത ആശയം മാത്രമാണ്.**

ഒരു ഗീതാവർഷ പ്രസിദ്ധീകരണം
(യുഗാബ്ദം 5101)

**ഡോ. എം. സാംബശിവൻ**
ചെയർമാൻ

**ഡോ. എൻ. ഗോപാലകൃഷ്ണൻ**
ഹോണ: ഡയറക്ടർ

Scanned with CamScanner

# ധന്യാത്മൻ !

ധർമ്മാടിസ്ഥാനമായ കർമ്മത്തിൽ ഒരു പുരാതന സംസ്കൃതിയുടെ ജനതതി ജീവിച്ചിരുന്നതിന്റെ കർമ്മാടിസ്ഥാനം വിവരിക്കുന്ന അതിമഹത്തായ ഗ്രന്ഥമാണ് ഭഗവദ്ഗീത. ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പിന്നാധാരമായ ഈ ശാസ്ത്രീയ സന്ദേശം, അയ്യായിരത്തി ഒരുന്നൂറു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്ന അതേ മഹത്വത്തോടെയും പ്രാധാന്യത്തോടെയും ആധുനിക ജനങ്ങളും ലോകരാഷ്ട്രങ്ങളും സ്വീകരിക്കുന്നു. ഇത് സാധാരണ ജനങ്ങളിലെത്തിക്കുന്ന പരിപാവനമായ ധർമ്മം മാത്രമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് അനുഷ്ഠിക്കുന്നത്. വ്യക്താധിഷ്ഠിത മനോവികാരം മുതൽ പ്രപഞ്ചാടിസ്ഥാനം വരെയുള്ള ശാശ്വത ശാസ്ത്ര സത്യങ്ങൾ വിവരിക്കുന്നതിന്, ഒരു ലഘുവ്യാഖ്യാനം, സന്ദേശരൂപത്തിൽ നൽകി പ്രസിദ്ധീകരിക്കുകയാണ്. ഈ പുസ്തകത്തിലൂടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ് ചെയ്തിരിക്കുന്നത്. **പുതുവസ്തരവേളയിലും ആഘോഷ വേളകളിലും നൈമിഷികമായ ആശംസാ പത്രങ്ങൾക്കു പകരം ശാശ്വതചൈതന്യമുൾക്കൊള്ളുന്ന ഈ ഗീതാ സന്ദേശകാവ്യം ജനസഹസ്രങ്ങളിലെത്തട്ടെ!**

സഹകരിക്കുക, അനുഗ്രഹിക്കുക

# ശ്രീമദ് ഭഗവദ് ഗീതാ

## ധ്യാന ശ്ലോകം

ഓം പാർത്ഥായ പ്രതിബോധിതാം ഭഗവതാ നാരായണേന സ്വയം
വ്യാസേന ഗ്രഥിതാം പുരാണമുനിനാ മധ്യേ മഹാഭാരതം.
അദ്വൈതാമൃതവർഷിണീം ഭഗവതീമഷ്ടാദശാധ്യായിനീ
അംബ, ത്വാമനുസന്ദധാമി ഭഗവദ്ഗീതേ, ഭവദ്വേഷിണീം.

നമോഽസ്തുതേ വ്യാസ, വിശാലബുദ്ധേ, ഫുല്ലാരവിന്ദായതപത്രനേത്ര,
യേന ത്വയാ ഭാരത തൈലപൂർണ്ണഃ പ്രജ്ജ്വാലിതോജ്ഞാനമയഃ പ്രദീപഃ

പ്രപന്നപാരിജാതായ തോത്രവേത്രൈകപാണയേ
ജ്ഞാനമുദ്രായ കൃഷ്ണായ ഗീതാമൃതദുഹേ നമഃ

സർവ്വോപനിഷദോ ഗാവോ ദോഗ്ധാ ഗോപാലനന്ദനഃ
പാർത്ഥോ വത്സഃ സുധീർഭോക്താ ദുഗ്ധം ഗീതാമൃതം മഹത്.

വസുദേവസുതം ദേവം കംസചാണൂര മർദ്ദനം
ദേവകീപരമാനന്ദം കൃഷ്ണം വന്ദേ ജഗദ്ഗുരും.

ഭീഷ്മദ്രോണതടാ ജയദ്രഥജലാ ഗാന്ധാര നീലോപലാ
ശല്യഗ്രാഹവതീ കൃപേണ വഹനീ കർണ്ണേന വേലാകുലാ
അശ്വത്ഥാമവികർണ്ണ ഘോരമകരാ ദുര്യോധനാവർത്തിനീ
സോത്തീർണ്ണാ ഖലു പാണ്ഡവൈ രണനദീ കൈവർത്തകഃ കേശവഃ

പാരാശര്യവചഃ സരോജമമലം ഗീതാർത്ഥഗന്ധോത്കടം
നാനാഖ്യാനകകേസരം ഹരികഥാ സംബോധനാബോധിതം
ലോകേ സജ്ജനഷട്പദൈരഹരഹഃ പേപീയമാനം മുദാ
ഭൂയാദ് ഭാരതപങ്കജം കലിമല പ്രധ്വംസി നഃ ശ്രേയസേ.

മൂകം കരോതി വാചാലം പംഗും ലംഘയതേ ഗിരിം
യത് കൃപാ തമഹം വന്ദേ പരമാനന്ദമാധവം.

യം ബ്രഹ്മാ വരുണേന്ദ്ര രുദ്രമരുതഃ സ്തുന്വന്തി ദിവ്യൈഃ സ്തവൈ
വ്വേദൈഃ സാംഗപദക്രമോപനിഷദൈർ ഗായന്തി യം സാമഗാഃ
ധ്യാനാവസ്ഥിത തദ്ഗതേന മനസാ പശ്യന്തി യം യോഗിനോ
യസ്യാന്തം ന വിദുഃ സുരാസുരഗണാ ദേവായ തസ്മൈ നമഃ



Scanned with CamScanner

## അദ്ധ്യായം 1 – ഗീതാശ്ലോകം – അർജ്ജുനവിഷാദയോഗം

1. (ധൃതരാഷ്ട്രർ) ധർമ്മക്ഷേത്രേ കുരുക്ഷേത്രേ സമവേതാ യുയുത്സവഃ
മാമകാഃ പാണ്ഡവാശ്ചൈവ കിമകുർവ്വത സഞ്ജയ?
2. (സഞ്ജയൻ)ദൃഷ്ട്വാ തു പാണ്ഡവാനീകം വ്യൂഢം ദുര്യോധനസ്തദാ
ആചാര്യമുപസംഗമ്യ രാജാ വചനമബ്രവീത്.
3. പശ്യൈതാം പാണ്ഡുപുത്രാണാം ആചാര്യ മഹതീം ചമൂം
വ്യൂഢാം ദ്രുപദപുത്രേണ തവ ശിഷ്യേണ ധീമതാ.
4. അത്ര ശൂരാ മഹേഷ്വാസാ ഭീമാർജ്ജുനസമാ യുധി
യുയുധാനോ വിരാടശ്ച ദ്രുപദശ്ച മഹാരഥാഃ
5. ധൃഷ്ടകേതുശ്ചേകിതാനഃ കാശിരാജശ്ച വീര്യവാൻ
പുരുജിത് കുന്തിഭോജശ്ച ശൈബ്യശ്ച നരപുംഗവഃ
6. യുധാമന്യുശ്ച വിക്രാന്ത ഉത്തമൗജാശ്ച വീര്യവാൻ
സൗഭദ്രോ ദ്രൗപദേയാശ്ച സർവ്വ ഏവ മഹാരഥാഃ
7. അസ്മാകം തു വിശിഷ്ടാ യേ താൻ നിബോധ ദ്വിജോത്തമാ
നായകാ മമ സൈന്യസ്യ സംജ്ഞാർത്ഥം താൻ ബ്രവീമി തേ.
8. ഭവാൻ ഭീഷ്മശ്ച കർണ്ണശ്ച കൃപശ്ച സമിതിഞ്ജയഃ
അശ്വത്ഥാമാ വികർണ്ണശ്ച സൗമദത്തിസ്തഥൈവ ച.
9. അന്യേ ച ബഹവഃ ശൂരാ മദർത്ഥേ ത്യക്തജീവിതാഃ
നാനാശസ്ത്ര പ്രഹരണാഃ സർവ്വേ യുദ്ധ വിശാരദാഃ
10. അപര്യാപ്തം തദസ്മാകം ബലം ഭീഷ്മാഭിരക്ഷിതം
പര്യാപ്തം ത്വിദമേതേഷാം ബലം ഭിമാഭിരക്ഷിതം
11. അയനേഷു ച സർവ്വേഷു യഥാഭാഗമവസ്ഥിതാഃ
ഭീഷ്മമേവാഭിരക്ഷന്തു ഭവന്തഃ സർവ്വ ഏവ ഹി.
12. തസ്യ സംജനയൻ ഹർഷം കുരവൃദ്ധഃ പിതാമഹഃ
സിംഹനാദം വിനദ്യോച്ചൈഃ ശംഖം ദധ്മൗ പ്രതാപവാൻ
13. തതഃ ശംഖാശ്ച ഭേര്യശ്ച പണവാനക ഗോമുഖാഃ
സഹസൈവാഭ്യഹന്യന്ത സ ശബ്ദ സ്തുമുലോഽഭവത്.
14. തതഃ ശ്വേതൈർഹയൈർ യുക്തേ മഹതി-സ്യന്ദനേ സ്ഥിതൗ
മാധവഃ പാണ്ഡവശ്ചൈവ ദിവ്യൗ ശംഖൗപ്രദധ്മതുഃ
15. പാഞ്ചജന്യം ഹൃഷീകേശോ ദേവദത്തം ധനഞ്ജയഃ
പൗണ്ഡ്രം ദധ്മൗ മഹാശംഖം ഭീമകർമ്മാ വൃകോദരഃ
16. അനന്തവിജയം രാജാ കുന്തീപുത്രോ യുധിഷ്ഠിരഃ
നകുലഃ സഹദേവശ്ച സുഘോഷമണിപുഷ്പകൌ.
17. കാശ്യശ്ച പരമേഷ്വാസഃ ശിഖണ്ഡീ ച മഹാരഥഃ
ധൃഷ്ടദ്യുമ്നോ വിരാടശ്ച സാത്യകിശ്ചാപരാജിതഃ
18. ദ്രുപദോ ദ്രൗപദേയാശ്ച സർവ്വശഃ പൃഥിവീപതേ,
സൗഭദ്രശ്ച മഹാബാഹുഃ ശംഖാൻ ദധ്മുഃ പൃഥക് പൃഥക്.
19. സ ഘോഷോ ധാർത്തരാഷ്ട്രാണാം ഹൃദയാനി വ്യദാരയത്
നഭശ്ച പൃഥിവീം ചൈവ തുമുലോ വ്യനുനാദയൻ



Scanned with CamScanner

**അദ്ധ്യായം 1 – ഗീതാസന്ദേശം**

1. (ധൃതരാഷ്ട്രവചനം) ഹേ സഞ്ജയ കർമ്മ മണ്ഡലത്തിലെ സമരത്തിൽ പങ്കെടുക്കുന്ന എന്റെ പക്ഷക്കാരും ശത്രുപക്ഷക്കാരും ആരെല്ലാമെന്നു പറയുക

2. (സഞ്ജയവചനം) : ദ്രോണാചാര്യരുടെ സമീപത്തുവരുന്ന ദുര്യോധനൻ ഇപ്രകാരം അരുളിച്ചെയ്യുന്നതായി ഞാൻ കേൾക്കുന്നു (രാജാവേ)

3. പാണ്ഡവരുടെ ഉജ്ജ്വലസൈന്യത്തേയും അങ്ങയുടെ ശിഷ്യന്മാരേയും ദ്രുപദപുത്രനേയും ഞാൻ കാണുന്നു.

4-6. വിരശൂര പരാക്രമികളായ ഭീമാർജ്ജുനന്മാരും മഹാരഥന്മാരായ വിരാടനും, ദ്രുപദനും നിൽക്കുന്നു. ദൃഷ്ടകേതുവും, കാശീരാജനും, പുരുജിത്തും, കുന്തിഭോജനും കർമ്മക്ഷേത്രത്തിലെ സംഘർഷത്തിന്റെ ഭാഗഭാക്കുകളായി സ്വപക്ഷത്തും ശത്രുപക്ഷത്തും നിൽകുന്നുണ്ട്.

7-9. എന്റെ സൈന്യത്തിലെ പ്രധാനികളെക്കുറിച്ച് ഹേ ദ്രോണാചാര്യാ ഞാൻ വിവരിക്കാം. ഇവരുടെ പിൻബലത്താലാണ് ഞാൻ യുദ്ധം വിജയിക്കുമെന്നാഗ്രഹിക്കുന്നത്. ഭീഷ്മർ, കർണ്ണൻ, കൃപർ, അശ്വത്ഥാമാവ്, വികർണ്ണൻ, ഭൂരിശ്രവസ്സ് കൂടാതെ മറ്റനവധി പരാക്രമികളും എനിക്കുവേണ്ടി യുദ്ധക്ഷേത്രത്തിലുണ്ട്.

10-11. ശക്തനായ ഭീമനാൽ സംരക്ഷിക്കപ്പെട്ട പാണ്ഡവരെ പരാജയപ്പെടുത്തുവാൻ ശക്തനായ ഭീഷ്മന് നിശ്ചയമായും സാധിക്കും. (ഹേ ദ്രോണാചാര്യാ) അങ്ങയുടെ പരിപൂർണ്ണമായ പിൻബലം ഭീഷ്മർക്കുണ്ടാകേണ്ടതാണ്.

12-13. പരാക്രമശാലിയായ ഭീഷ്മപിതാമഹനിതാ ശംഖധ്വനി മുഴക്കുന്നു. ശംഖവും മറ്റുയുദ്ധവാദ്യങ്ങളും കുരുക്ഷേത്രത്തിൽ മുഴങ്ങുന്നുണ്ട്.

14-16. ശ്വേതകുതിരകൾ നയിക്കുന്ന രഥത്തിൽ ശ്രീകൃഷ്ണനും അർജ്ജുനനും പാഞ്ചജന്യവും, ദേവദത്തവും മുഴക്കുന്നു. ഭീമനാകട്ടെ പൗണ്ഡ്രവും യുധിഷ്ഠിരൻ അനന്തവിജയവും, നകുലസഹദേവന്മാർ സുഘോഷവും മണിപുഷ്പകവും മുഴക്കുന്നു.

17-19. കാശീരാജാവും, ശിഖണ്ഡിയും ധൃഷ്ടദ്യുമ്നനും, വിരാടനും, സാത്യകിയും; ദ്രുപദനും, അഭിമന്യുവും, അവരവരുടെ ശംഖം മുഴക്കുന്നു. ഈ ശബ്ദഘോഷം ഭൂമിയിലും ആകാശത്തിലും പ്രതിധ്വനിക്കുന്നു.



Scanned with CamScanner

20. അഥ വ്യവസ്ഥിതാൻ ദൃഷ്ട്വാ ധാർത്തരാഷ്ട്രാൻ കപിധ്വജഃ
പ്രവൃത്തേ ശസ്ത്രസംപാതേ ധനുരുദ്യമ്യ പാണ്ഡവഃ
21. ഹൃഷീകേശം തദാവാക്യമിദമാഹ മഹീപതേ
(അർജ്ജുനൻ) സേനയോരുഭയോർമദ്ധ്യേ രഥം സ്ഥാപയ മേ/ച്യുത
22. യാവദേതാന്നിരീക്ഷേ/ഹം യോദ്ധുകാമാനവസ്ഥിതാൻ
കൈർമയാ സഹ യോദ്ധവ്യം അസ്മിൻ രണസമുദ്യമേ
23. യോത്സ്യമാനാനവേക്ഷേ/ഹം യ ഏതേ/ത്ര സമാഗതാഃ
ധാർത്തരാഷ്ട്രസ്യ ദുർബ്ബുദ്ധേഃ യുദ്ധേ പ്രിയചികീർഷവഃ
24. (സഞ്ജയൻ) ഏവമുക്തോ ഹൃഷീകേശോ ഗുഡാകേശേന ഭാരത,
സേനയോരുഭയോർമദ്ധ്യേ സ്ഥാപയിത്വാ രഥോത്തമം.
25. ഭീഷ്മ ദ്രോണപ്രമുഖതഃ സർവ്വേഷാം ച മഹീക്ഷിതാം
ഉവാച പാർത്ഥ പശ്യൈതാൻ സമവേതാൻ കുരൂനിതി
26. തത്രാപശ്യത് സ്ഥിതാൻ പാർത്ഥഃ പിതൄനഥഃ-പിതാമഹാൻ
ആചാര്യാൻ മാതുലാൻ ഭ്രാതൄൻ പുത്രാൻ പൌത്രാൻ സഖീംസ്തഥാ.
27. ശ്വശുരാൻ സുഹൃദശ്ചൈവ സേനയോരുഭയോരപി
താൻ സമീക്ഷ്യ സ കൌന്തേയഃ സർവ്വാൻ ബന്ധൂനവസ്ഥിതാൻ
28. കൃപയാ പരയാവിഷ്ടോ വിഷീദന്നിദമബ്രവീത്.
(അർജ്ജുനൻ) ദൃഷ്ട്വേമം സ്വജനം കൃഷ്ണ യുയുത്സും സമുപസ്ഥിതം
29. സീദന്തി മമ ഗാത്രാണി മുഖം ച പരിശുഷ്യതി
വേപഥുശ്ച ശരീരേ മേ രോമഹർഷശ്ച ജായതേ
30. ഗാണ്ഡീവം സ്രംസതേ ഹസ്താത്ത്വക് ചൈവപരിദഹ്യതേ
ന ച ശക്നോമ്യവസ്ഥാതും ഭ്രമതീവ ച മേ മനഃ
31. നിമിത്താനി ച പശ്യാമി വിപരീതാനി കേശവ
ന ച ശ്രേയോ/നുപശ്യാമി ഹത്വാ സ്വജനമാഹവേ.
32. ന കാംക്ഷേ വിജയം കൃഷ്ണ, ന ച രാജ്യം സുഖാനി ച
കിം നോ രാജ്യേന ഗോവിന്ദ, കിംഭോഗൈർ ജീവിതേന വാ
33. യേഷാമർത്ഥേ കാംക്ഷിതം നോ രാജ്യം ഭോഗാഃ സുഖാനി ച
ത ഇമേ/വസ്ഥിതാ യുദ്ധേ പ്രാണാംസ്ത്യക്ത്വാ ധനാനിച
34. ആചാര്യാഃ പിതരഃ പുത്രാ സ്തഥൈവ ച പിതാമഹാഃ
മാതുലാഃ ശ്വശുരാഃ പൌത്രാഃ സ്യാലാഃ സംബന്ധിനസ്തഥാ
35. ഏതാന്ന ഹന്തുമിച്ഛാമി ഘ്നതോ/പി മധുസൂദന,
അപി ത്രൈലോക്യ രാജ്യസ്യ ഹേതോഃ കിം നു മഹീകൃതേ.
36. നിഹത്യ ധാർത്തരാഷ്ട്രാൻ നഃ കാ പ്രീതിഃ സ്യാജ്ജനാർദ്ദന
പാപമേവാശ്രയേദസ്മാൻ ഹത്വൈതാനാതതായിനഃ
37. തസ്മാന്നാർഹാ വയം ഹന്തും ധാർത്തരാഷ്ട്രാൻ സ്വബാന്ധവാൻ
സ്വജനം ഹി കഥം ഹത്വാ സുഖിനഃ സ്യാമ മാധവ



Scanned with CamScanner

20-21. യുദ്ധസന്നാഹങ്ങൾ ഞാൻ കാണുന്നു. എല്ലാവരും ആയുധവാഹകരാണ്. അർജ്ജുന നിർദ്ദേശത്തിൽ ശ്രീകൃഷ്ണൻ രഥം രണ്ടു സൈന്യങ്ങളുടേയും മധ്യത്തിലേക്കു നയിക്കുന്നു.

22-23. (അർജ്ജുന വചനം) ഹേ കേശവാ! ഞാൻ രണ്ടു സൈന്യത്തേയും പൂർണ്ണമായി കാണുന്നു. ദുര്യോധനന്റെ വിജയം കാംക്ഷിക്കുന്നവരെ ഞാൻ ശ്രദ്ധയോടെ വീക്ഷിക്കട്ടെ.

24-27. (സഞ്ജയവചനം) ഹേ ധൃതരാഷ്ട്രരാജൻ, ശ്രീകൃഷ്ണൻ അർജ്ജുനന്റെ രഥം സൈന്യമധ്യത്തിൽ നിർത്തുന്നുണ്ട്. തന്റെ ബന്ധുക്കളേയും, മിത്രങ്ങളേയും, പരിചിതരേയും (ഇരു സൈന്യങ്ങളിലുമുള്ള) മറ്റു പ്രമുഖരേയും അർജ്ജുനൻ കാണുന്നു.

28. (അർജ്ജുനവചനം) ഇതാ ഈ യുദ്ധക്ഷേത്രത്തിൽ എന്റെ സ്വന്തക്കാരായ അനവധി ജനങ്ങളെ ഞാൻ കാണുന്നു.

29-30. (സംഘർഷപൂരിതമായ യുദ്ധക്കളത്തിൽ കാഹളം മുഴങ്ങുന്ന വേളയിൽ സർവ്വനാശത്തിനും കാരണമാകുമെന്നു നിശ്ചയമുള്ള ഈ കർമ്മ മണ്ഡലത്തിൽ പതറുന്ന യോദ്ധാവിന്റെ മാനസീകാവസ്ഥയിൽ അർജ്ജുനൻ പറയുന്നു.) എന്റെ ശരീരം തളരുന്നു, മുഖം ചുളിയുന്നു, ശരീരം വിയർക്കുന്നു, എനിയ്ക്ക് വിറക്കുന്നതായി തോന്നുന്നു, ദുഃഖഭാരത്താൽ രോമാഞ്ചത്തോടെ നിൽക്കുന്ന എന്റെ കയ്യിൽ നിന്നും ഗാണ്ഡീവം (ധനുസ്സ്) കൈവിട്ടു പോകുന്നു, ത്വക്ക് ചുട്ടുപൊള്ളുന്നു, മാനസികവിഭ്രാന്തികൊണ്ട് യുദ്ധത്തിന് ഞാൻ അശക്തനാണ്.

31-32. സ്വജനങ്ങളെ വധിക്കേണ്ടിവരുന്ന ഈ യുദ്ധാരംഭത്തിൽത്തന്നെ അനവധി അപശകുനങ്ങൾ ഞാൻ കാണുന്നു. സ്വജനങ്ങളെ വധിച്ച്, ഒരു രാജ്യവും സുഖവും, എനിയ്ക്കുവേണ്ട. ഈ ക്രൂരകർമ്മത്തിലൂടെ എനിയ്ക്ക് ലഭിക്കുന്ന ഭൗതീക സുഖത്തിലും രാജ്യത്തിലും എന്തു മഹത്വമാണുള്ളത് കേശവാ?

33-35. ഈ യുദ്ധക്കളത്തിൽ നിൽക്കുന്നവരെല്ലാം-സ്വപക്ഷത്തായാലും ശത്രുപക്ഷത്തായാലും എനിയ്ക്കു പ്രിയപ്പെട്ടവരാണ്. ആ ബന്ധുമിത്രാദികളെ വധിക്കുവാൻ ഞാനാഗ്രഹിക്കുന്നില്ല. സർവ്വസുഖഭോഗങ്ങൾ ലഭിക്കുമെന്നാണെങ്കിൽപ്പോലും ഞാൻ അവരെ വധിക്കുവാൻ അശക്തനാണ്.

36-37. സ്വജനങ്ങളെ വധിച്ചാലുണ്ടാകുന്ന മഹാപാപഭാരം താങ്ങുവാൻ എനിക്കാകില്ല. ഇവരെ വധിച്ച് എനിക്ക് സന്തോഷമനുഭവിക്കുവാൻ സാധിക്കുന്നതെങ്ങിനെയാണ്?



Scanned with CamScanner

38. യദ്യപ്യേതേ ന പശ്യന്തി ലോഭോപഹതചേതസഃ
കുലക്ഷയകൃതം-ദോഷം മിത്രദ്രോഹേ ച പാതകം
39. കഥം ന ജ്ഞേയമസ്മാഭിഃ പാപാദസ്മാന്നിവർത്തിതും
കുലക്ഷയകൃതം-ദോഷം പ്രപശ്യദ്ഭിർ ജനാർദ്ദന.
40. കുലക്ഷയേ പ്രണശ്യന്തി കുലധർമ്മാഃ സനാതനാഃ
ധർമ്മേ നഷ്ടേ കുലം കൃത്സ്നമധർമ്മോ/ഭിഭവത്യുത.
41. അധർമ്മാഭിഭവാത് കൃഷ്ണ, പ്രദുഷ്യന്തി കുലസ്ത്രിയഃ
സ്ത്രീഷുദുഷ്ടാസു വാർഷ്ണേയ, ജായതേ വർണ്ണസങ്കരഃ
42. സങ്കരോ നരകായൈവ കുലഘ്നാനാം കുലസ്യ ച
പതന്തി പിതരോ ഹ്യേഷാം ലുപ്തപിണ്ഡോദകക്രിയാഃ
43. ദോഷൈരേതൈഃ കുലഘ്നാനം വർണ്ണസങ്കരകാരകൈഃ
ഉത്സാദ്യന്തേ ജാതിധർമ്മാഃ കുലധർമ്മാശ്ച ശാശ്വതാഃ
44. ഉത്സന്നകുലധർമ്മാണാം മനുഷ്യാണാം ജനാർദ്ദന!
നരകേ നിയതം വാസോ ഭവതീത്യനുശുശ്രുമ.
45. അഹോ ബത മഹത്പാപം കർത്തും വ്യവസിതാ വയം
യദ്രാജ്യസുഖലോഭേന ഹന്തും സ്വജനമുദ്യതാഃ
46. യദി മാമപ്രതീകാരമശസ്ത്രം ശസ്ത്രപാണയഃ
ധാർത്തരഷ്ട്രാ രണേ ഹന്യുഃ തന്മേ ക്ഷേമതരംഭവേത്.
47. (സഞ്ജയൻ) ഏവമുക്ത്വാർജ്ജുനഃ-സംഖ്യേ രഥോപസ്ഥ ഉപാവിശത്
വിസൃജ്യ സശരം ചാപം ശോകസംവിഗ്നമാനസഃ

**അദ്ധ്യായം 2 – ഗീതാശ്ലോകം – സാംഖ്യയോഗം**

1. (സഞ്ജയൻ) തം തഥാ കൃപയാവിഷ്ടം അശ്രുപൂർണാകുലേക്ഷണം
വിഷീദന്തമിദംവാക്യമുവാച മധുസൂദനഃ
2. (ശ്രീഭഗവാൻ) കുതസ്ത്വാ കശ്മലമിദം വിഷമേ സമുപസ്ഥിതം
അനാര്യജുഷ്ടമസ്വർഗ്ഗ്യമകീർത്തികരമർജ്ജുന
3. ക്ലൈബ്യം മാ സ്മ ഗമഃ പാർത്ഥ, നൈതത്ത്വയ്യുപപദ്യതേ
ക്ഷുദ്രം ഹൃദയദൗർബല്യം ത്യക്ത്വോത്തിഷ്ഠ പരന്തപ.
4. (അർജ്ജുനൻ) കഥം ഭീഷ്മമഹം-സംഖ്യേ ദ്രോണം ച മധുസൂദന,
ഇഷുഭിഃ പ്രതിയോത്സ്യാമി പൂജാർഹാവരിസൂദന?
5. ഗുരുനഹത്വാ ഹി മഹാനുഭാവാൻ,
ശ്രേയോഭോക്തും ഭൈക്ഷ്യമപീഹ ലോകേ
ഹത്വാർത്ഥകാമാംസ്തു ഗുരുനിഹൈവ
ഭുഞ്ജീയ ഭോഗാൻ രുധിരപ്രദിഗ്ധാൻ.



Scanned with CamScanner

38-39 ശത്രുപക്ഷത്തുള്ള ദുര്യോധനാദികൾ, ഈ ദുഷ്കർമ്മത്തിൽ ദുഃഖിക്കുന്നവരല്ലെങ്കിൽപ്പോലും; സ്വജനങ്ങളുടെ സർവ്വനാശത്തിലൂടെ ഉണ്ടാകുന്ന പാപഭാരം ചുമക്കുവാൻ എനിക്കസാധ്യമാണ്.

40-43. ഒരു കുലത്തിന്റെ സമ്പൂർണ്ണനാശത്തോടെ അതിന്റെ കുലധർമ്മം ക്ഷയിക്കുന്നു: ആ കുലത്തിലെ സ്ത്രീകളുടെ കുലീനത്വം നഷ്ടപ്പെടുന്നു. അതിലൂടെ സ്വധർമ്മം വ്യക്തമായി നിർവ്വചിക്കാത്ത സങ്കരവർണ ജനതതി ഉണ്ടാകുന്നു. കുലധർമ്മം നഷ്ടപ്പെട്ട സമൂഹം അവ്യക്തപന്ഥാവിലൂടെ ചരിക്കുന്നു. ധർമ്മാചാരങ്ങൾ സങ്കരവർണ്ണങ്ങൾക്ക് അവ്യക്തമായതിനാൽ സാമൂഹ്യനിയമങ്ങളും ആചാരങ്ങളും ലംഘിക്കപ്പെടുകതന്നെചെയ്യും.

44-45. കുലധർമ്മം ക്ഷയിച്ച സമൂഹത്തിന്ന് അപച്യുതി ഉണ്ടാകുന്നതിലൂടെ, കുലം ക്ഷയിപ്പിച്ചതിന്റെ പാപഭാരം എന്നിലും വന്നുചേരും. ഭൗതീകസുഖസമൃദ്ധിക്കും രാജ്യം നേടാനുമുള്ള ഈ യുദ്ധത്തിന്റെ ഭയാനകമായ പാപഭാരം ഞാൻ വഹിക്കേണ്ടിവരും.

46-47. അതിനാൽ കുരുക്ഷേത്രയുദ്ധത്തിൽ സ്വയം പരാജയം ഏറ്റുവാങ്ങി വധിക്കപ്പെടുവാൻ ഞാൻ സന്നദ്ധനാണ്. എനിക്ക് ആരേയും വധിക്കാൻ സാധ്യമല്ല എന്നുപറഞ്ഞ് അർജ്ജുനൻ ദുഃഖഭാരത്തോടെ ഉപവിഷ്ടനാകുന്നു.

സ്വജനങ്ങളുടെ വിജയം അത്യാകാംക്ഷയോടെ പ്രതീക്ഷിച്ചിരിക്കുന്ന ധൃതരാഷ്ട്രർ! സ്വശക്തിയാലും അധികാരത്താലും ഭീഷ്മദ്രോണാദികളെപ്പോലും സ്വപക്ഷത്തു നിർത്തുവാൻ സാധിച്ച ദുര്യോധനൻ! അധാർമ്മീക പന്ഥാവിലൂടെയുള്ള പ്രയാണത്തിലും ദുര്യോധനനിൽ നിറഞ്ഞു നിൽക്കുന്ന ആത്മവിശ്വാസം! ധാർമ്മീക പന്ഥാവിലൂടെ ചരിക്കുമ്പോഴും പതറുന്ന ശക്തനായ അർജ്ജുനൻ! ഈശ്വരാവതാരം തന്നെ നയിക്കുവാൻ തേരാളിയായി ഉണ്ടെന്നറിഞ്ഞിട്ടുപോലും തളരുന്ന അർജ്ജുനന്റെ ശരീരവും മനസ്സും! സ്വയം പരാജയപ്പെടുവാൻ തയ്യാറാവുന്ന ധാർമ്മീകബോധവും സ്വയം വിജയിക്കുവാൻ തയ്യാറെടുക്കുന്ന അധാർമ്മികബോധവും തമ്മിലുള്ള കർമ്മമണ്ഡലത്തിലെ സംഘട്ടനങ്ങൾ!

## അദ്ധ്യായം 2 – ഗീതാസന്ദേശം

1. (സഞ്ജയവചനം) ഹേ ധൃതരാഷ്ട്രരാജൻ, തളർന്നിരിക്കുന്ന അർജ്ജുനനോട് ശ്രീകൃഷ്ണൻ ഇപ്രകാരം പറയുന്നു.

2-3. (ശ്രീകൃഷ്ണവചനം) ഹേ അർജ്ജുനാ പ്രശ്നങ്ങൾ അഭിമുഖീകരിക്കുവാൻ തയ്യാറാകുന്ന ഘട്ടത്തിൽ ശ്രേഷ്ഠന്മാർക്ക് യോജിക്കാത്ത ഭീരുത്വം നിനക്കെങ്ങിനെയുണ്ടായി? നിന്റെ ക്ഷുദ്രമായ ഹൃദയവികാരത്തെ വലിച്ചെറിഞ്ഞ് എഴുന്നേൽക്കൂ!

4-5. (അർജ്ജുനവചനം) ആരാധ്യരായ ഭീഷ്മാചാര്യനേയും, ദ്രോണാചാര്യനേയും എപ്രകാരമാണ് വധിക്കുന്നത്? ഗുരുവിനെ വധിച്ച് രക്തപങ്കിലമായ ഭോഗങ്ങൾ, എത്രശ്രേയസ്കരമെങ്കിലും എനിക്ക് അത് സ്വീകാര്യമല്ലതന്നെ!



Scanned with CamScanner

6. ന ചൈതദ്വിദ്മഃ കതരന്നോ ഗരീയോ യദ്വാ ജയേമ യദിവാ നോ ജയേയുഃ
യാനേവ ഹത്വാ ന ജിജീവിഷാമ-സ്തേഽവസ്ഥിതാഃ പ്രമുഖേധാർത്തരാഷ്ട്രാഃ
7. കാർപണ്യദോഷോപഹതസ്വഭാവഃ
പൃച്ഛാമി ത്വാം ധർമ്മസംമൂഢചേതാഃ
യച്ഛ്രേയഃ സ്യാന്നിശ്ചിതം ബ്രൂഹിതൻമേ,
ശിഷ്യസ്തേഽഹം ശാധി മാം ത്വാം പ്രപന്നം.
8. ന ഹി പ്രപശ്യാമി മമാപനുദ്യാദ് യച്ഛോകമുച്ഛോഷണമിന്ദ്രിയാണാം.
അവാപ്യ ഭൂമാവസപത്നമൃദ്ധം രാജ്യം സുരാണാമപി ചാധിപത്യം.
9. (സഞ്ജയൻ) ഏവമുക്ത്വാ ഹൃഷീകേശം ഗുഡാകേശഃ പരന്തപഃ
ന യോത്സ്യ ഇതി ഗോവിന്ദ മുക്ത്വാ തൂഷ്ണീം ബഭൂവ ഹ.
10. തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത
സേനയോരുഭയോർമദ്ധ്യേ വിഷീദന്തമിദം വചഃ
11. (ശ്രീഭഗവാൻ) അശോച്യാനന്വശോചസ്ത്വം പ്രജ്ഞാവാദാംശ്ചഭാഷസേ
ഗതാസൂന ഗതാസൂംശ്ച നാനുശോചന്തി പണ്ഡിതാഃ
12. നത്വേവാഹം ജാതു നാസം ന ത്വം നേമേ ജനാധിപാഃ
ന ചൈവ ന ഭവിഷ്യാമഃ സർവ്വേ വയമതഃ പരം
13. ദേഹിനോഽസ്മിൻ യഥാ ദേഹേ കൗമാരം യൗവനം ജരാ
തഥാ ദേഹാന്തരപ്രാപ്തിർ ധീരസ്തത്ര ന മുഹ്യതി.
14. മാത്രാസ്പർശാസ്തു കൌന്തേയ, ശീതോഷ്ണ സുഖദുഃഖദാഃ
ആഗമാപായിനോഽനിത്യാ സ്താംസ്തിതിക്ഷസ്വ ഭാരത
15. യം ഹി ന വ്യഥയന്ത്യേതേ പുരുഷം പുരുഷർഷഭ,
സമദുഃഖസുഖം ധീരം സോഽമൃതത്വായ കല്പതേ.
16. നാസതോ വിദ്യതേ ഭാവോ നാഭാവോ വിദ്യതേ സതഃ
ഉഭയോരപി ദൃഷ്ടോഽന്തഃസ്ത്വനയോസ്തത്ത്വദർശിഭിഃ
17. അവിനാശി തു തദ്വിദ്ധി യേന സർവ്വമിദം തതം
വിനാശമവ്യയസ്യാസ്യ ന കശ്ചിത്കർത്തുമർഹതി.
18. അന്തവന്ത ഇമേ ദേഹാ നിത്യസ്യോക്താഃ ശരീരിണഃ
അനാശിനോഽപ്രമേയസ്യ തസ്മാദ്യുധ്യസ്വ ഭാരത.
19. യ ഏനം വേത്തി-ഹന്താരം യശ്ചൈനം മന്യതേ ഹതം
ഉഭൗ തൗ ന വിജാനീതോ നായം ഹന്തി ന ഹന്യതേ.
20. ന ജായതേ മ്രിയതേ വാ കദാചിന്നായം ഭൂത്വാ ഭവിതാ വാ ന ഭൂയഃ
അജോ നിത്യഃ ശാശ്വതോഽയം പുരാണഃ ന ഹന്യതേ ഹന്യമാനേ ശരീരേ.
21. വേദാവിനാശിനം നിത്യം യ ഏനമജമവ്യയം
കഥം സ പുരുഷഃ പാർത്ഥ, കം ഘാതയതി ഹന്തി കം
22. വാസാംസി ജീർണ്ണാനി യഥാ വിഹായ, നവാനി ഗൃഹ്ണാതി നരോഽപരാണി
തഥാ ശരീരാണി വിഹായ ജീർണ്ണാന്യന്യാനി സംയാതി നവാനി ദേഹീ
23. നൈനം ഛിന്ദന്തി ശസ്ത്രാണി നൈനം ദഹതി പാവകഃ
ന ചൈനം ക്ലേദയന്ത്യാപോ ന ശോഷയതി മാരുതഃ
24. അച്ഛേദ്യോഽയമദാഹ്യോഽയമക്ലേദ്യോഽശോഷ്യ ഏവ ച
നിത്യഃ സർവ്വഗത സ്ഥാണുഃ അചലോഽയം സനാതനഃ



Scanned with CamScanner

6. ജയപരാജയത്തെക്കുറിച്ചും ഹിംസയെക്കുറിച്ചും എനിക്കിപ്പോൾ വ്യക്തമായ ധാരണയില്ല. ഈ അവസ്ഥയിൽ അവരെ വധിക്കുവാൻ ഞാൻ അശക്തനാണ്. ശത്രുസേനയിലുള്ള സ്വജനങ്ങളെ വധിച്ച് എനിക്കു ജീവിക്കുവാൻ സാധ്യമല്ല.

7. ഗുരുജനങ്ങളോടും ബന്ധുക്കളോടുമുള്ള എന്റെ ആരാധനയും, ക്ഷത്രിയധർമ്മത്തോടുള്ള ഭക്തിയും മൂലം ഞാനനുശാസിക്കേണ്ടതായ കർത്തവ്യമെന്തെന്നറിയിച്ചാലും കേശവാ

8. സമൃദ്ധമായ രാഷ്ട്രവും, പൂർണ്ണമായ സുഖഭോഗങ്ങളും, എന്റെ ഹൃദയത്തിൽ നിറയുന്ന ദുഃഖത്തിന് ഒരു പരിഹാരമാണെന്നെനിക്കു തോന്നുന്നില്ല.

9-10. (സഞ്ജയവചനം) ഹേ ധൃതരാഷ്ട്രരാജൻ, യുദ്ധം ചെയ്യുകയില്ലെന്ന്, ദുഃഖിതനായ അർജ്ജുനൻ ഇതാ കൃഷ്ണനോട് പറയുന്നു. സാന്ത്വന ഭാവത്തോടെ ശ്രീകൃഷ്ണൻ അർജ്ജുനനെ വീണ്ടും ഉപദേശിക്കുന്നു.

11. (ശ്രീകൃഷ്ണവചനം) ജ്ഞാനികൾ യാതൊന്നിനെക്കുറിച്ച് ദുഃഖിക്കാറില്ലയോ അതിനെക്കുറിച്ച് നീ ദുഃഖിക്കുന്നു. പണ്ഡിതരെപ്പോലെ എന്നാൽ നീയും സംസാരിക്കുന്നു.

12-13. ഹേ അർജ്ജുനാ! നാം ഇവിടെ ഇല്ലാത്ത അവസ്ഥ ഉണ്ടായിരുന്നില്ല. ഭാവിയിലും അപ്രകാരമൊരവസ്ഥ ഉണ്ടാകില്ലതന്നെ. കൗമാരവും, യൗവനവും, വാർദ്ധക്യവും ശരീരത്തെ ബാധിക്കുന്നതുപോലെ ജീവചൈതന്യം ശരീരം ഉപേക്ഷിച്ചുപോകുന്ന പ്രക്രിയയിലും ജ്ഞാനികൾ ദുഃഖിക്കേണ്ടതില്ല.

14-15. ശീതവും, ഉഷ്ണവും, സുഖവും, ദുഃഖവും പഞ്ചജ്ഞാനേന്ദ്രിയങ്ങളുടെ ബാഹ്യദ്രവ്യങ്ങളുമായുള്ള ബന്ധത്താലുണ്ടാകുന്നതാണ്. ബാഹ്യശക്തിയുടെ സ്വാധീനത്തിൽനിന്നുള്ള മോചനമാണ് ജ്ഞാനിക്ക് അമരത്വം പ്രദാനം ചെയ്യുന്നത്.

16-17. ഇല്ലാത്ത ദ്രവ്യവും ചൈതന്യവും ഉണ്ടാകുന്നില്ല. അതുപോലെ ഉള്ളത് ഇല്ലാതാക്കുവാനും സാധ്യമല്ല. ഈ സത്യത്തെ അറിയുന്നവനത്രെ ശാസ്ത്രജ്ഞൻ. (Energy/matter can neither be created nor be destroyed). പ്രപഞ്ചത്തിൽ നിറഞ്ഞു നിൽക്കുന്ന ചൈതന്യം മാത്രമാണ് ശാശ്വതമായുള്ളത്.

18-19. ഈ ദേഹത്തിലുള്ള ജീവാത്മാവ് മാത്രമാണ് ശാശ്വതമായ ചൈതന്യം. ശരീരം നശ്വരമാണ്. അതിനാൽ നിന്റെ ഈ ജന്മകർത്തവ്യം നിർവ്വഹിക്കൂ. ആത്മചൈതന്യത്തിന് നാശമില്ലാത്തതിനാൽ ആരും വധിക്കപ്പെടുന്നുമില്ല, ആരേയും വധിക്കുന്നുമില്ല.

20-21. ആത്മചൈതന്യം(ഊർജ്ജം) ജനിക്കുന്നുമില്ല നശിക്കുന്നുമില്ല. അത് അനന്തമാണ്. ശരീരം നശിച്ചാലും ജീവാത്മാവ് പ്രപഞ്ചത്തിൽ അലിഞ്ഞു ചേർന്ന് നിലനിൽക്കുന്നു. അനശ്വരമായ ജീവത്മാവിനെ അറിയുന്നവൻ മരണത്തെക്കുറിച്ച് വ്യാകുലപ്പെടുകയില്ലതന്നെ.

22. മനുഷ്യൻ പഴയതുമാറ്റി പുതുവസ്ത്രങ്ങൾ ധരിക്കുന്നതുപോലെ ജീവാത്മാവ് പഴയദേഹം മാറ്റി പുതിയദേഹത്തെ സ്വീകരിച്ചുകൊണ്ടേയിരിക്കും. (If one form of energy/matter changes it will appear in another form)



Scanned with CamScanner

25. അവ്യക്തോऽയമചിന്ത്യോऽയമവികാര്യോऽയമുച്യതേ
തസ്മാദേവം വിദിത്വൈനം നാനുശോചിതുമർഹസി
26. അഥ ചൈനം നിത്യജാതം നിത്യം വാ മന്യസേ മൃതം
തഥാപി ത്വം മഹാബാഹോ നൈവം ശോചിതുമർഹസി.
27. ജാതസ്യ ഹി ധ്രുവോ മൃത്യുർധ്രുവം ജന്മ മൃതസ്യ ച
തസ്മാദപരിഹാര്യേऽർത്ഥേ, ന ത്വം ശോചിതുമർഹസി,
28. അവ്യക്താദീനി ഭൂതാനി വ്യക്തമദ്ധ്യാനി ഭാരത
അവ്യക്തനിധനാന്യേവ തത്ര കാ പരിദേവനാ.
29. ആശ്ചര്യവത് പശ്യതി കശ്ചിദേനമാശ്ചര്യവദ് വദതി തഥൈവ ചാന്യഃ
ആശ്ചര്യവച്ചൈനമന്യഃ ശൃണോതി ശ്രുത്വാപ്യേനം വേദ ന ചൈവ കശ്ചിത്
30. ദേഹീ നിത്യമവധ്യോऽയം ദേഹേ സർവ്വസ്യ ഭാരത
തസ്മാത് സർവ്വാണി ഭൂതാനി ന ത്വം ശോചിതുമർഹസി
31. സ്വധർമ്മമപി ചാവേക്ഷ്യ ന വികംപിതുമർഹസി
ധർമ്മ്യാദ്ധി യുദ്ധാച്ഛ്രേയോऽന്യത് ക്ഷത്രിയസ്യ ന വിദ്യതേ.
32. യദൃച്ഛയാ ചോപപന്നം സ്വർഗ്ഗദ്വാരമപാവൃതം
സുഖിനഃ ക്ഷത്രിയാഃ പാർത്ഥ ലഭന്തേ യുദ്ധമീദൃശം.
33. അഥ ചേത് ത്വമിമം ധർമ്മ്യം സംഗ്രാമം ന കരിഷ്യസി
തതഃ സ്വധർമ്മം കീർത്തിം ച ഹിത്വാ പാപമവാപ്സ്യസി
34. അകീർത്തിം ചാപി ഭൂതാനി കഥയിഷ്യന്തി തേऽവ്യയാം
സംഭാവിതസ്യ ചാകീർത്തിർമരണാദതിരിച്യതേ.
35. ഭയാദ് രണാദുപരതം മംസ്യന്തേ ത്വാം മഹാരഥാഃ
യേഷാം ച ത്വം ബഹുമതോ ഭൂത്വാ യാസ്യസി ലാഘവം
36. അവാച്യവാദാംശ്ച ബഹൂൻ വദിഷ്യന്തി തവാഹിതാഃ
നിന്ദന്തസ്തവ സാമർത്ഥ്യം തതോ ദുഃഖതരം നു കിം?
37. ഹതോ വാ പ്രാപ്സ്യസി സ്വർഗ്ഗം ജിത്വാ വാ ഭോക്ഷ്യസേ മഹീം
തസ്മാദുത്തിഷ്ഠ കൗന്തേയ! യുദ്ധായ കൃതനിശ്ചയഃ
38. സുഖദുഃഖ സമേ കൃത്വാ ലാഭാലാഭൗ ജയാജയൗ
തതോ യുദ്ധായ യുജ്യസ്വ നൈവം പാപമവാപ്സ്യസി.
39. ഏഷാ തേऽഭിഹിതാ സാംഖ്യേ ബുദ്ധിർയ്യോഗേ ത്വിമാം ശൃണു
ബുദ്ധ്യാ യുക്തോ യയാ പാർത്ഥ, കർമ്മബന്ധം പ്രഹാസ്യസി.
40. നേഹാഭി ക്രമനാശോऽസ്തി പ്രത്യവായോ ന വിദ്യതേ
സ്വൽപമപ്യസ്യ ധർമ്മസ്യ ത്രായതേ മഹതോ ഭയാത്.
41. വ്യവസായാത്മികാ ബുദ്ധിരേകേഹ കുരുനന്ദന
ബഹുശാഖാഹ്യനന്താശ്ചബുദ്ധയോऽവ്യവസായിനാം.
42. യാമിമാം പുഷ്പിതാം വാചം പ്രവദന്ത്യവിപശ്ചിതഃ
വേദവാദരതാഃ പാർഥാ നാന്യദസ്തീതി വാദിനഃ
43. കാമാത്മാനഃ സ്വർഗ്ഗപരാ ജന്മകർമ്മഫലപ്രദാം
ക്രിയാവിശേഷബഹുലാം ഭോഗൈശ്വര്യഗതിം പ്രതി.
44. ഭോഗൈശ്വര്യ പ്രസക്താനാം തയാപഹൃതചേതസാം
വ്യവസായാത്മികാ ബുദ്ധിഃ സമാധൌ ന വിധീയതേ.



Scanned with CamScanner

23-24. ഈ ജീവോർജ്ജം ശസ്ത്രത്താലോ, അഗ്നിയാലോ, വായുപ്രവാഹത്താലോ ജലപ്രവാഹത്താലോ നശിപ്പിക്കുവാനസാദ്ധ്യമാണ്. പ്രപഞ്ചചൈതന്യത്തിന്റെ (Universal energy) ഒരംശമായ ജീവചൈതന്യവും സർവ്വവ്യാപിയാണ

25-26. ഈ ജീവചൈതന്യം അവ്യക്തമാണ്, ചിന്താതീതമാണ്, വികാരാതീതമാണ്. നാശമില്ലാത്തതിന്റെ നാശത്തെക്കുറിച്ച് നീ ദുഃഖിക്കേണ്ടതില്ല (അപക്വമായ ബുദ്ധിയാൽ) ജീവചൈതന്യത്തിനും ജനനമരണമുണ്ടെന്ന് നിനക്ക് തോന്നുന്നു എങ്കിൽപ്പോലും, അതിനെക്കുറിച്ച് നീ വ്യാകുലപ്പെടേണ്ടതില്ല.

27-28. ജനിച്ചാൽ മരണവും മരിച്ചാൽ ജനനവും പ്രകൃതി നിയമമായതിനാൽ പരിഹാരമില്ലാത്തതിനെക്കുറിച്ച് നീ ദുഃഖിക്കേണ്ടതില്ല. ജനനത്തിന് മുമ്പുള്ളതും മരണശേഷമുള്ളതും അവ്യക്തമാണ്. വ്യക്തമായത് ഇവയ്ക്ക് മധ്യത്തിലുള്ളതു മാത്രം-പിന്നെന്തിന് നീ ദുഃഖിക്കണം?

29-30. ജീവിതമെന്ന പ്രതിഭാസത്തെ പലരും ആശ്ചര്യത്തോടെ ദർശിക്കുന്നു. വിവരിക്കുന്നു, ശ്രവിക്കുന്നു. ഇവരെല്ലാം ഇതിനെക്കുറിച്ച് വ്യക്തമായ ജ്ഞാനമില്ലാത്തവരാണ്. സമ്പൂർണ്ണ ആത്മജ്ഞാനം അപ്രാപ്യമാണ്. സർവ്വ ചരാചരങ്ങളിലും വസിക്കുന്ന ജീവചൈതന്യം അനശ്വരമാണ്.

31-32. സ്വധർമ്മത്തെ ചിന്തിച്ചായാലും ക്ഷത്രിയധർമ്മമനുഷ്ഠിക്കുന്ന നീ ദുഃഖിക്കേണ്ടതില്ല. രാഷ്ട്ര സംരക്ഷണത്തിലൂടെ വീരസ്വർഗ്ഗ കവാടം തുറന്നു ലഭിക്കുന്ന ക്ഷത്രിയർ ഭാഗ്യവാന്മാർ തന്നെ.

33-34. സ്വധർമ്മ ഉപേക്ഷ ഘോരമായ പാപവും ഭീരുത്വവുമായി വ്യാഖാനിക്കപ്പെടും. മരണത്തെക്കാൾ, ധീരന്മാർ വെറുക്കുന്ന, അപകീർത്തി നിനക്കുണ്ടാകാതിരിക്കട്ടെ.

35-37. ധീരസേനാനികൾക്ക് നിന്നെക്കുറിച്ചുള്ള ധാരണ തിരുത്തേണ്ടിവരും. നിന്റെ ശത്രുക്കൾ, നീ ഭീരുവാണെന്ന് വാദിക്കും. ഇതിനേക്കാൾ ഒരു യോദ്ധാവിന് ദുഃഖകരമായിട്ടുള്ളതെന്താണ്? മരിച്ചാൽ വീരസ്വർഗ്ഗവും, ജയിച്ചാൽ ഈ രാഷ്ട്രവും നിന്റെ മുന്നിലുണ്ടായിരിക്കും. അതിനാൽ എഴുന്നേൽക്കൂ! കർമ്മനിരതനാകൂ! സ്വധർമ്മപാലനം ചെയ്യൂ!

38. സുഖദുഃഖങ്ങളേയും, ലാഭനഷ്ടങ്ങളേയും സമമായി ദർശിച്ച് നീ യുദ്ധം ചെയ്താലും നിനക്ക് പാപസ്പർശമുണ്ടാകില്ല.

39. ഇത്രയും വിവരിച്ചത് ജ്ഞാനയോഗ ഭാഗമാണ്. നിന്നെ സംബന്ധിക്കുന്ന കർമ്മയോഗവിഷയവും നീ അറിഞ്ഞിരിക്കണം.

40. കർമ്മയോഗത്തിൽ നിനക്ക് നഷ്ടപ്പെടാനൊന്നുമില്ല. വിപരീത ഫലങ്ങളെക്കുറിച്ച് നീ ചിന്തിക്കേണ്ടതുമില്ല. പരിശീലനത്തിലൂടെ ജനനമരണഭയത്തിൽ നിന്നുപോലും നീ മോചിതനാകും.

41. അനന്തമായി വ്യവഹരിച്ചുകൊണ്ടിരിക്കുന്ന നിന്റെ ബുദ്ധി ഏകകർമ്മപന്ഥാവിലേക്കാനയിക്കപ്പെടും. ഏക ലക്ഷ്യത്തിലേക്ക് നീ വന്നുചേരും.

42-44. ഭോഗാസക്തർ സ്വർഗ്ഗത്തിന്നപ്പുറത്ത് ഒന്നുമില്ലെന്നു കരുതുന്നു. അവർ സ്വർഗ്ഗത്തിന്നായി യാഗ കർമ്മങ്ങൾ നടത്തുന്നു. ഭൗതീക ഭോഗാസക്തരുടെ സുഖാന്വേഷണകർമ്മങ്ങൾ അവരെ സംസാരചക്രത്തിൽ നിന്ന് മോചിതരാക്കുകയില്ല.



Scanned with CamScanner

45. ത്രൈഗുണ്യ വിഷയാ വേദാഃ നിസ്ത്രൈഗുണ്യോ ഭവാർജ്ജുന
നിർദ്വന്ദ്വോ നിത്യസത്ത്വസ്ഥോ നിര്യോഗക്ഷേമ ആത്മവാൻ.
46. യാവാനർത്ഥ ഉദപാനേ സർവ്വതഃ സംപ്ലുതോദകേ
താവാൻ സർവ്വേഷുവേദേഷു ബ്രാഹ്മണസ്യ വിജാനതഃ
47. കർമ്മണ്യേവാധികാരസ്തേ മാ ഫലേഷു കദാചന
മാ കർമ്മഫലഹേതുർഭൂർമാ തേ സംഗോഽസ്ത്വകർമ്മണി.
48. യോഗസ്ഥഃ കുരു കർമ്മാണി സംഗം ത്യക്ത്വാ ധനഞ്ജയ!
സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ
49. ദൂരേണ ഹ്യവരം കർമ്മ ബുദ്ധിയോഗാദ്ധനഞ്ജയ
ബുദ്ധൗ ശരണമന്വിച്ഛ കൃപണാഃ ഫലഹേതവഃ
50. ബുദ്ധിയുക്തോ ജഹാതീഹ ഉഭേ സുകൃതദുഷ്കൃതേ
തസ്മാദ് യോഗായ യുജ്യസ്വ യോഗഃ കർമ്മസു കൌശലം
51. കർമ്മജം ബുദ്ധിയുക്താ ഹി ഫലം ത്യക്ത്വാ മനീഷിണഃ
ജന്മബന്ധവിനിർമുക്താഃ പദം ഗച്ഛന്ത്യനാമയം.
52. യദാ തേ മോഹകലിലം ബുദ്ധിർവ്യതിതരിഷ്യതി
തദാ ഗന്താസി നിർവ്വേദം ശ്രോതവ്യസ്യ ശ്രുതസ്യ ച
53. ശ്രുതിവിപ്രതിപന്നാതേ യദാസ്ഥാസ്യതി നിശ്ചലാ
സമാധാവചലാ ബുദ്ധിസ്തദാ യോഗമവാപ്സ്യസി.
54. (അർജ്ജുനൻ) സ്ഥിതപ്രജ്ഞസ്യ കാ ഭാഷാ സമാധിസ്ഥസ്യ കേശവ
സ്ഥിതധീഃ കിം പ്രഭാഷേത കിമാസീത വ്രജേത കിം?
55. (ശ്രീഭഗവാൻ) പ്രജഹാതി യദാ കാമാൻ സർവ്വാൻ പാർഥ മനോഗതാൻ
ആത്മന്യേവാത്മനാ തുഷ്ടഃ സ്ഥിതപ്രജ്ഞസ്തദോച്യതേ
56. ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷു വിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ സ്ഥിതധീർ മുനിരുച്യതേ.
57. യഃ സർവ്വത്രാനഭിസ്നേഹതത്തത് പ്രാപ്യ ശുഭാശുഭം
നാഭിനന്ദതി ന ദ്വേഷ്ടി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.
58. യദാ സംഹരതേ ചായം കൂർമ്മോഽങ്ഗാനീവ സർവ്വശഃ
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യഃ തസ്യപ്രജ്ഞാ പ്രതിഷ്ഠിതാ.
59. വിഷയാ വിനിവർത്തന്തേ നിരാഹാരസ്യ ദേഹിനഃ
രസവർജ്ജം രസോഽപ്യസ്യ പരം ദൃഷ്ട്വാ നിവർത്തതേ.
60. യതതോ ഹ്യപി കൌന്തേയ പുരുഷസ്യ വിപശ്ചിതഃ
ഇന്ദ്രിയാണി പ്രമാഥീനി ഹരന്തി പ്രസഭം മനഃ
61. താനി സർവ്വാണി സംയമ്യ യുക്ത ആസീത മത്പരഃ
വശേ ഹി യസ്യേന്ദ്രിയാണി തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.
62. ധ്യായതോ വിഷയാൻ പുംസഃസംഗസ്തേഷൂപജായതേ
സംഗാത് സംജായതേ കാമഃ കാമാത്ക്രോധോഽഭിജായതേ.
63. ക്രോധാദ് ഭവതി സമ്മോഹഃ സമ്മോഹാത് സ്മൃതിവിഭ്രമഃ
സ്മൃതിഭ്രംശാദ് ബുദ്ധിനാശോ ബുദ്ധിനാശാത് പ്രണശ്യതി



Scanned with CamScanner

45-46. ഭൗതികാസക്തി ഇല്ലാത്തവനായി ആഗ്രഹത്തിൽ നിന്ന് മോചിതനായി കർമ്മം ചെയ്യുവാൻ നീ പരിശീലിക്കുക. നിറഞ്ഞുനിൽക്കുന്ന ജലപാത്രം പോലെ ബ്രഹ്മജ്ഞാനിയായ വേദപണ്ഡിതന് ജ്ഞാനം നിറഞ്ഞു കവിയുന്നു. നീയും കർമ്മജ്ഞാനിയാകുക.

47-48. ക്ഷത്രിയനായ നിനക്ക് കർമ്മനിർവ്വഹണത്തിനധികാരമുണ്ട്. (കർമ്മഫലം കർമ്മത്തിലന്തർലീനമാണ്.) കർമ്മഫലപ്രശംസാവകാശം നിനക്കില്ല. (അത് ഈശ്വരദത്തമാണ്) ഇവയുടെ ഗുണദോഷങ്ങൾ നിന്നെ കർമ്മവിരക്തനാക്കുകയുമരുത്. യോഗിയുടെ യോഗചര്യപോലെ നീ കർമ്മം ചെയ്താലും, ജയപരാജയംപോലും യോഗിയുടെ മനോഭാവത്തോടെ വീക്ഷിച്ചാലും.

49-50. സ്വാർത്ഥകർമ്മവും യോഗവും തമ്മിലന്തരമുണ്ട്. നിസ്വാർത്ഥതയിലൂടെ ഇവയെ നീ ബന്ധിക്കുക. ഒരു യോഗിയായി കർമ്മമണ്ഡലത്തിലിറങ്ങുക.

51-53. കർമ്മഫലത്യാഗവും, മാനസീക സമഭാവവും, ജനനമരണചക്രത്തിൽ നിന്ന് നിന്നെ മോചിതനാക്കും. മോഹാസക്തമായ മനസ്സ് ഭൗതിക സുഖങ്ങളുടെ വിവരണങ്ങളിലാസക്തമായി നിരന്തരം ചലിച്ചുകൊണ്ടിരിക്കും. ഭൗതിക സുഖങ്ങളിൽ പതറുന്ന മനസ്സിനെ ഈശ്വര ചൈതന്യത്തിലുറപ്പിച്ച് യോഗാവസ്ഥ പ്രാപിച്ചാലും കർമ്മയോഗിയായി യുദ്ധം ചെയ്താലും.

54. (അർജ്ജുനവചനം) സ്ഥിതപ്രജ്ഞനായ യോഗിയെക്കുറിച്ച് വിവരിച്ചാലും

55-58. (ശ്രീകൃഷ്ണവചനം) പതറുന്ന മനസ്സിനെ നിയന്ത്രിച്ച് സ്വന്തം ചൈതന്യ മഹത്വം അറിയുവാൻ ആഗ്രഹിക്കുന്ന വ്യക്തി സുഖ ദുഃഖങ്ങളിൽ അചഞ്ചലനായി വർത്തിക്കുന്നു. ദേഹാസക്തി നശിച്ചവനായിത്തീരുന്നു. ഭയ-ദ്വേഷാദികളിൽ നിന്നും, നന്മതിന്മകളിൽ നിന്നും, ആമ ഇന്ദ്രിയങ്ങളെ കവചത്തിനുള്ളിലേക്ക് വലിക്കുന്നതുപോലെ, മനസ്സിനെ പിൻവലിക്കുന്നു.

59-61. ജ്ഞാനേന്ദ്രിയങ്ങളെ പിൻവലിക്കുമ്പോഴും ജന്മവാസന നിലനിൽക്കും, സാധനകൊണ്ട് ജന്മവാസനയിൽ നിന്നും യോഗി മോചിതനായിത്തീരുന്നു. കടിഞ്ഞാണില്ലാത്ത മനസ്സിനെ, നിരന്തര സാധനയാൽ മാത്രമേ, നിയന്ത്രിക്കുവാൻ സാധിക്കൂ. മനസ്സിനെ ഈശ്വര ചൈതന്യത്തിൽ കേന്ദ്രീകരിച്ച് ഇന്ദ്രിയ നിയന്ത്രണം സാധിക്കുകയാണ് സാധനാമാർഗ്ഗം.

62-63. സുഖഭോഗങ്ങളിലാസക്തനായവന്, അതുമായി ഗാഢബന്ധമുണ്ടാകുന്നതിനാൽ ആഗ്രഹങ്ങളുണ്ടാകുന്നു. (അസാദ്ധ്യങ്ങളായ) ആഗ്രഹങ്ങൾ ക്രോധത്തിൽ കലാശിക്കുന്നു. ക്രോധത്തിൽ നിന്ന് യുക്തിഹീനതയും, അതിൽ നിന്ന് ചിന്താശക്തിനാശവും, അന്ത്യത്തിൽ വിവേചനബുദ്ധിക്ഷയവുമുണ്ടാകുന്നു. ഇതാകട്ടെ, സർവ്വനാശത്തിൽ കലാശിക്കുന്നു.



Scanned with CamScanner

64. രാഗദ്വേഷവിയുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ
ആത്മവശ്യൈർ വിധേയാത്മാ പ്രസാദമധിഗച്ഛതി.

65. പ്രസാദേ സർവ്വദുഃഖാനാം ഹാനിരസ്യോപജായതേ
പ്രസന്നചേതസോ ഹ്യാശു ബുദ്ധിഃ പര്യവതിഷ്ഠതേ

66. നാസ്തി ബുദ്ധിരയുക്തസ്യ ന ചായുക്തസ്യ ഭാവനാ
ന ചാഭാവയതഃ ശാന്തിരശാന്തസ്യ കുതഃ സുഖം.

67. ഇന്ദ്രിയാണാം ഹി ചരതാം യൻമനോ/നുവിധീയതേ
തദസ്യ ഹരതിഃ പ്രജ്ഞാം വായുർനാവമിവാംഭസി.

68. തസ്മാദ് യസ്യമഹാബാഹോ നിഗൃഹീതാനി സർവ്വശഃ
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യസ്തസ്യ പ്രജ്ഞാ പ്രതിഷ്ഠിതാ.

69. യാ നിശാ സർവ്വഭൂതാനാം തസ്യാം ജാഗർത്തി സംയമീ
യസ്യാം ജാഗ്രതി ഭൂതാനി സാ നിശാ പശ്യതോ മുനേഃ

70. ആപൂർയ്യമാണമചലപ്രതിഷ്ഠം സമുദ്രമാപഃ പ്രവിശന്തി യദ്വത്
തദ്വത് കാമാ യം പ്രവിശന്തി സർവ്വേ സ ശാന്തിമാപ്നോതി നകാമകാമീ

71. വിഹായ കാമാൻ യഃ സർവാൻ പുമാംശ്ചരതി നിസ്പൃഹഃ
നിർമ്മമോ നിരഹങ്കാരഃ സ ശാന്തിമധിഗച്ഛതി

72. ഏഷാ ബ്രാഹ്മീസ്ഥിതിഃ പാർത്ഥ നൈനാം പ്രാപ്യവിമുഹ്യതി
സ്ഥിത്വാസ്യാമന്തകാലേ/പി ബ്രഹ്മനിർവ്വാണമൃച്ഛതി.

## അദ്ധ്യായം 3 – ഗീതാശ്ലോകം – കർമ്മയോഗം

1. (അർജ്ജുനൻ) ജ്യായസീ ചേത് കർമ്മണസ്തേ മതാ ബുദ്ധിർജനാർദ്ദന
തത് കിം കർമ്മണി ഘോരേ മാം നിയോജയസി കേശവ.

2. വ്യാമിശ്രേണേവ വാക്യേന ബുദ്ധിം മോഹയസീവ മേ
തദേകം വദ നിശ്ചിത്യ യേന ശ്രേയോ/ഹമാപ്നുയാം.

3. (ശ്രീഭഗവാൻ) ലോകേ/സ്മിൻ ദ്വിവിധാ നിഷ്ഠാ പുരാ പ്രോക്താ മയാനഘ
ജ്ഞാനയോഗേന സാംഖ്യാനാം കർമ്മയോഗേന യോഗിനാം.

4. ന കർമ്മണാമനാരംഭന്നൈഷ്കർമ്മ്യം പുരുഷോ/ശ്നുതേ
ന ച സന്ന്യസനാദേവ സിദ്ധിം സമധിഗച്ഛതി.

5. ന ഹി കശ്ചിത് ക്ഷണമപി ജാതു തിഷ്ഠത്യകർമ്മകൃത്
കാര്യതേ ഹ്യവശഃ കർമ്മ സർവ്വഃ പ്രകൃതിജൈർഗുണൈഃ

6. കർമ്മേന്ദ്രിയാണി സംയമ്യ യ ആസ്തേ മനസാ സ്മരൻ
ഇന്ദ്രിയാർത്ഥാൻ വിമൂഢാത്മാ മിഥ്യാചാരഃ സ ഉച്യതേ.

7. യസ്ത്വിന്ദ്രിയാണി മനസാ നിയമ്യാരഭതേ/ർജ്ജുന
കർമ്മേന്ദ്രിയൈഃ കർമ്മയോഗമസക്തഃ സ വിശിഷ്യതേ.



Scanned with CamScanner

64-65. വിഷയങ്ങൾ ആസ്വദിക്കുന്ന വേളയിൽപ്പോലും സാധകൻ ഇന്ദ്രിയ സംയമനത്താൽ വിഷയങ്ങളിൽ ഗാഢബന്ധം പുലർത്തുന്നില്ല. ഈശ്വര ചൈതന്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്ന സാധകന്റെ മനസ്സ് സുഖദുഃഖ വ്യതിയാനങ്ങളിൽ കലുഷിതമാകാതെ സംതൃപ്തമായി വർത്തിക്കുന്നു.

66-68. ഇന്ദ്രിയ-ബുദ്ധി സംയമനം സാധിക്കാത്ത വ്യക്തിക്ക് യുക്തിചിന്ത അസാദ്ധ്യമാണ്. ശാന്തിയും അവന് അപ്രാപ്യമാണ്. ശാന്തിയില്ലാത്തവന് സുഖവുമില്ല. ഇന്ദ്രിയനിയന്ത്രണം ആസാദ്ധ്യമായ വ്യക്തിയുടെ മനസ്സ്, കാറ്റിന്റെ ഗതിക്കനുസരിച്ച് സഞ്ചരിക്കുന്ന വഞ്ചിപോലെയാണ്. അതിനാൽ സുഖാസക്തിക്ക് അടിമപ്പെടാൻ തയ്യാറാകുന്ന ഇന്ദ്രിയങ്ങളുടെ സ്വാധീനത്തിൽ നിന്ന് മനസ്സിനെ അകറ്റുക.

69-70. നിയന്ത്രണമില്ലാതെ സ്വയം പ്രവർത്തിക്കുന്ന ശരീരാവയവങ്ങൾ യോഗിക്ക് ദൃഷ്ടി ഗോചരമാകുന്നത്, (ചരാചരങ്ങൾ) വിശ്രമിക്കുന്ന രാത്രിയിലാണ്. വ്യക്തിയുടെ ഇഷ്ടാനിഷ്ട നിർദ്ദേശങ്ങൾക്ക് വിധേയമാകാതെ ശരീരത്തിന്റെ ഓരോ കോശവും (സ്വയം) പ്രവർത്തിക്കുന്ന പ്രതിഭാസത്തിൽ ഈശ്വരദർശനം ലഭിക്കുന്നു. നദികൾ മഹാസാഗരത്തിലേക്ക് പ്രവഹിക്കുന്നതുപോലെ, യോഗിയുടെ ഇന്ദ്രിയാനുഭൂതികൾ സ്വബോധമുള്ള പ്രപഞ്ച ചൈതന്യത്തെ ലക്ഷ്യമാക്കിയൊഴുകുന്നു.

71-72. അമിതാഗ്രഹങ്ങളും, ഗാഢബന്ധവും, അഹംഭാവവും, ഭോഗാസക്തിയും ഇല്ലാത്ത മനസ്സിന്റെ ഉടമയ്ക്ക് ശാന്തിനിശ്ചയമാണ്. ഈശ്വരസാക്ഷാത്കാരം സാധിക്കുന്ന വ്യക്തിയുടെ ജീവചൈതന്യം വിഷയാസക്തിയിൽ നിന്ന് മോചിതമായ അവസ്ഥയുടെ, അന്ത്യത്തിൽ പ്രപഞ്ചചൈതന്യമായ ബ്രഹ്മത്തിൽത്തന്നെ അലിഞ്ഞുചേരുന്നു.

## അദ്ധ്യായം 3 – ഗീതാസന്ദേശം

1-2. (അർജ്ജുനവചനം) ജ്ഞാനയോഗമാണോ കർമ്മയോഗമാണോ ശ്രേഷ്ഠം ? ഞാൻ അനുശാസിക്കേണ്ട ശ്രേഷ്ഠമായ പന്ഥാവ് ഏതെന്ന് വ്യക്തമായി ഉപദേശിച്ചാലും.

3-5. (ശ്രീകൃഷ്ണവചനം) ജ്ഞാനം അന്വേഷിക്കുന്നവർക്ക് ജ്ഞാനയോഗപന്ഥാവും, കർമ്മയോഗിക്ക് കർമ്മയോഗവുമാണ് അനുശാസനീയം. കർമ്മബന്ധമോചനം പോലും കർമ്മത്തിലൂടെ മാത്രമേസാധ്യമാകൂ. കർമ്മാനുഷ്ഠാനമില്ലാതെ ആർക്കും പൂർണ്ണത കൈവരില്ല. പ്രപഞ്ചസൃഷ്ടിയിലൊന്നിനും (അതിസൂക്ഷ്മമായ പരമാണുവിനും അതിമഹത്തായ പ്രപഞ്ചഗോളങ്ങൾക്കുപോലും) കർമ്മം ചെയ്യാതിരിക്കാനാകില്ല.

6-7. ബാഹ്യമായി ഇന്ദ്രിയനിന്ത്രണപ്രകടനവും ആന്തരീകമായി ഭോഗാസക്തിയിൽ ഉഴലുകയും ചെയ്യുന്ന മനസ്സും കപടതയുടെ ലക്ഷണമാണ്. ഇന്ദ്രിയങ്ങളേയും മനസ്സിന്റെ ബന്ധങ്ങളേയും ഇച്ഛാശക്തിയിൽ നിയന്ത്രിക്കുന്നവൻ ശ്രേഷ്ഠയോഗിയാണ്.



Scanned with CamScanner

8. നിയതം കുരു കർമ്മ ത്വം കർമ്മ ജ്യായോ ഹ്യകർമ്മണഃ
ശരീരയാത്രാപി ച തേ ന പ്രസിദ്ധ്യേദകർമ്മണഃ
9. യജ്ഞാർത്ഥാത് കർമ്മണോ/ന്യത്ര ലോകോ/യം കർമ്മബന്ധനഃ
തദർത്ഥം കർമ്മ കൗന്തേയ മുക്തസംഗഃ സമാചര.
10. സഹയജ്ഞാഃ പ്രജാഃ സൃഷ്ട്വാ പുരോവാച പ്രജാപതിഃ
അനേന പ്രസവിഷ്യധ്വമേഷ വോ/സ്ത്വിഷ്ടകാമധുക്.
11. ദേവാൻ ഭാവയതാനേന തേ ദേവാ ഭാവയന്തു വഃ
പരസ്പരം ഭാവയന്തഃ ശ്രേയഃ പരമവാപ്സ്യഥ.
12. ഇഷ്ടാൻ ഭോഗാൻ ഹി വോ ദേവാ ദാസ്യന്തേ യജ്ഞഭാവിതാഃ
തൈർദത്താനപ്രദായൈഭ്യോ യോഭുങ്ക്തേ സ്തേന ഏവ സഃ
13. യജ്ഞശിഷ്ടാശിനഃ സന്തോ മുച്യന്തേ സർവ്വകില്ബിഷൈഃ
ഭുഞ്ജതേ തേ ത്വഘം പാപാ യേ പചന്ത്യാത്മകാരണാത്.
14. അന്നാദ് ഭവന്തി ഭൂതാനി പർജ്ജന്യാദന്നസംഭവഃ
യജ്ഞാദ്ഭവതി പർജ്ജന്യോ യജ്ഞഃ കർമ്മ സമുദ്ഭവഃ
15. കർമ്മബ്രഹ്മോദ്ഭവം വിദ്ധി ബ്രഹ്മാക്ഷരസമുദ്ഭവം
തസ്മാത് സർവ്വഗതം ബ്രഹ്മ നിത്യം യജ്ഞേ പ്രതിഷ്ഠിതം.
16. ഏവം പ്രവർത്തിതം ചക്രം നാനുവർത്തയതീഹ യഃ
അഘായുരിന്ദ്രിയാരാമോ മോഘം പാർത്ഥ സ ജീവതി.
17. യസ്ത്വാത്മരതിരേവ സ്യാദാത്മതൃപ്തശ്ച മാനവഃ
ആത്മന്യേവ ച സന്തുഷ്ടഃ തസ്യ കാര്യം ന വിദ്യതേ.
18. നൈവ തസ്യ കൃതേനാർത്ഥോ നാകൃതേനേഹ കശ്ചന
ന ചാസ്യ സർവ്വഭൂതേഷു കശ്ചിദർത്ഥവ്യപാശ്രയഃ
19. തസ്മാദസ്കതഃ സതതം കാര്യം കർമ്മ സമാചര
അസക്തോ ഹ്യാചരൻ കർമ്മ പരമാപ്നോതി പൂരുഷഃ
20. കർമ്മണൈവ ഹി സംസിദ്ധിമാസ്ഥിതാ ജനകാദയഃ
ലോകസംഗ്രഹമേവാപി സംപശ്യൻ കർത്തുമർഹസി.
21. യദ്യദാചരതി ശ്രേഷ്ഠസ്തത്തദേവേതരോ ജനഃ
സ യത് പ്രമാണം കുരുതേ ലോകസ്തദനുവർത്തതേ.
22. ന മേ പാർത്ഥാസ്തി കർത്തവ്യം ത്രിഷു ലോകേഷു കിഞ്ചന
നാനവാപ്തമവാപ്തവ്യം വർത്ത ഏവ ച കർമ്മണി.
23. യദി ഹ്യഹം ന വർത്തേയം ജാതു കർമ്മണ്യതന്ദ്രിതഃ
മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ സർവ്വശഃ
24. ഉത്സീദേയുരിമേ ലോകാ ന കുര്യാം കർമ്മ ചേദഹം
സങ്കരസ്യ ച കർത്താ സ്യാമുപഹന്യാമിമാഃ പ്രജാഃ
25. സക്താഃ കർമ്മണ്യവിദ്വാംസോ യഥാ കുർവ്വന്തി ഭാരത
കുര്യാദ്വിദ്വാംസ്തഥാസക്തശ്ചികീർഷുർലോകസംഗ്രഹം
26. ന ബുദ്ധിഭേദം ജനയേദജ്ഞാനം കർമ്മസംഗിനാം
ജോഷയേത് സർവ്വകർമ്മാണി വിദ്വാൻ യുക്തഃ സമാചരൻ.
27. പ്രകൃതേഃ ക്രിയമാണാനി ഗുണൈഃ കർമ്മാണി സർവ്വശഃ
അഹംകാരവിമൂഢാത്മാ കർത്താഹമിതി മന്യതേ.



Scanned with CamScanner

8-9. ബാഹ്യമായ അകർമ്മത്തിലൂടെ നിന്റെ ശരീരത്തിനുപോലും നിലനിൽപ്പില്ല. അതിനാൽ നിനക്ക് അനുകരണീയമായിട്ടുള്ളത് നിന്റേതായ ക്ഷത്രിയ ധർമ്മാനുഷ്ഠാനമാണ്. ത്യാഗഭാവേന അനുഷ്ഠിക്കുന്ന കർമ്മം ബന്ധഹേതുവാകുന്നില്ല. മറ്റെല്ലാ കർമ്മങ്ങളും കർമ്മത്തെ, ആഗ്രഹം-ഫലം-പ്രസിദ്ധി-പ്രശംസ എന്നിവയുമായി ബന്ധിപ്പിക്കുന്നു.

10-12. മനുഷ്യവംശത്തെ സൃഷ്ടിച്ച് പ്രജാപതിയും ഉപദേശിച്ചത് ഇപ്രകാരമായിരുന്നു. "കർമ്മത്തിലൂടെ സന്തുഷ്ടരാകൂ. ഈശ്വരീയ കർമ്മം പോലും ത്യാഗഭാവത്തോടെ അനുഷ്ഠിച്ച്, പരസ്പരം ശ്രേയസ്സ് ആശംസിച്ച് പ്രവർത്തിക്കൂ. ഈ ഭാവത്തോടെ നടത്തുന്ന സമസ്ത കർമ്മങ്ങളിലും സന്തുഷ്ടരായ ദേവന്മാർ നിങ്ങളെ അനുഗ്രഹിക്കട്ടെ".

13-16. സ്വാർത്ഥതയ്ക്കുമാത്രമുള്ള കർമ്മം പാപപങ്കിലമാണ്. സത്കർമ്മത്തിന്റെ അവശിഷ്ടഫലം യജ്ഞ പ്രസാദമായി സ്വീകരിക്കുകയാണു ഉത്തമമാർഗ്ഗം. പ്രപഞ്ചം പോലും ഒരു നിസ്വാർത്ഥ പ്രക്രിയ പ്രതിഭാസത്തിൽ പ്രവർത്തിക്കുന്നു. ജീവജാലങ്ങൾ അന്നത്തിൽ നിന്നും, അന്നം ജലാംശത്തിൽനിന്നും ജലം പ്രകൃതിയുടെ യജ്ഞത്തിൽ നിന്നും, യജ്ഞം മനുഷ്യകർമ്മത്തിൽ നിന്നുമുണ്ടാകുന്നു. കർമ്മം പ്രപഞ്ചോർജ്ജത്തിൽ നിന്നും, ബ്രഹ്മം നാശഹീനചൈതന്യത്തിൽ നിന്നും ഉത്ഭവിക്കുന്നതിനാൽ സർവകർമ്മങ്ങളും ബ്രഹ്മാർപ്പണമായിത്തീരേണ്ടതാണ്. അതിനാൽ പ്രപഞ്ചപ്രവർത്തനചക്രത്തിൽ നിന്റേതായ കർമ്മഭാഗം അനുഷ്ഠിച്ചാലും.

17-19. ജീവാത്മചൈതന്യമായ സ്വന്തം തേജസ്സിലും ശക്തിയിലും സംതൃപ്തനായവൻ കർമ്മബന്ധനസ്ഥനല്ല. അവന് കർമ്മം പ്രപഞ്ചത്തിന്റെ പ്രവർത്തനഭാഗമായ ധർമ്മം മാത്രമാണ്. സ്വാർത്ഥലക്ഷ്യങ്ങൾ അവനെ സ്പർശിക്കുന്നില്ല. പരമപദപ്രാപ്തിക്കായി നീയും സ്വകർമ്മം ശ്രദ്ധയോടെ, ധർമ്മത്തിന്റെ ഭാഗമായി അനുഷ്ഠിച്ചാലും.

20-21. ജനകാദികൾ ത്യാഗഭാവേനയുള്ള കർമ്മത്താൽ പരമപദവിയിലെത്തി. അവരെപ്പോലെ ലോകത്തിന്റെ നിലനിൽപ്പിന്നാവശ്യമായ കർമ്മാനുഷ്ഠാനം ഒഴിച്ചുകൂടാൻ വയ്യാത്ത ചെയ്തികളാണ്. ഇതാണ് ലോകർക്ക് മാർഗ്ഗദർശകം. അവരുടെ കർമ്മവും മാർഗ്ഗവും ജനതതി സ്വീകരിക്കുന്നു.

22-24. പ്രപഞ്ചപുരുഷന്റെ ഭാഗമായ ഞാൻ കർമ്മ-കർത്തവ്യാതീതനായിട്ടുപോലും എന്റെ (പ്രപഞ്ചത്തിന്റെ) ധർമ്മമനുഷ്ഠിക്കുന്നു. ഞാൻ കർമ്മാചരണത്തിൽ നിന്ന് പിന്മാറുന്ന നിമിഷം ഭീകരമായ പ്രതിഭാസങ്ങൾ പ്രകൃതിയിൽ സംഭവിക്കും. ലോകം നശിക്കും. സർവ്വത്ര അവ്യക്തത ദൃശ്യമാകും, തുടർന്ന് നാശവും. ലോകനന്മക്കായി മാത്രം ഞാൻ പ്രവർത്തിക്കുന്നു.

25-27. സ്വാർത്ഥൻ തൻകാര്യത്തിന് മാത്രം പ്രവർത്തിക്കുന്നു. നിസ്വാർത്ഥൻ ലോകനന്മക്കായി പ്രവർത്തിക്കുന്നു. സ്വന്തം കർമ്മം, അജ്ഞാനിയെപ്പോലെ അനുഷ്ഠിക്കാതെ, ജ്ഞാനിയെപ്പോലെ ധർമ്മഭാഗമായി അനഷ്ഠിക്കുക. കർമ്മങ്ങൾ പ്രകൃതി നിയമമായിട്ടാണ് സർവ്വജീവജാലങ്ങളും അനുഷ്ഠിക്കുന്നത്. അജ്ഞാനിയുടെ വിചാരം 'ഞാനത് സ്വയം ചെയ്യുന്നു' എന്നാണ്.



Scanned with CamScanner

28. തത്ത്വവിത്തു മഹാബാഹോ ഗുണകർമ്മവിഭാഗയോഃ
ഗുണാ ഗുണേഷു വർത്തന്ത ഇതി മത്വാ ന സജ്ജതേ

29. പ്രകൃതേർഗുണസംമൂഢാഃ സജ്ജന്തേ ഗുണകർമ്മസു
താനകൃത്സ്നവിദോ മന്ദാൻ കൃത്സ്നവിന്ന വിചാലയേത്.

30. മയി സർവ്വാണി കർമ്മാണി സന്ന്യസ്യാദ്ധ്യാത്മചേതസാ
നിരാശീർനിർമ്മമോ ഭൂത്വാ യുദ്ധസ്വ വിഗതജ്വരഃ

31. യേ മേ മതമിദം നിത്യമനുതിഷ്ഠന്തി മാനവാഃ
ശ്രദ്ധാവന്തോƒനസൂയന്തോ മുച്യന്തേ തേƒപി കർമ്മഭിഃ

32. യേ ത്വേതദഭ്യസൂയന്തോ നാനുതിഷ്ഠന്തി മേ മതം
സർവ്വ ജ്ഞാനവിമൂഢാംസ്താൻ വിദ്ധി നഷ്ടാനചേതസഃ

33. സദൃശം ചേഷ്ടതേ സ്വസ്യാഃ പ്രകൃതേർജ്ഞാനവാനപി
പ്രകൃതിം യാന്തി ഭൂതാനി നിഗ്രഹഃ കിം കരിഷ്യതി.

34. ഇന്ദ്രിയസ്യേന്ദ്രിയസ്യാർത്ഥേ രാഗദ്വേഷൗ വ്യവസ്ഥിതൗ
തയോർന വശമാഗച്ഛേത്തൗ ഹ്യസ്യ പരിപന്ഥിനൗ

35. ശ്രേയാൻ സ്വധർമ്മോ വിഗുണഃ പരധർമ്മാത് സ്വനുഷ്ഠിതാത്
സ്വധർമ്മേ നിധനം ശ്രേയഃ പരധർമ്മോ ഭയാവഹഃ

36. (അർജ്ജുനൻ) അഥ കേന പ്രയുക്തോƒയം പാപം ചരതി പൂരുഷഃ
അനിച്ഛന്നപി വാർഷ്ണേയ ബലാദിവ നിയോജിതഃ

37. (ശ്രീഭഗവാൻ) കാമ ഏഷ ക്രോധ ഏഷ രജോഗുണസമുദ്ഭവഃ
മഹാശനോ മഹാപാപ്മാ വിദ്ധ്യേനമിഹ വൈരിണം.

38. ധൂമേനാവ്രിയതേ വഹ്നിർ യഥാദർശോ മലേന ച
യഥോല്ബേനാവൃതോ ഗർഭസ്തഥാ തേനേദമാവൃതം

39. ആവൃതം ജ്ഞാനമേതേന ജ്ഞാനിനോ നിത്യവൈരിണാ
കാമരൂപേണ കൗന്തേയ ദുഷ്പൂരേണാനലേന ച

40. ഇന്ദ്രിയാണി മനോ ബുദ്ധിരസ്യാധിഷ്ഠാനമുച്യതേ
ഏതൈർവിമോഹയത്യേഷ ജ്ഞാനമാവൃത്യ ദേഹിനം

41. തസ്മാത് ത്വമിന്ദ്രിയാണ്യാദൗ നിയമ്യ ഭരതർഷഭ
പാപ്മാനം പ്രജഹിഹ്യനം ജ്ഞാനവിജ്ഞാനനാശനം

42. ഇന്ദ്രിയാണി പരാണ്യാഹുരിന്ദ്രി യേഭ്യഃ പരം മനഃ
മനസ്തു പരാ ബുദ്ധിർയോ ബുദ്ധേഃപരതസ്തു സഃ

43. ഏവം ബുദ്ധേഃ പരം ബുദ്ധ്വാ സംസ്തഭ്യാത്മാനമാത്മനാ
ജഹി ശത്രും മഹാബാഹോ കാമരൂപം ദുരാസദം.



Scanned with CamScanner

28-29. പ്രകൃതി നൽകിയ സ്വതസിദ്ധമായിട്ടുള്ള ഗുണവിശേഷമായ കർമ്മ മാണ് താൻ അനുഷ്ഠിക്കുന്നത് എന്നറിയുന്നവനാണ് ജ്ഞാനി. അതിനാൽ ജ്ഞാനിക്ക് സ്വയം കർമ്മബന്ധമുണ്ടാകുന്നില്ല. പ്രകൃതിയുടെ നിയമാനുസൃത കർമ്മമാണ് ജ്ഞാനിയുടെ യജ്ഞമായിത്തീരുന്നത്.

30-31. പ്രപഞ്ചപുരുഷന്റെ പ്രതിരൂപമായി നിന്റെ മുന്നിൽ നിൽക്കുന്ന ഞാനെന്ന ചൈതന്യത്തിൽ സർവ്വതും അർപ്പിച്ച് ശ്രദ്ധയോടെയും യജ്ഞഭാവത്തോടെയും നിന്റെ കർമ്മം അനുഷ്ഠിച്ചാലും.

32-33. എന്റെ അഭിപ്രായത്തോട് വിയോജിച്ച് വ്യക്ത്യധിഷ്ഠിതമായ സ്വാർത്ഥതയാൽ കർമ്മം അനുഷ്ഠിച്ചാൽ ദുഃഖനിമഗ്നമായ മനസ്സ് നിയന്ത്രണാതീതമാകുന്നത് കാണാം. സർവ്വജീവജാലങ്ങളും പ്രകൃതിയുടെ നിയമപന്ഥാവിലൂടെ സ്വന്തം ആന്തരീക നിർദ്ദേശത്താൽ പ്രവർത്തിക്കുന്നു. മനുഷ്യൻ എന്തിന് വിവേചനബുദ്ധി സ്വീകരിക്കണം എന്നു നീ ചിന്തിച്ചേക്കാം.

34-35. മനുഷ്യന്റെ ശാശ്വതദുഃഖത്തിന് രണ്ട് പ്രധാന ശത്രുക്കളായി സുഖദുഃഖങ്ങളോടുള്ള ആകർഷണ വികർഷണങ്ങൾ, ഇന്ദ്രിയാടിസ്ഥാനമായിട്ടുള്ളതാണ്. നിസ്വാർത്ഥകർമ്മത്തിന് ഇവ തടസ്സം നിൽക്കുന്നു. ആകർഷണ വികർഷണങ്ങൾക്കധീനമല്ലാത്ത മഹത്വമേറെയില്ലാത്ത ധർമ്മമാണെങ്കിൽപ്പോലും സ്വധർമ്മമനുഷ്ഠിക്കുന്നതാണ് ഉത്തമം. പരധർമ്മം ഭയത്തെ ജനിപ്പിക്കുന്നതിന് തുല്യമാണ്.

36. (അർജ്ജുനവചനം) അപരന്റെ നിർബ്ബന്ധത്താൽ പാപം ചെയ്യുവാൻ നിർബ്ബന്ധിതനാകുകിൽ, പാപഭാരം അവർ ഏൽക്കേണ്ടിവരുമോ കൃഷ്ണാ?

37. (ശ്രീകൃഷ്ണവചനം) അത്യാഗ്രഹവും, ക്രോധവും ഈ രണ്ടു രജോഗുണങ്ങളാണ് പരമമായ ശത്രുവായി ശാപത്തെപ്പോലെ നമ്മെ പിൻതുടരുന്നത്.

38-39. പുക ജ്വാലയേയും, പൊടി കണ്ണാടിയേയും, ഗർഭസ്ഥശിശുവിനെ ഗർഭപാത്രവും പോലെ, കാമ ക്രോധാദികൾ വ്യക്തിയുടെ ജ്ഞാനത്തെയും മറയ്ക്കുന്നു. അഗ്നിജ്വാലപോലെ പടരുന്ന ആഗ്രഹങ്ങളാണ് മനുഷ്യ ജ്ഞാനത്തിന്റെ ഏറ്റവും വലിയ ശത്രു.

40-41. ശരീരത്തെ നിയന്ത്രിക്കുന്നത് ഇന്ദ്രിയങ്ങളാണ്. ഇന്ദ്രിയങ്ങളെ മനസ്സും, മനസ്സിനെ ബുദ്ധിയും, ബുദ്ധിയെ പരമമായ ചൈതന്യവും നിയന്ത്രിക്കുന്നു. അതിനാൽ ബുദ്ധിയെപ്പോലും നിയന്ത്രിക്കുന്ന പരമമായ ചൈതന്യത്തെ യുക്തിയുടെ അടിസ്ഥാനത്തിലറിഞ്ഞ്, നിന്റെ (ശരീരത്തെയും മനസ്സിനേയും തളർത്തിയ) ശത്രുവിനെ കീഴടക്കിയാലും.



Scanned with CamScanner

# അദ്ധ്യായം 4 – ഗീതാശ്ലോകം – ജ്ഞാന കർമ്മസന്യാസയോഗം

1. (ശ്രീഭഗവാൻ) ഇമം വിവസ്വതേ യോഗം പ്രോക്തവാനഹമവ്യയം
വിവസ്വാൻ മനവേ പ്രാഹ മനുരിക്ഷ്വാകവേ/ബ്രവീത്.

2. ഏവം പരമ്പരാപ്രാപ്തമിമം രാജർഷയോ വിദുഃ
സ കാലേനേഹ മഹതാ യോഗോ നഷ്ടഃ പരന്തപ.

3. സ ഏവായം മയാ തേ/ദ്യ യോഗഃ പ്രോക്തഃ പുരാതനഃ
ഭക്തോ/സി മേ സഖാ ചേതി രഹസ്യം ഹ്യേതദുത്തമം

4. (അർജ്ജുനൻ) അപരം ഭവതോ ജന്മ പരം ജന്മ വിവസ്വതഃ
കഥമേതദ്വിജാനീയാം ത്വമാദൗ പ്രോക്തവാനിതി.

5. (ശ്രീഭഗവാൻ) ബഹൂനിമേ വ്യതീതാനീ ജന്മാനി തവ ചാർജ്ജുന
താന്യഹം വേദ സർവ്വാണി ന ത്വം വേത്ഥ പരന്തപ.

6. അജോ/പി സന്നവ്യയാത്മാ  ഭൂതാനാമീശ്വരോ/പി സൻ
പ്രകൃതിം സ്വാമധിഷ്ഠായ സംഭവാമ്യാത്മമായയാ

7. യദായദാ ഹി ധർമ്മസ്യ ഗ്ലാനിർഭവതി ഭാരത,
അഭ്യുത്ഥാനമധർമ്മസ്യ തദാത്മാനം സൃജാമ്യഹം

8. പരിത്രാണായ സാധൂനാം വിനാശായ ച ദുഷ്കൃതാം
ധർമ്മസംസ്ഥാപനാർത്ഥായ സംഭവാമി യുഗേ യുഗേ

9. ജന്മകർമ്മ ച മേ ദിവ്യമേവം യോ വേത്തി തത്ത്വതഃ
ത്യക്ത്വാദേഹം പുനർജ്ജന്മ നൈതിമാമേതി സോ/ർജ്ജുന

10. വീതരാഗഭയക്രോധാ മന്മയാ മാമുപാശ്രിതാഃ
ബഹവോജ്ഞാനതപസാ പൂതാ മദ്ഭാവമാഗതാഃ

11. യേ യഥാ മാം പ്രപദ്യന്തേ താം സ്തഥൈവ ഭജാമ്യഹം
മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ, സർവ്വശഃ

12. കാങ്ക്ഷന്തഃ കർമ്മണാം സിദ്ധിം യജന്ത ഇഹ ദേവതാഃ
ക്ഷിപ്രം ഹി മാനുഷേ ലോകേ സിദ്ധിർഭവതി കർമ്മജാ.

13. ചാതുർവർണ്യം മയാ സൃഷ്ടം ഗുണകർമ്മവിഭാഗശഃ
തസ്യ കർത്താരമപി മാം വിദ്ധ്യകർത്താരമവ്യയം

14. ന മാം കർമ്മാണി ലിമ്പന്തി ന മേ കർമ്മഫലേ സ്പൃഹാ
ഇതി മാം യോ/ഭിജാനാതി കർമ്മഭിർന സ ബധ്യതേ.

15. ഏവം ജ്ഞാത്വാ കൃതം കർമ്മ പൂർവ്വൈരപി മുമുക്ഷുഭിഃ
കുരു കർമ്മൈവ തസ്മാത്ത്വം പൂർവ്വൈഃ പൂർവ്വതരം കൃതം

16. കിം കർമ്മ കിമകർമ്മേതി കവയോ/പ്യത്ര മോഹിതാഃ
തത്തേ കർമ്മ പ്രവക്ഷ്യാമി യജ്ഞാത്വാമോക്ഷ്യസേ/ശുഭാത്

17. കർമ്മണോ ഹ്യപി ബോദ്ധവ്യം ബോദ്ധവ്യം ച വികർമ്മണഃ
അകർമ്മണശ്ച ബോദ്ധവ്യം ഗഹനാ കർമ്മണോ ഗതിഃ



Scanned with CamScanner

## അദ്ധ്യായം 4 – ഗീതാസന്ദേശം

1–3. (ശ്രീകൃഷ്ണവചനം) പ്രപഞ്ചചൈതന്യത്തിന്നാധാരമായ സൂര്യദേവന് ഞാൻ യോഗവിദ്യാജ്ഞാനം നൽകി. സൂര്യദേവൻ മനുവിനും, മനു ഇക്ഷ്വാകുവിനും നൽകി (അതായത് മാനവസമൂഹത്തിന് അപ്രകാരം യോഗവിദ്യാജ്ഞാനം ലഭിച്ചു) തുടർന്ന് ഋഷിവര്യന്മാർക്കും അവരുടെ തലമുറകൾക്കും ലഭിച്ചു. കാലക്രമത്തിൽ ഈ ജ്ഞാനത്തിന് ക്ഷയം സംഭവിച്ചു. എന്റെ ഭക്തനായ നിനക്ക് ഇന്ന് ഞാൻ ഈ ജ്ഞാനം പുനരുപദേശിക്കുന്നു.

4. (അർജ്ജുനവചനം) ഇന്നെന്റെ മുമ്പിൽ നിൽക്കുന്ന ഹേ കൃഷ്ണാ പുരാതനകാലത്ത് ജന്മമെടുത്ത സൂര്യദേവന് നീ വിവരിച്ചു എന്ന് ഞാനെങ്ങിനെ വിശ്വസിക്കും.?

5–6. (ശ്രീകൃഷ്ണവചനം) നീയും ഞാനും അനവധി ജന്മങ്ങളെടുത്തുകൊണ്ടേയിരിക്കുന്നു. അവയെല്ലാം എന്റെ സ്മരണയിലുണ്ട്. നിന്റെ സ്മരണയിൽ അതൊന്നുമില്ല. ജനനമരണമില്ലാത്തവനാണ് ഞാനെങ്കിലും ഈശ്വരചൈതന്യാംശത്തിന്റെ പ്രഭാവത്താൽ ഞാൻ വിവിധരൂപത്തിലവതരിക്കുന്നു എന്നോർക്കുക.

7–8. ധർമ്മച്യുതി എപ്പോഴെല്ലാം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ധർമ്മസംരക്ഷണാർത്ഥം ഞാൻ അവതരിക്കുന്നുണ്ട്. സജ്ജന നന്മക്കും ദുർജ്ജന നിഗ്രഹത്തിനും, ധർമ്മത്തിന്റെ പുനഃസ്ഥാപനത്തിനും കാലാകാലങ്ങളിൽ സംഭവിക്കുന്നത് എന്റെ ചൈതന്യത്താലാണ്.

9. പ്രപഞ്ചചൈതന്യം ജനനമരണത്തിനതീതമാണെന്നറിയുക. ജീവചൈതന്യാംശം വഹിയ്ക്കുന്ന മനുഷ്യശരീരത്തിനു മാത്രമേ ജനനമരണങ്ങളുള്ളൂ എന്നാൽ ജീവചൈതന്യത്തിന്നതില്ല. ഞാൻ ജീവ ചൈതന്യമാണ്.

10–11. ആഗ്രഹ-ഭയ-ദ്വേഷങ്ങളെ നിയന്ത്രിച്ച് ശുദ്ധീകരിച്ച മനസ്സുമായി ശ്രദ്ധയോടെ എന്നെ ഉപാസിക്കുന്നവൻ പുനർജ്ജന്മമുക്തനാകുന്നു. ഏതു ഭാവത്തോടെയാണോ ഭക്തൻ എന്നെ ഉപാസിക്കുന്നത് അതേഭാവത്തിൽ ഞാൻ അവനിലെത്തുന്നു. (ശത്രു-മിത്ര-ബന്ധു-ഗുരു-പിതൃ-ഭക്ത-ഇത്യാദിഭാവങ്ങൾ).

12–3. ഭൗതികസുഖത്തിനുവേണ്ടിയുള്ള പ്രാർത്ഥനയോടെ ഭക്തൻ സമീപിക്കുന്നു എങ്കിൽ അവന്റെ കാര്യനിവൃത്തിയും എന്റെ ധർമ്മമാണ്. സമൂഹത്തിൽ നാലുവിഭാഗം ജനങ്ങളുടെ സൃഷ്ടി അവരവരുടെ കർമ്മങ്ങളുടെ അടിസ്ഥാനത്തിൽ (ജന്മത്തിന്റെ അടിസ്ഥാനത്തിലല്ല) നടത്തിയത് ഞാനാണ്. എന്നാൽ അവരുടെ കർത്തവ്യസൃഷ്ടി ഞാനല്ല നടത്തുന്നത് (അതാകട്ടെ സ്വയം സ്വീകൃതവുമാണ്).

14–15. ഞാൻ കർമ്മം ചെയ്യിക്കുന്ന (ഒരു മാനേജർ എന്നപോലെ) എന്നാൽ കർമ്മനിമഗ്നനാകുന്നില്ല. കർമ്മഫലവും എന്നെ സ്പർശിക്കുന്നില്ല. എന്റെ പന്ഥാവ് പിൻതുടരുന്നവനും എന്നിൽ ചേരുന്നത് അതുകൊണ്ടാണ്. കർമ്മഫലബന്ധമില്ലാതെ തന്നെ ഋഷിശ്രേഷ്ഠന്മാർ (ജ്ഞാനയോഗികളും) കർമ്മം ചെയ്തിരുന്നതിനാൽനീയും ആ മാർഗ്ഗം സ്വീകരിക്കുക.

16–17. കർമ്മവും കർമ്മരാഹിത്യവും അവ്യക്തങ്ങളായ പദങ്ങളായതിനാൽ അതിന്റെ സാരവും ഞാൻ ഗഹനമായി വിവരിക്കാം. സദ്കർമ്മം, കർമ്മരാഹിത്യം, ദുഷ്കർമ്മം ഇവയും നീ അറിയേണ്ടതുണ്ട്.



Scanned with CamScanner

18. കർമ്മണ്യകർമ്മ യഃ പശ്യേദകർമ്മണി ച കർമ്മ യഃ
സ ബുദ്ധിമാൻ മനുഷ്യേഷു സ യുക്തഃ കൃത്സ്നകർമ്മകൃത്.

19. യസ്യ സർവ്വേ സമാരംഭാഃ കാമസങ്കല്പവർജ്ജിതാഃ
ജ്ഞാനാഗ്നിദഗ്ധകർമ്മാണം തമാഹുഃ പണ്ഡിതം ബുധാഃ

20. ത്യക്ത്വാ കർമ്മഫലാസംഗം നിത്യതൃപ്തോ നിരാശ്രയഃ
കർമ്മണ്യഭിപ്രവൃത്തോഽപി നൈവ കിംചിത് കരോതി സഃ

21. നിരാശീർയതചിത്താത്മാ ത്യക്തസർവ്വപരിഗ്രഹഃ
ശാരീരം കേവലം കർമ്മ കുർവന്നാപ്നോതി കില്ബിഷം

22. യദൃച്ഛാലാഭസംതുഷ്ടോ ദ്വന്ദ്വാതീതോ വിമത്സരഃ
സമഃ സിദ്ധാവസിദ്ധൗ ച കൃത്വാപി ന നിബധ്യതേ.;

23. ഗതസംഗസ്യ മുക്തസ്യ ജ്ഞാനാവസ്ഥിത ചേതസഃ
യജ്ഞായാചരതഃ കർമ്മ സമഗ്രം പ്രവിലീയതേ.

24. ബ്രഹ്മാർപ്പണം ബ്രഹ്മഹവിർ ബ്രഹ്മാഗ്നൗ ബ്രഹ്മണാ ഹുതം
ബ്രഹ്മൈവ തേന ഗന്തവ്യം ബ്രഹ്മകർമ്മസമാധിനാ.

25. ദൈവമേവാപരേ യജ്ഞം യോഗിനഃ പര്യുപാസതേ
ബ്രഹ്മാഗ്നാവപരേ യജ്ഞം യജ്ഞേനൈവോപജുഹ്വതി.

26. ശ്രോത്രാദീനീന്ദ്രിയാണ്യന്യേ സംയമാഗ്നിഷു ജുഹ്വതി
ശബ്ദാദീൻ വിഷയാനന്യ ഇന്ദ്രിയാഗ്നിഷു ജുഹ്വതി

27. സർവ്വാണീന്ദ്രിയകർമ്മാണി പ്രാണകർമ്മാണി ചാപരേ
ആത്മസംയമയോഗാഗ്നൗ ജുഹ്വതി ജ്ഞാനദീപിതേ.

28. ദ്രവ്യയജ്ഞാസ്തപോയജ്ഞാ യോഗയജ്ഞാസ്തഥാപരേ
സ്വാധ്യായജ്ഞാനയജ്ഞാശ്ച യതയഃ സംശിതവ്രതാഃ

29. അപാനേ ജുഹ്വതി പ്രാണം പ്രാണേഽപാനം തഥാപരേ
പ്രാണാപാനഗതീ രുദ്ധ്വാ പ്രാണായാമപരായണാഃ

30. അപരേ നിയതാഹാരാഃ പ്രാണാൻ പ്രാണേഷു ജുഹ്വതി
സർവ്വേഽപ്യേതേ യജ്ഞവിദോ യജ്ഞക്ഷപിതകല്മഷാഃ

31. യജ്ഞശിഷ്ടാമൃതഭുജോ യാന്തി ബ്രഹ്മ സനാതനം
നായം ലോകോഽസ്ത്യയജ്ഞസ്യ കുതോഽന്യഃ കുരുസത്തമ.

32. ഏവം ബഹുവിധാ യജ്ഞാ വിതതാ ബ്രഹ്മണോ മുഖേ
കർമ്മജാൻവിദ്ധി താൻസർവ്വാനേവം ജ്ഞാത്വാ വിമോക്ഷ്യസേ

33. ശ്രേയാൻ ദ്രവ്യമയാദ്യജ്ഞാജ്ഞാനയജ്ഞഃ പരന്തപ
സർവ്വം കർമ്മാഖിലം പാർത്ഥജ്ഞാനേ പരിസമാപ്യതേ.

34. തദ്വിദ്ധി പ്രണിപാതേന പരിപ്രശ്നേന സേവയാ
ഉപദേക്ഷ്യന്തി തേ ജ്ഞാനം ജ്ഞാനിനസ്തത്ത്വദർശിനഃ



Scanned with CamScanner

18-20. കർമ്മത്തിൽ കർമ്മരാഹിത്യത്തേയും, കർമ്മരാഹിത്യത്തിൽ കർമ്മത്തേയും(രണ്ടുകാര്യങ്ങളിലും ഒരേ ഭാവമുണ്ടാകുക) ദർശിക്കുന്ന യോഗി കർമ്മം പൂർത്തീകരിച്ചവനാണ്. ജ്ഞാനാഗ്നിയാൽ പ്രകാശിതനായ പണ്ഡിതൻ ആഗ്രഹങ്ങളില്ലാതെ കർമ്മം നടത്തുന്നു എങ്കിൽ അവനും യോഗിതന്നെ. കർമ്മഫലം ചിന്തയിൽനിന്ന് പൂർണ്ണമുക്തി നേടിയ ഈ പണ്ഡിതൻ നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുമ്പോൾപ്പോലും കർമ്മം ചെയ്യുന്നതായിട്ടറിയുന്നില്ല. (ശാന്തമായുറങ്ങുന്ന ശരീരത്തിൽ വ്യക്തിയറിയാതെ നിരന്തരം ഹൃദയമിടുപ്പ് നടക്കുന്നതുപോലെ)

21-22. കർമ്മഫലത്തിലുള്ള ആസ്വാദ്യതയെക്കുറിച്ച് (സുഖദുഃഖങ്ങളെക്കുറിച്ച്) ചിന്തിക്കാതെ നിരന്തരം വ്യക്തിധർമ്മം, ഭൗതിക ശരീരം കൊണ്ട് അനുഷ്ഠിക്കുന്നവൻ കർമ്മബന്ധിത പാപങ്ങളിൽനിന്ന് മോചിതനാണ്. ഈ യോഗിക്ക് കർമ്മലാഭവും കർമ്മനഷ്ടവും ഒരുപോലെയാണ്. ജയപരാജയങ്ങളിൽ യോഗി സമദൃക്കാണ്.

23-34. ആഗ്രഹബന്ധമില്ലാതെ ചെയ്യുന്ന യോഗിയുടെ കർമ്മങ്ങളെല്ലാം യജ്ഞത്തിന് തുല്യമാണ്. (കർമ്മം, ഹവന ദ്രവ്യവും ധർമ്മം, അഗ്നിയുമായി കാണുക) കർമ്മങ്ങളെല്ലാം പരമമായ ചൈതന്യത്തിലർപ്പിക്കേണ്ട ബ്രഹ്മഹവിസ്സാണ്. അത് ബ്രഹ്മതേജസ്സായ അഗ്നിയിൽ, ബ്രഹ്മചൈതന്യത്തിനായി ദഹിക്കട്ടെ. അത് പ്രപഞ്ചചൈതന്യമായ ബ്രഹ്മതേജസ്സിൽത്തന്നെ അലിഞ്ഞ് സമാധിയവസ്ഥയിലാകട്ടെ (എത്തിച്ചേരട്ടെ).

25-27. ഈശ്വരാരാധനയുടെ ഭാഗമായി ചില യോഗികൾ യജ്ഞാഗ്നിയിൽ ഹവിസ്സർപ്പിക്കുന്നു. ചിലർ സ്വന്തം ശരീരം കൊണ്ടു തന്നെ ചെയ്യുന്ന കർമ്മങ്ങൾ യജ്ഞഭാഗമായി ഈശ്വരന് അർപ്പിക്കുന്നു. ചിലർ സമസ്തവും ത്യജിക്കുക എന്ന യജ്ഞം നടത്തുന്നു. ജ്ഞാനേന്ദ്രിയങ്ങളിലൂടെ നേടുന്ന അറിവുകൾ യജ്ഞമായികാണുന്നവരുമുണ്ട്. മന്ത്രോച്ചാരണത്തിലൂടെയും ദ്രവ്യങ്ങൾകൊണ്ടും യജ്ഞം നടത്തുന്നവരുമുണ്ട്. യോഗാഗ്നിയിൽ സർവ്വ ആഗ്രഹങ്ങളും കർമ്മങ്ങളും ഹോമിക്കുന്ന യോഗികളുമുണ്ട്.

28-30. ദ്രവ്യങ്ങൾ ഹോമിച്ചും, യോഗവിദ്യയിലൂടെയും, ദാനങ്ങളിലൂടെയും, ജ്ഞാനമാർഗ്ഗം മാത്രം അവലംബിച്ചും, വേദാദിപഠനങ്ങളിലൂടെയും യജ്ഞം നടത്തുന്നവരുമുണ്ട്. ശ്വാസോച്ഛ്വാസനിയന്ത്രണത്തിലൂടെ പ്രാണയജ്ഞം നടത്തുന്നു ചിലർ. വ്രതയജ്ഞം ആഹാരനിയന്ത്രണത്തിലൂടെയും, ശരീരത്തിന്റെ പ്രാണശക്തിയെ അറിഞ്ഞും യജ്ഞം നടത്തുന്നു, മറ്റുചിലർ.

31-32. യജ്ഞശിഷ്ടമായത് ഭുജിക്കുന്ന യോഗി പരമചൈതന്യത്തിലലിയുന്ന ആനന്ദമനുഭവിക്കുന്നു. വിവിധ യജ്ഞങ്ങളെക്കുറിച്ചുള്ള വേദവിവരണങ്ങളും നീ അറിയേണ്ടതാണ്. കർമ്മമോചനത്തിന് ഈ യജ്ഞം ഉത്തമമാണ്.

33-34. ജ്ഞാനയജ്ഞം ദ്രവ്യയജ്ഞത്തേക്കാൾ മഹത്തരമാണ്. മഹാജ്ഞാനികളിൽ നിന്നുമാണ് ജ്ഞാനം ആർജ്ജിക്കേണ്ടത്. തത്വദർശികളായ ജ്ഞാനികളാണ് സത്യദർശികൾ എന്നുമറിയുക.



Scanned with CamScanner

35. യജ്ഞാത്വാ ന പുനർമോഹമേവം യാസ്യസി പാണ്ഡവ
യേന ഭൂതാന്യശേഷേണ ദ്രക്ഷ്യസ്യാത്മന്യഥോ മയി.
36. അപിചേദസി പാപേഭ്യഃ സർവ്വേഭ്യഃ പാപകൃത്തമഃ
സർവ്വം ജ്ഞാനപ്ലവേനൈവ വൃജിനം സംതരിഷ്യസി.
37. യഥൈധാംസി സമിദ്ധോഽഗ്നിർ ഭസ്മസാത് കുരുതേഽർജ്ജുന,
ജ്ഞാനാഗ്നിഃ സർവ്വകർമ്മാണി ഭസ്മസാത് കുരുതേ തഥാ
38. ന ഹി ജ്ഞാനേന സദൃശം പവിത്രമിഹ വിദ്യതേ
തത്സ്വയം യോഗസംസിദ്ധഃ കാലേനാത്മനി വിന്ദതി.
39. ശ്രദ്ധാവാംല്ലഭതേ ജ്ഞാനം തത്പരഃ സംയതേന്ദ്രിയഃ
ജ്ഞാനം ലബ്ധ്വാ പരാം ശാന്തിമചിരേണാധിഗച്ഛതി.
40. അജ്ഞശ്ചാശ്രദ്ദധാനശ്ച സംശയാത്മാ വിനശ്യതി
നായം ലോകോഽസ്തി ന പരോ ന സുഖം സംശയാത്മനഃ
41. യോഗസന്ന്യസ്തകർമ്മാണം ജ്ഞാനസംഛിന്നസംശയം
ആത്മവന്തം ന കർമ്മാണി നിബധ്നന്തി ധനഞ്ജയ.
42. തസ്മാദജ്ഞാനസംഭൂതം ഹൃത്സ്ഥം ജ്ഞാനാസിനാത്മനഃ
ഛിത്ത്വൈനം സംശയം യോഗമാതിഷ്ഠോത്തിഷ്ഠ ഭാരത.

## അദ്ധ്യായം 5 – ഗീതാശ്ലോകം – കർമ്മ സന്ന്യാസയോഗം

1. (അർജ്ജുനൻ) സന്ന്യാസം കർമ്മണാം കൃഷ്ണ പുനർയോഗം ച ശംസസി
യച്ഛ്രേയ ഏതയോരേകം തന്മേ ബ്രൂഹി സുനിശ്ചിതം
2. (ശ്രീഭഗവാൻ) സന്ന്യാസഃ കർമ്മയോഗശ്ച നിഃശ്രേയസകരാവുഭൗ
തയോസ്തു കർമ്മസന്ന്യാസാത് കർമ്മയോഗോ വിശിഷ്യതേ
3. ജ്ഞേയഃ സ നിത്യസന്ന്യാസീ യോ ന ദ്വേഷ്ടി ന കാങ്ക്ഷതി
നിർദ്വന്ദ്വോ  ഹി മഹാബാഹോ സുഖം ബന്ധാത് പ്രമുച്യതേ
4. സാംഖ്യയോഗൗ പൃഥഗ്ബാലാഃ പ്രവദന്തി ന പണ്ഡിതാഃ
ഏകമപ്യാസ്ഥിതഃ സമ്യഗുഭയോർവിന്ദതേ ഫലം.
5. യത് സാംഖ്യൈഃ പ്രാപ്യതേ സ്ഥാനം തദ്യോഗൈരപി ഗമ്യതേ
ഏകം സാഖ്യം ച യോഗം ച യഃ പശ്യതി സ പശ്യതി.
6. സന്ന്യാസസ്തു മഹാബാഹോ ദുഃഖമാപ്തുമയോഗതഃ
യോഗയുക്തോ മുനിർബ്രഹ്മ നചിരേണാധിഗച്ഛതി.
7. യോഗയുക്തോ വിശുദ്ധാത്മാ വിജിതാത്മാ ജിതേന്ദ്രിയഃ
സർവ്വഭൂതാത്മഭൂതാത്മാ കുർവ്വന്നപി ന ലിപ്യതേ
8. നൈവം കിംചിത് കരോമീതി യുക്തോ മന്യേത തത്ത്വവിത്
പശ്യൻ ശൃണ്വൻ സ്പൃശൻ ജിഘ്രന്നശ്നൻഗച്ഛൻസ്വപൻശ്വസൻ.
9. പ്രലപൻ വിസൃജൻ ഗൃഹ്ണന്നുന്മിഷന്നിമിഷന്നപി
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഷു വർത്തന്ത ഇതി ധാരയൻ.
10. ബ്രഹ്മണ്യാധായ കർമ്മാണി സങ്ഗം ത്യക്ത്വാ കരോതി യഃ
ലിപ്യതേ ന സ പാപേന പദ്മപത്രമിവാംഭസാ.



Scanned with CamScanner

35-38. ജ്ഞാനപ്രഭയേകുവാൻ സാധിക്കുന്ന നിമിഷം, നീ ആരെന്നും ഞാനാരെന്നും നീ അറിയും, പിന്നീട് പ്രപഞ്ചചൈതന്യത്താൽ സൃഷ്ടിക്കപ്പെട്ട സർവ്വതും നീയറിയും, ഈ ജ്ഞാനത്താൽ ഘോരപാപിപോലും പാപമോചിതനാകും. അഗ്നി വിറകിനെ ഭസ്മമാക്കുന്നതുപോലെ ജ്ഞാനാഗ്നിഎല്ലാ കർമ്മത്തേയും ഭസ്മമാക്കുന്നു. ജ്ഞാനത്തേക്കാൾ മഹത്തരമായതൊന്നുമില്ല. കർമ്മയോഗി. യോഗാന്ത്യത്തിൽ ചെന്നെത്തുന്നതും ഈ ജ്ഞാനജ്യോതിസ്സിനാലാണ്.

39-40 ഇന്ദ്രിയ സംയമനത്തിലൂടെ ശ്രദ്ധയോടെ നടത്തുന്ന കർമ്മവും ജ്ഞാനമാർഗ്ഗമാണ്. ഇപ്രകാരമുള്ള ജ്ഞാനത്തിലൂടെ ശാന്തിയുടെ പരമപദപ്രാപ്തി നിശ്ചിതമാണ്. അജ്ഞനും, അശ്രദ്ധകർമ്മിയും, സംശയിക്കുന്നവനും, അവിശ്വാസിയും ആത്മീയപന്ഥാവിലൂടെയുള്ള പ്രയാണം ദുഃഖകരമെന്ന് കരുതുന്നു. അവർക്ക് ഈ ലോകവും പരലോകവം സംശയവിഷയങ്ങളാണ്.

41-44. കർമ്മയോഗത്തിന്റെ പരമകാഷ്ഠയിൽ കർമ്മിക്ക്, കർമ്മബന്ധമുണ്ടാകുന്നില്ല. അവിശ്വാസത്തിന്റെ അന്ധകാരം ജ്ഞാനപ്രകാശത്താൽ മറയുന്നു. അതിനാൽ നിന്റെ സംശയം ജ്ഞാനത്തിന്റെ ഖഡ്ഗത്താൽ ഭേദിച്ച് കർമ്മയോഗിയുടെ തപസ്യയായി യുദ്ധത്തിന് തയ്യാറാകൂ.

## അദ്ധ്യായം 5 – ഗീതാസന്ദേശം

1. (അർജ്ജുനവചനം) ക്ഷത്രിയനായ എന്റെ നന്മയ്ക്ക് ജ്ഞാനയോഗമാണോ കർമ്മയോഗമാണോ ഉത്തമം എന്നുപദേശിച്ചാലും.

2-3. (ശ്രീകൃഷ്ണവചനം) ജ്ഞാനയോഗവും കർമ്മയോഗവും പരമപദപ്രാപ്തിലക്ഷ്യമിടുന്നു. കർമ്മസന്ന്യാസത്തിലൂടെ (കർമ്മഫലം ത്യജിച്ചുള്ള കർമ്മം)യുള്ള കർമ്മയോഗമാണ് നിനക്കുത്തമം. കർമ്മബന്ധമില്ലാത്ത കർമ്മയോഗിക്ക് ഇഷ്ടാനിഷ്ടങ്ങളില്ലല്ലോ. അവൻ നിത്യതൃപ്തനാണ്.

4-6. കർമ്മയോഗവും ജ്ഞാനയോഗവും രണ്ടു ലക്ഷ്യത്തിലേക്കു നയിക്കുന്നു എന്ന വിവരണം ബാലിശമാണ്. ശ്രദ്ധയോടെ ഒരു പന്ഥാവിലൂടെ ചരിച്ചാലും രണ്ടിന്റെയും ഫലം നിശ്ചയമാണ്. ഒരേലക്ഷ്യമുള്ള കർമ്മ-ജ്ഞാനയോഗങ്ങളെ ഒന്നായിക്കാണുന്ന യോഗിയാണ് സത്യദർശി. കർമ്മ യോഗത്തിലൂടെയല്ലാതെ സാംഖ്യയോഗിയുടെ ജ്ഞാനപ്രാപ്തി വിഷമകരമാണ്. ഈശ്വരാർപ്പണത്തിലൂടെ നടത്തുന്ന കർമ്മത്തിന് പരമപദപ്രാപ്തി എളുപ്പമാണ്.

7-10. സർവചരാചരങ്ങളിലേയും ചൈതന്യമൊന്നാണെന്നറിയുന്ന യോഗി, ഇന്ദ്രിയ നിയന്ത്രണം നേടിയാൽ അനുഷ്ഠിക്കുന്ന കർമ്മത്തിൽപ്പോലും ബന്ധനസ്ഥനാകുകയില്ല. കാണുകയും കേൾക്കുകയും, സ്വാദനുഭവിക്കുകയും സ്പർശനമറിയുകയും, കണ്ണടയ്ക്കുകയും ശ്വസിക്കുകയും ചെയ്യുന്നതെല്ലാം യോഗിയെ സംബന്ധിച്ചിടത്തോളം അതിന്റെ സ്വതസിദ്ധമായ ജ്ഞാനത്തിലൂടെ അനുഷ്ഠിക്കുന്ന ഇന്ദ്രിയകർമ്മം മാത്രമാണ്. ഈ യോഗി, കർമ്മബന്ധമോചിതനായി അനുഷ്ഠിക്കുന്നതിനാൽ താമരയിലയിലെ ജലംപോലെ അവന് കർമ്മഫലബന്ധമുണ്ടാകുകില്ല.



Scanned with CamScanner

11. കായേന മനസാ ബുദ്ധ്യാ കേവലൈരിന്ദ്രിയൈരപി
യോഗിനഃ കർമ്മ കുർവ്വന്തി സങ്ഗം ത്യക്ത്വാത്മശുദ്ധയേ

12. യുക്തഃ കർമ്മഫലം ത്യക്ത്വാ ശാന്തിമാപ്നോതിനൈഷ്ഠികീം
അയുക്തഃ കാമകാരേണ ഫലേ സക്തോ നിബധ്യതേ

13. സർവ്വകർമ്മാണി മനസാ സന്ന്യസ്യാസ്തേ സുഖം വശീ
നവദ്വാരേ പുരേ ദേഹീ നൈവ കുർവ്വൻ ന കാരയൻ.

14. ന കർത്തൃത്വം ന കർമ്മാണി ലോകസ്യ സൃജതി പ്രഭുഃ
ന കർമ്മഫലസംയോഗം സ്വഭാവസ്തു പ്രവർത്തതേ

15. നാദത്തേ കസ്യചിത് പാപം ന ചൈവ സുകൃതം വിഭുഃ
ആജ്ഞാനേനാവൃതം ജ്ഞാനം തേന മുഹ്യന്തി ജന്തവഃ

16. ജ്ഞാനേന തു തദജ്ഞാനം യേഷാം നാശിതമാത്മനഃ
തേഷാമാദിത്യവജ്ജ്ഞാനം പ്രകാശയതി തത്പരം

17. തദ്ബുദ്ധയസ്തദാത്മാനസ്തന്നിഷ്ഠാസ്തത്പരായണാഃ
ഗച്ഛന്ത്യപുനരാവൃത്തിം ജ്ഞാനനിർധൂതകല്മഷാഃ

18. വിദ്യാവിനയസമ്പന്നേ ബ്രാഹ്മണേ ഗവി ഹസ്തിനി
ശുനി ചൈവ ശ്വപാകേ ച പണ്ഢിതാഃ സമദർശിനഃ

19. ഇഹൈവ തൈർജ്ജിതഃ സർഗ്ഗോ യേഷാം സാമ്യേ സ്ഥിതം മനഃ
നിർദ്ദോഷം ഹി സമം ബ്രഹ്മ തസ്മാദ് ബ്രഹ്മണി തേ സ്ഥിതാഃ

20. ന പ്രഹൃഷ്യേത് പ്രിയം പ്രാപ്യ നോദ്വിജേത് പ്രാപ്യ ചാപ്രിയം
സ്ഥിരബുദ്ധിരസംമൂഢോ ബ്രഹ്മവിദ് ബ്രഹ്മണി സ്ഥിതഃ

21. ബാഹ്യസ്പർശേഷ്വസക്താത്മാ വിന്ദത്യാത്മനി യത്സുഖം
സ ബ്രഹ്മയോഗയുക്താത്മാ സുഖമക്ഷയ്യമശ്നുതേ

22. യേ ഹി സംസ്പർശജാ ഭോഗാഃദുഃഖയോനയ ഏവ തേ
ആദ്യന്തവന്തഃ കൗന്തേയ ന തേഷു രമതേ ബുധഃ

23. ശക്നോതീഹൈവ യഃ സോഢും പ്രാക് ശരീരവിമോക്ഷണാത്
കാമക്രോധോദ്ഭവം വേഗം സ യുക്തഃ സ സുഖീ നരഃ

24. യോഽന്തഃ സുഖോഽന്തരാരാമസ്തഥാന്തർജ്യോതിരേവ യഃ
സ യോഗീ ബ്രഹ്മനിർവ്വാണം ബ്രഹ്മഭൂതോഽധിഗച്ഛതി.

25. ലഭന്തേ ബ്രഹ്മനിർവ്വാണമൃഷയഃ ക്ഷീണകല്മഷാഃ
ഛിന്നദ്വൈധാ യതാത്മാനഃ സർവ്വഭൂതഹിതേ രതാഃ

26. കാമക്രോധവിയുക്താനാം യതീനാം യതചേതസാം
അഭിതോ ബ്രഹ്മനിർവ്വാണം വർത്തതേ വിദിതാത്മനാം

27. സ്പർശാൻ കൃത്വാ ബഹിർബാഹ്യാംശ്ചക്ഷുശ്ചൈവാന്തരേ ഭ്രുവോഃ
പ്രാണാപാനൗ സമൗ കൃത്വാ നാസാഭ്യന്തരചാരിണൗ

28. യതേന്ദ്രിയമനോബുദ്ധിർമുനിർമോക്ഷപരായണഃ
വിഗതേച്ഛാഭയക്രോധാ യഃ സദാ മുക്ത ഏവ സഃ

29. ഭോക്താരം യജ്ഞതപസാം സർവ്വലോകമഹേശ്വരം
സുഹൃദം സർവ്വഭൂതാനാം ജ്ഞാത്വാ മാം ശാന്തിമൃച്ഛതി.



Scanned with CamScanner

11-13. എന്റേതെന്നും എനിക്കെന്നുമുള്ള ബോധമില്ലാതെയാണ് ജ്ഞാന കർമ്മേന്ദ്രിയങ്ങളിലൂടെ യോഗി കർമ്മം ചെയ്യുന്നത്. കർമ്മഫല പ്രതീക്ഷ ഉപേക്ഷിക്കുമ്പോൾ മാത്രമാണ് പരമമായ ശാന്തിയും ലഭിക്കുന്നത്. ശരീര ചൈതന്യം മനസ്സിലും, മനസ്സ് നിയന്ത്രിച്ചും കഴിയുന്ന ഈ ജ്ഞാനയോഗി കർമ്മം ചെയ്താലും ഇല്ലെങ്കിലും സുഖവാനായിത്തീരുന്നു.

14-16. വ്യക്തിയുടെ കർമ്മം-കർമ്മബന്ധം-കൃത്യം ഇവ തീരുമാനിക്കുന്നത് (ചുറ്റുപാടുകളാണ്) പ്രകൃതിയാണ്, ജഗത്സ്രഷ്ടാവായ ഈശ്വരനല്ല. ഈശ്വര ൻ പാപപുണ്യങ്ങൾ ആർക്കും നൽകുന്നില്ല. നമ്മുടെ അജ്ഞാനമാണ് പാപ പുണ്യങ്ങൾക്കടിസ്ഥാനം. ആദിത്യനെപ്പോലെ പ്രകാശിക്കുന്ന ജ്ഞാനത്തി ലൂടെയാണ് ഈ അജ്ഞാനത്തെ ദൂരീകരിക്കേണ്ടത്.

17-18. ആത്മജ്ഞാനത്തിന്റെ പരമപദവിയിലേക്കെത്തിയ വ്യക്തിക്ക് പുനർ ജനനമില്ലതന്നെ. വിദ്യയും, വിനയവും അതിന്റെ പാരമ്യത്തിലെത്തിയവന് പശുവിലും, ആനയിലും, നായയിലും, നായാടിയിലും, എല്ലാം വർത്തിക്കുന്ന ചൈതന്യവും തന്നിൽ പ്രകാശിക്കുന്ന ചൈതന്യവും തുല്യമഹത്വമുള്ളതാ ണെന്നറിവുണ്ടാകുന്നു.

19-20. പരമപദത്തിലെത്തുന്ന അവസ്ഥയിലും, സുഖദുഃഖാനുഭവ വേളയിലും ഈശ്വരചൈതന്യബന്ധം പുലർത്തുന്ന വ്യക്തി അചഞ്ചലനായിത്തന്നെ വർത്തിക്കുന്നു.

21-22. ധ്യാനമാർഗത്തിലൂടെ പരമചൈതന്യദർശനം നടത്തുന്ന യോഗി, മന സ്സിന് ശാശ്വതസംതൃപ്തി നൽകുന്ന സാത്വിക സുഖമനുഭവിക്കുന്നു. ഇന്ദ്രി യങ്ങളിലൂടെ അനുഭവിക്കുന്ന ഭൗതിക ഭോഗസുഖം ശാശ്വതമല്ല. അതിനാൽ ജ്ഞാനികൾ ഇന്ദ്രിയസുഖത്തേക്കാൾ മനസ്സിന്റെ ശാശ്വതമായ സുഖത്തിന് മഹത്വം നൽകുന്നു.

23-24. ആഗ്രഹവും ദ്വേഷവും മനുഷ്യനായി വർത്തിച്ചുകൊണ്ട് തന്നെ, ഇല്ലാ താക്കുവാൻ ശ്രമിക്കുമ്പോഴാണ് യോഗിയായിത്തീരുന്നത്. ആന്തരിക പ്രകാ ശത്താൽ ആനന്ദിക്കുവാൻ ഈ യോഗിക്കു മനുഷ്യശരീരംകൊണ്ടുതന്നെ സാധിക്കുന്നു. യോഗിതന്നെ ഈശ്വരസാക്ഷാത്കാരം നേടുന്നു.

25-26. ഉറച്ച വിശ്വാസം, ഉജ്ജ്വല ജ്ഞാനം, ഏകാഗ്ര മനസ്സ് ഇതാണ് ഋഷീശ്വ രന്മാരെ പാപമുക്തരാക്കി ഈശ്വരങ്കൽ എത്തിക്കുന്നത്. ശാശ്വതമായ ആന്ത രിക ശാന്തിയിലവർ അലിയുന്നത് കാണാം.

27-28. തിരുനെറ്റിയിൽ ശ്രദ്ധകേന്ദ്രീകരിച്ച്, ശ്വാസോച്ഛ്വാസനിയന്ത്രണത്തി ലൂടെ ജ്ഞാനേന്ദ്രിയങ്ങളേയും, മനസ്സിനേയും, ബുദ്ധിയേയും സ്വനിയന്ത്ര ണത്തിലാക്കി ആഗ്രഹ-ഭയ-ദ്വേഷങ്ങളിൽ നിന്നു മുക്തനാകുകയാണ് യോഗിയുടെ ലക്ഷ്യം.

29. പ്രപഞ്ചചൈതന്യം തന്നെയാണ് നിന്റെ മുമ്പിൽ നിൽക്കുന്ന ഞാനെ ന്നറിഞ്ഞു; സർവ്വയജ്ഞവും എന്നിലെത്തിച്ചേരുന്നു എന്നും അറിഞ്ഞ് എല്ലാത്തിനോടും സമഭാവം പുലർത്തി എന്നിലേക്കുതന്നെയാണ് നീയും നിന്റെ കർമ്മവും എത്തിച്ചേരേണ്ടതെന്നറിഞ്ഞ് നീ പ്രവർത്തിക്കുക.



Scanned with CamScanner

## അദ്ധ്യായം 6 – ഗീതാശ്ലോകം – ആത്മസംയമയോഗം

1. (ശ്രീഭഗവാൻ) അനാശ്രിതഃ കർമ്മഫലം കാര്യം കർമ്മ കരോതി യഃ
സ സന്ന്യാസീ ച യോഗീ ച ന നിരഗ്നിർന ചാക്രിയഃ
2. യം സന്ന്യാസമിതി പ്രാഹുർ യോഗം തം വിദ്ധി പാണ്ഡവ
ന ഹ്യസന്ന്യസ്തസങ്കല്പോ യോഗീ ഭവതി കശ്ചന
3. ആരുരുക്ഷോർമുനേർയോഗം കർമ്മ കാരണമുച്യതേ
യോഗാരൂഢസ്യ തസ്യൈവ ശമഃ കാരണമുച്യതേ
4. യദാ ഹി നേന്ദ്രിയാർത്ഥേഷു ന കർമ്മസ്വനുഷജ്ജതേ
സർവ്വസങ്കല്പസന്ന്യാസീ യോഗാരൂഢസ്തദോച്യതേ.
5. ഉദ്ധരേദാത്മനാത്മാനം നാത്മാനമവസാദയേത്
ആത്മൈവ ഹ്യാത്മനോ ബന്ധുരാത്മൈവ രിപുരാത്മനഃ
6. ബന്ധുരാത്മാത്മനസ്തസ്യ യേനാത്മൈവാത്മനാ ജിതഃ
അനാത്മനസ്തു ശത്രുത്വേ വർത്തേതാത്മൈവ ശത്രുവത്.
7. ജിതാത്മനഃ പ്രശാന്തസ്യ പരമാത്മാ സമാഹിതഃ
ശീതോഷ്ണസുഖദുഃഖേഷു തഥാ മാനാപമാനയോഃ
8. ജ്ഞാനവിജ്ഞാനതൃപ്താത്മാ കൂടസ്ഥോ വിജിതേന്ദ്രിയഃ
യുക്ത ഇത്യുച്യതേ യോഗീ സമലോഷ്ടാശ്മകാഞ്ചനഃ
9. സുഹൃന്മിത്രാര്യുദാസീനമധ്യസ്ഥദ്വേഷ്യബന്ധുഷു
സാധുഷ്വപി ച പാപേഷു സമബുദ്ധിർവ്വിശിഷ്യതേ
10. യോഗീ യുഞ്ജീത സതതമാത്മാനം രഹസി സ്ഥിതഃ
ഏകാകീ യതചിത്താത്മാ നിരാശീരപരിഗ്രഹഃ
11. ശുചൗ ദേശേ പ്രതിഷ്ഠാപ്യ സ്ഥിരമാസനമാത്മനഃ
നാത്യുച്ഛ്രിതം നാതിനീചം ചൈലാജിനകുശോത്തരം
12. തത്രൈകാഗ്രം മനഃ കൃത്വാ യതചിത്തേന്ദ്രിയ ക്രിയഃ
ഉപവിശ്യാസനേ യുഞ്ജ്യാദ്യോഗമാത്മവിശുദ്ധയേ
13. സമം കായശിരോഗ്രീവം ധാരയന്നചലം സ്ഥിരഃ
സംപ്രേക്ഷ്യ നാസികാഗ്രം സ്വം ദിശശ്ചാനവലോകയൻ
14. പ്രശാന്താത്മാ വിഗതഭീർഃ ബ്രഹ്മചാരിവ്രതേ സ്ഥിതഃ
മനഃ സംയമ്യ മച്ചിത്തോ യുക്ത ആസീത മത്പരഃ
15. യുഞ്ജന്നേവം സദാത്മാനം യോഗീനിയതമാനസഃ
ശാന്തിം നിർവ്വാണപരമാം മത്സംസ്ഥാമധിഗച്ഛതി
16. നാത്യശ്നതസ്തു യോഗോഽസ്തി ന ചൈകാന്തമനശ്നതഃ
ന ചാതിസ്വപ്നശീലസ്യ ജാഗ്രതോ നൈവ ചാർജ്ജുന.
17. യുക്താഹാരവിഹാരസ്യ യുക്തചേഷ്ടസ്യ കർമ്മസു
യുക്തസ്വപ്നാവബോധസ്യ യോഗോ ഭവതി ദുഃഖഹാ
18. യദാ വിനിയതം ചിത്തമാത്മന്യേവാവതിഷ്ഠതേ
നിഃസ്പൃഹഃ സർവ്വകാമേഭ്യോ യുക്ത ഇത്യുച്യതേ തദാ
19. യഥാ ദീപോനിവാതസ്ഥോ നേങ്ഗതേ സോപമാ സ്മൃതാ
യോഗിനോ യതചിത്തസ്യ യുഞ്ജതോ യോഗമാത്മനഃ
20. യത്രോപരമതേ ചിത്തം നിരുദ്ധം യോഗസേവയാ
യത്രചൈവാത്മനാത്മാനം പശ്യന്നാത്മനി തുഷ്യതി.



Scanned with CamScanner

## അദ്ധ്യായം 6 – ഗീതാസന്ദേശം

1-2. (ശ്രീകൃഷ്ണവചനം) അഗ്നിയിൽ യജ്ഞങ്ങളും കർമ്മങ്ങളും നടത്തുന്നവനും സർവതും ഉപേക്ഷിച്ചവനും യോഗിയാകണമെന്നില്ല. കർമ്മഫലത്തെ ഉപേക്ഷിച്ചുള്ള കർമ്മിയാണ് സംന്യാസിയും യോഗിയും ആയിത്തീരുന്നത്. സർവ്വതും ഉപേക്ഷിക്കുന്ന സംന്യാസമാണ് യോഗം. സംന്യാസമില്ലാതെ ഒരുവന് യോഗിയാകുവാൻ സാധ്യമല്ല.

3-4. സംന്യാസത്തിലൂടെയുള്ള കർമ്മമാണ് യോഗാവസ്ഥയിലേക്കുള്ള ചവിട്ടുപടി. ചിന്താതീതമായ മാനസീകാവസ്ഥയാണ് ആനന്ദത്തിനുള്ള ചവിട്ടുപടി. ദ്രവ്യങ്ങളിലും, ഇന്ദ്രിയസുഖത്തിലും, സുഖചിന്തയിലും, ലോകഭോഗ്യവസ്തുക്കളിലും പൂർണ്ണവിരക്തർ യോഗത്തിന്റെ അത്യുന്നതശൃംഗത്തിലെത്തുന്നു.

5-6. സ്വയം ഉയരാനും ഉയർത്താനും പ്രയത്നിക്കുവാനും, സ്വയം തന്നെ ബന്ധുവെന്നും ശത്രുവെന്നും കരുതുവാനും സാധിച്ചാൽ 'സ്വ' ത്തെ(തന്നെത്തന്നെ) നിയന്ത്രിക്കുവാൻ സാധിക്കുന്ന യോഗാവസ്ഥയിലേക്കുളള പന്ഥാവാണിത് എന്ന അറിവുണ്ടാകും.

7-8. ശീത-ഉഷ്ണ, സുഖദുഃഖാദികളെ സമദൃഷ്ടിയോടെ വീക്ഷിക്കുന്നവൻ ശാന്തമായി ജീവചൈതന്യത്തെയും ശരീരത്തേയും ജ്ഞാനകർമ്മഭാവങ്ങളെയും ഏകഭാവത്തിലെത്തിക്കുന്നു. ആത്മീയ-ശാസ്ത്രീയ ജ്ഞാനനിമഗ്നനായ യോഗിക്ക് കല്ലും, മണ്ണും, സ്വർണ്ണവും ഒരുപോലയായിത്തീരുന്നു.

9-10. സുഹൃത്തുക്കളെയും ശത്രുക്കളെയും, അഭ്യുദയകാംക്ഷികളെയും, മധ്യസ്ഥരേയും പുണ്യാത്മാക്കളെയും പാപികളെയും ഈ ജ്ഞാനി ഒരുപോലെ വീക്ഷിക്കുന്നു. ഏകാന്തതയിൽ , ഇന്ദ്രിയനിഗ്രഹം ചെയ്ത്, എല്ലാം ത്യജിച്ച് ഈ യോഗി ധ്യാനനിരതനായി വസിക്കുന്നതിൽ ആനന്ദിക്കുന്നു.

11-15. വൃത്തിയായസ്ഥാനത്ത് ദർഭപുല്ലിൽ, കൃഷ്ണാജിനത്തിൽ ഉയരത്തിലുള്ള പീഠത്തിലിരുന്ന് മനോനിയന്ത്രണത്തിലൂടെ ഏക ബിന്ദുവിനെ കേന്ദ്രീകരിച്ച്, നാസാഗ്രം മാത്രം ദർശിച്ച് ശാന്തചിത്തനായി, പ്രപഞ്ചചൈതന്യത്തെമാത്രം ചിന്തിച്ച് പൂർണ്ണശുദ്ധിയോടെ ഭയരഹിതിനായി ആനന്ദചിത്തനായി യോഗി ധ്യാനനിരതനാകുന്നു.

16-20. അമിതഭക്ഷണവും, പൂർണ്ണനിരാഹാരവും, അതുപോലെ അമിത ഉറക്കവും ഉറങ്ങാതിരിക്കലും യോഗിയുടെ ലക്ഷണമല്ല. ഇവയിലെല്ലാം നിയന്ത്രണം യോഗിയുടെ കർത്തവ്യമാകുന്നു. പൂർണ്ണമാനസിക നിയന്ത്രണം യോഗമാർഗ്ഗവുമാണ്. കാറ്റില്ലാത്തപ്പോൾ ദീപശിഖ ചാഞ്ചാടാത്തതുപോലെ യോഗിയുടെ മനസ്സ് അചഞ്ചലമാകണം. ഈ അവസ്ഥയിൽ ഈശ്വരദർശനാനുഭൂതിയും യോഗിക്കനുഭവപ്പെടുന്നു.



Scanned with CamScanner

21. സുഖമാത്യന്തികം യത്തദ്ബുദ്ധിഗ്രാഹ്യമതീന്ദ്രിയം
വേത്തി യത്ര ന ചൈവായം സ്ഥിതശ്ചലതി തത്ത്വതഃ
22. യം ലബ്ധ്വാ ചാപരം ലാഭം മന്യതേ നാധികം തതഃ
യസ്മിൻ സ്ഥിതോ ന ദുഃഖേന ഗുരുണാപി വിചാല്യതേ
23. തം വിദ്യാദ് ദുഃഖസംയോഗവിയോഗം യോഗസംജ്ഞിതം
സ നിശ്ചയേന യോക്തവ്യോ യോഗോഽനിർവിണ്ണചേതസാ.
24. സങ്കല്പപ്രഭവാൻ കാമാംസ്ത്യക്ത്വാ സർവ്വാനശേഷതഃ
മനസൈവേന്ദ്രിയ ഗ്രാമം വിനിയമ്യ സമന്തതഃ
25. ശനൈഃ ശനൈരുപരമേദ് ബുദ്ധ്യാ ധൃതിഗൃഹീതയാ
ആത്മസംസ്ഥം മനഃകൃത്വാ ന കിഞ്ചിദപി ചിന്തയേത്.
26. യതോ യതോ നിശ്ചരതി മനസ്ചഞ്ചലമസ്ഥിരം
തതസ്തതോ നിയമ്യൈതദാത്മന്യേവ വശം നയേത്.
27. പ്രശാന്തമനസം ഹ്യേനം യോഗിനം സുഖമുത്തമം
ഉപൈതി ശാന്തരജസം ബ്രഹ്മഭൂതമകല്മഷം.
28. യുഞ്ജന്നേവം സദാത്മാനം യോഗീ വിഗതകല്മഷഃ
സുഖേന ബ്രഹ്മസംസ്പർശമത്യന്തം സുഖമശ്നുതേ
29. സർവ്വഭൂതസ്ഥമാത്മാനം സർവ്വഭൂതാനി ചാത്മനി
ഈക്ഷതേ യോഗയുക്താത്മാ സർവ്വത്ര സമദർശനഃ
30. യോ മാം പശ്യതി സർവ്വത്ര സർവ്വം ച മയി പശ്യതി
തസ്യാഹം ന പ്രണശ്യാമി സ ച മേ ന പ്രണശ്യതി.
31. സർവ്വഭൂതസ്ഥിതം യോ മാം ഭജത്യേകത്വമാസ്ഥിതഃ
സർവ്വഥാ വർത്തമാനോഽപി സ യോഗീ മയി വർത്തതേ.
32. ആത്മൗപമ്യേന സർവ്വത്ര സമം പശ്യതി യോഽർജ്ജുന
സുഖം വാ യദി വാ ദുഃഖം സ യോഗീ പരമോ മതഃ
33. (അർജ്ജുനൻ) യോഽയം യോഗസ്ത്വയാ പ്രോക്തഃ സാമ്യേന മധുസൂദന
ഏതസ്യാഹം ന പശ്യാമി ചഞ്ചലത്വാത്സ്ഥിതിം സ്ഥിരാം.
34. ചഞ്ചലം ഹി മനഃകൃഷ്ണ, പ്രമാഥി ബലവദ്ദൃഢം
തസ്യാഹം നിഗ്രഹം മന്യേ വായോരിവ സുദുഷ്കരം
35. (ശ്രീഭഗവാൻ) അസംശയം മഹാബാഹോ മനോ ദുർനിഗ്രഹം ചലം
അഭ്യാസേന തു കൗന്തേയ വൈരാഗ്യേണ ച ഗൃഹ്യതേ.
36. അസംയതാത്മനാ യോഗോ ദുഷ്പ്രാപ ഇതി മേ മതിഃ
വശ്യാത്മനാ തു യതതാ ശക്യോഽവാപ്തുമുപായതഃ
37. (അർജ്ജുനൻ) അയതിഃ ശ്രദ്ധയോപേതോ യോഗാച്ചലിതമാനസഃ
അപ്രാപ്യ യോഗസംസിദ്ധിം കാം ഗതിം കൃഷ്ണ ഗച്ഛതി.
38. കച്ചിന്നോഭയവിഭ്രഷ്ടശ്ഛിന്നാഭ്രമിവ നശ്യതി
അപ്രതിഷ്ഠോ മഹാബാഹോ വിമൂഢോ ബ്രഹ്മണഃ പഥി.
39. ഏതന്മേ സംശയം കൃഷ്ണ ഛേത്തുമർഹസ്യശേഷതഃ
ത്വദന്യഃസംശയസ്യാസ്യ ഛേത്താ ന ഹ്യുപപദ്യതേ



Scanned with CamScanner

21-23. ശുദ്ധമായ ബുദ്ധിയും, ഇന്ദ്രിയ നിഗ്രഹവും, സ്ഥിരമായ മനസ്സും അതീതമായ സുഖത്തിലെത്തിക്കുന്നു. ഇതിനപ്പുറം ഒന്നും ലഭിക്കാനില്ലെന്നും, ഘോരദുഃഖംപോലും അനുഭവയോഗ്യമല്ലാതാകുന്നു എന്ന അവസ്ഥയിലെത്തുന്നു. ഇത്തരത്തിലുള്ള യോഗചര്യയാണ് അനുഷ്ഠിക്കേണ്ടത്.

24-27. ഈശ്വരനിൽ ശ്രദ്ധകേന്ദ്രീകരിച്ച്, സാവധാനം ഏകാഗ്രതയിലെത്തി, മറ്റൊന്നും ചിന്തിക്കാതെ, ആഗ്രഹങ്ങൾ വെടിഞ്ഞ് ഇന്ദ്രിയങ്ങൾ നിയന്ത്രിച്ച് ലോകചിന്തവെടിഞ്ഞ്, എല്ലാത്തിൽ നിന്നും മനസ്സിനെ പിൻവലിച്ച് വീണ്ടും വീണ്ടും ഈശ്വരനെ ധ്യാനിക്കുന്ന യോഗി, തന്നിൽ വസിക്കുന്നത് ബ്രഹ്മചൈതന്യമാണെന്നറിഞ്ഞ് ആനന്ദിക്കുന്നു.

28-30. തന്നിലെ ജീവാത്മചൈതന്യം തന്നെയാണ് പരമചൈതന്യവുമെന്നറിയുന്നു. സർവ്വചരാചരങ്ങളിലും പരമാത്മചൈതന്യമുണ്ടെന്നവനറിയുന്നു. എല്ലാത്തിലും എന്നേയും എന്നിൽ എല്ലാത്തിനേയും ദർശിക്കുന്ന യോഗി എന്നെ പ്രണമിക്കേണ്ടതില്ല. ഞാനവനേയും പ്രണമിക്കുന്നില്ല. (അവനും ഞാനും ഒന്നായിത്തീരുന്നു.)

31-32. സർവ്വചരാചരങ്ങളിലെയും ചൈതന്യം ഞാനെന്നറിയുന്ന യോഗി എന്നിൽത്തന്നെ സ്ഥിതിചെയ്യുന്നു. എന്റെ ഏകഭാവത്തെ അറിയുന്നവനും സുഖദുഃഖങ്ങൾ വ്യത്യസ്തമല്ലെന്നറിയുന്നവനും അത്യുന്നതത്തിൽ വർത്തിക്കുന്നു.

33-34. (അർജ്ജുനവചനം) ചഞ്ചലമായ എന്റെ മാനസികാവസ്ഥയിൽ യോഗിയുടെ അചഞ്ചലമാനസികാവസ്ഥ എങ്ങിനെയായിരിക്കുമെന്ന് മനസ്സിലാകുന്നില്ല. മനസ്സ് പതറുന്നു, വികാരം തീവ്രമാകുന്നു, കാറ്റിനെ എന്നപോലെ മനസ്സിനെ നിയന്ത്രിക്കുവാൻ ഞാൻ അശക്തനാണ്.

35-36. (ശ്രീകൃഷ്ണവചനം) നിരന്തരസാധനയിലൂടെ പതറുന്ന മനസ്സിനെ നിയന്ത്രിക്കാം. മനോനിയന്ത്രണം വിഷമമേറിയതെങ്കിലും സാധനകൊണ്ട് അതാർക്കും നിയന്ത്രണാധീനമാകും.

37-39. (അർജ്ജുനവചനം) പൂർണ്ണവിശ്വാസിയാണെങ്കിലും മനോ-ആഗ്രഹ നിയന്ത്രണം സാധിക്കാത്തവന്റെ ഗതിയെന്താണ്? യോഗവിദ്യയിൽ പൂർണ്ണത കൈവരിക്കാത്തവനെന്തു സംഭവിക്കുന്നു? ഈശ്വരസാക്ഷാത്കാരം അപ്രാപ്യവും, സ്വയം നിരാലംബനുമായ വ്യക്തിക്ക് സംതൃപ്തി ലഭ്യമാകുമോ? എന്റെ ഈ സംശയത്തെ കൃഷ്ണാ നിനക്കുമാത്രമേ തീർത്തുതരുവാൻ സാധ്യമാകൂ!



Scanned with CamScanner

40. (ശ്രീഭഗവൻ) പാർത്ഥ, നൈവേഹ നാമുത്ര വിനാശസ്തസ്യ വിദ്യതേ
ന ഹി കല്യാണകൃത് കശ്ചിദ് ദുർഗതിം താത ഗച്ഛതി.

41. പ്രാപ്യ പുണ്യകൃതാം ലോകാനുഷിത്വാശാശ്വതീഃ സമാഃ
ശുചീനാം ശ്രീമതാം ഗേഹേ യോഗഭ്രഷ്ടോഽഭിജായതേ

42. അഥവാ യോഗിനാമേവ കുലേ ഭവതി ധീമതാം
ഏതദ്ധിദുർലഭതരം ലോകേ ജന്മ യദീദൃശം.

43. തത്ര തം ബുദ്ധിസംയോഗം ലഭതേ പൗർവ്വദേഹികം
യതതേ ച തതോ ഭൂയഃ സംസിദ്ധൗ കുരുനന്ദന.

44. പൂർവ്വാഭ്യാസേന തേനൈവ ഹ്രിയതേ ഹ്യവശോഽപി സഃ
ജിജ്ഞാസുരപി യോഗസ്യ ശബ്ദബ്രഹ്മാതിവർത്തതേ.

45. പ്രയത്നാദ്യതമാനസ്തു യോഗീ സംശുദ്ധകില്ബിഷഃ
അനേകജന്മസംസിദ്ധസ്തതോ യാതി പരാം ഗതിം.

46. തപസ്വിഭ്യോഽധികോ യോഗീ ജ്ഞാനിഭ്യോഽപി മതോഽധികഃ
കർമ്മിഭ്യശ്ചാദികോ യോഗീ തസ്മാദ്യോഗീ ഭവാർജ്ജുന

47. യോഗിനാമപി സർവ്വേഷാം മദ്ഗതേനാന്തരാത്മനാ
ശ്രദ്ധാവാൻ ഭജതേയോമാം സ മേ യുക്തതമോ മതഃ

## അദ്ധ്യായം 7 – ഗീതാശ്ലോകം – ജ്ഞാനവിജ്ഞാനയോഗം

1. (ശ്രീഭഗവാൻ) മയ്യാസക്തമനാഃ പാർത്ഥ യോഗം യുഞ്ജൻ മദാശ്രയഃ
അസംശയം സമഗ്രം മാം യഥാ ജ്ഞാസ്യസി തച്ഛൃണു

2. ജ്ഞാനം തേഽഹം സവിജ്ഞാനമിദം വക്ഷ്യാമ്യശേഷതഃ
യജ്ജ്ഞാത്വാ നേഹ ഭൂയോഽന്യത് ജ്ഞാതവ്യമവശിഷ്യതേ.

3. മനുഷ്യാണാം സഹസ്രേഷു കശ്ചിദ്യതതി സിദ്ധയേ
യതതാമപി സിദ്ധാനാം കശ്ചിന്മാം വേത്തി തത്ത്വതഃ

4. ഭൂമിരാപോഽനലോ വായുഃ ഖം മനോ ബുദ്ധിരേവ ച
അഹംകാര ഇതീയം മേ ഭിന്നാ പ്രകൃതിരഷ്ടധാ

5. അപരേയമിതസ്ത്വന്യാം പ്രകൃതിം വിദ്ധി മേ പരാം
ജീവഭൂതാം മഹാബാഹോ, യയേദം ധാർയ്യതേ ജഗത്

6. ഏതദ്യോനീനി ഭൂതാനി സർവ്വാണീത്യുപധാരയ
അഹം കൃത്സ്നസ്യ ജഗതഃ പ്രഭവ പ്രലയസ്തഥാ

7. മത്തഃ പരതരം നാന്യത് കിഞ്ചിദസ്തി ധനഞ്ജയ
മയി സർവ്വമിദം പ്രോതം സൂത്രേ മണിഗണാ ഇവ.



Scanned with CamScanner

40-42. (ശ്രീകൃഷ്ണവചനം) പരമചൈതന്യത്തിൽ സ്വയം അർപ്പിച്ചവന് ദുർഗ്ഗതിയില്ല. യോഗപന്ഥാവിലൂടെ ചരിക്കാൻ സാധിക്കാത്ത ശ്രേഷ്ഠനും ശ്രേഷ്ഠമായ സ്വർഗ്ഗം പ്രാപ്യമാണ്. സ്വർഗ്ഗവാസത്തിനു ശേഷം അവർ വീണ്ടും ഭൂമിയിൽ ഒരു ശ്രേഷ്ഠ കുലത്തിൽ ജനിക്കുന്നു എന്നുമാത്രം. ചില പ്പോൾ അവൻ ദുർലഭമായ യോഗിയുടെ കുലത്തിൽത്തന്നെ ജനിച്ചേക്കാം.

43-47. ഓരോ ജന്മത്തിലും പൂർവ്വജന്മബോധത്തോടെ ഈശ്വര സാക്ഷാത് കാരത്തിന് അവൻ പ്രവർത്തിക്കും. പൂർവ്വ ജന്മ സുകൃതത്താൽത്തന്നെ സമ്പന്നകുലത്തിൽ ജനിച്ചവനും ഈശ്വരദർശനാർത്ഥകർമ്മം അനുഷ്ഠിക്കു വാൻ അവസരം ലഭിക്കുന്നു. അനവധി ജന്മങ്ങളിലെ സുകൃതത്താൽ ഈ യോഗിക്കും പാപമോചനം സാദ്ധ്യമാകുന്നു. ഈ യോഗി ജന്മാന്തരങ്ങ ളിലെ അനുഭവപുണ്യത്താൽ ശ്രേഷ്ഠനായിത്തീരുന്നു. എന്നിൽത്തന്നെ ശരണം പ്രാപിക്കുന്ന ഇവൻ സർവ്വശ്രേഷ്ഠനായിത്തീരുകയും ചെയ്യും.

## അദ്ധ്യായം 7 – ഗീതാസന്ദേശം

1-2. (ശ്രീകൃഷ്ണവചനം) സംശയനിഴലില്ലാതെ എന്നെ കേന്ദ്രീകരിച്ച് ധ്യാനിക്കുന്ന യോഗി എന്നിലെത്തിച്ചേരുന്നു. സർവ്വജ്ഞാനത്തിനും ആധാരമായ പ്രപഞ്ചചൈതന്യത്തെക്കുറിച്ച് ഞാൻ വിവരിക്കാം.

3-5. ആയിരങ്ങളിൽ ചിലർക്കുമാത്രം സിദ്ധി ഉണ്ടാകുന്നു. സിദ്ധന്മാരിൽ ഏതാനും യോഗികൾ മാത്രമേ എന്നെ അറിയുന്നുമുള്ളൂ. ഭൂമി ജലം, അഗ്നി, വായു, ആകാശം, മനസ്സ്, ബുദ്ധി, ബോധം എന്നിങ്ങനെ പ്രപഞ്ചചൈതന്യം എട്ട് പ്രതിഭാസങ്ങളിൽ വർത്തിക്കുന്നു. ഇവയെ അടിസ്ഥാനമാക്കി യിരിക്കുന്നതെല്ലാം എന്നിൽ ആധാരമാക്കിയിരിക്കുന്നു. ഞാൻ തന്നെയാണ് ഈ പ്രപഞ്ചത്തെ ധരിക്കുന്നതും നിയന്ത്രിക്കുന്നതും.

6-7. സർവ്വസൃഷ്ടിയുടേയും ആധാരം ഞാനാകുന്നു. സൃഷ്ടിയും സ്ഥിതിയും എന്റെ അധീനത്തിലാണ്. പ്രപഞ്ചത്തിലെ സർവ്വതും എന്റെ ചൈതന്യച്ചരടിൽ കോർത്തിരിക്കുന്നു. അതിനപ്പുറം മറ്റൊന്നില്ല.



Scanned with CamScanner

8. രസോഽഹമപ്സു കൗന്തേയ പ്രഭാസ്മി ശശിസൂർയ്യയോഃ
പ്രണവഃ സർവ്വവേദേഷു ശബ്ദഃ ഖേ പൗരുഷം നൃഷു
9. പുണ്യോ ഗന്ധഃ പൃഥിവ്യാം ച തേജശ്ചാസ്മി വിഭാവസൗ
ജീവനം സർവ്വഭൂതേഷു തപശ്ചാസ്മി തപസ്വിഷു
10. ബീജം മാം സർവ്വഭൂതാനാം വിദ്ധി പാർത്ഥ സനാതനം
ബുദ്ധിർ ബുദ്ധിമതാമസ്മി തേജസ്തേജസ്വിനാമഹം.
11. ബലം ബലവതാം ചാഹം കാമരാഗവിവർജ്ജിതം
ധർമ്മാവിരുദ്ധോ ഭൂതേഷു കാമോഽസ്മി ഭരതർഷഭ
12. യേ ചൈവ സാത്ത്വികാ ഭാവാ രാജസാസ്താമസാശ്ച യേ
മത്ത ഏവേതി താൻ വിദ്ധി ന ത്വഹം തേഷു തേ മയി.
13. ത്രിഭിർഗുണമയൈർഭാവൈഃരേഭി സർവ്വമിദം ജഗത്
മോഹിതം നാഭിജാനാതി മാമേഭ്യഃ പരമവ്യയം.
14. ദൈവീ ഹ്യേഷാ ഗുണമയീ മമ മായാ ദുരത്യയാ
മാമേവ യേ പ്രപദ്യന്തേ മായാമേതാം തരന്തി തേ.
15. ന മാം ദുഷ്കൃതിനോ മൂഢാഃ പ്രപദ്യന്തേ നരാധമാഃ
മായയാപഹൃതജ്ഞാനാ ആസുരം ഭാവമാശ്രിതാഃ
16. ചതുർവ്വിധാ ഭജന്തേ മാം ജനാഃ സുകൃതിനോഽർജ്ജുന
ആർത്തോജിജ്ഞാസുരർത്ഥാർത്ഥീ ജ്ഞാനീ ച ഭരതർഷഭ
17. തേഷാം ജ്ഞാനീ നിത്യയുക്തഃ ഏകഭക്തിർ വിശിഷ്യതേ
പ്രിയോ ഹി ജ്ഞാനിനോഽത്യർത്ഥമഹം സ ച മമ പ്രിയഃ
18. ഉദാരാഃ സർവ്വ ഏവൈതേ ജ്ഞാനീ ത്വാത്മൈവ മേ മതം
ആസ്ഥിതഃ സ ഹി യുക്താത്മാ മാമേവാനുത്തമാം ഗതിം
19. ബഹൂനാം ജന്മനാമന്തേ ജ്ഞാനവാൻ മാം പ്രപദ്യതേ
വാസുദേവഃ സർവ്വമിതി സ മഹാത്മാ സുദുർല്ലഭഃ
20. കാമൈസ്തൈസ്തൈർഹൃതജ്ഞാനാഃ പ്രപദ്യന്തേഽന്യദേവതാഃ
തം തം നിയമമാസ്ഥായ പ്രകൃത്യാ നിയതാഃ സ്വയാ.
21. യോ യോ യാം യാം തനും ഭക്തഃ ശ്രദ്ധയാർച്ചിതുമിച്ഛതി
തസ്യ തസ്യാചലാം ശ്രദ്ധാം താമേവ വിദധാമ്യഹം
22. സ തയാ ശ്രദ്ധയാ യുക്തസ്തസ്യാരാധനമീഹതേ
ലഭതേ ച തതഃ കാമാൻ മയൈവ വിഹിതാൻ ഹി താൻ
23. അന്തവത്തു ഫലം തേഷാം തദ്ഭവത്യല്പമേധസാം
ദേവാൻ ദേവയജോ യാന്തി മദ്ഭക്താ യാന്തി മാമപി
24. അവ്യക്തം വ്യക്തിമാപന്നം മന്യന്തേ മാമബുദ്ധയഃ
പരം ഭാവമജാനന്തോ മമാവ്യയമനുത്തമം
25. നാഹം പ്രകാശഃ സർവ്വസ്യ യോഗമായാസമാവൃതഃ
മൂഢോഽയം നാഭിജാനാതി ലോകോ മാമജമവ്യയം
26. വേദാഹം സമതീതാനീ വർത്തമാനാനി ചാർജ്ജുന
ഭവിഷ്യാണി ച ഭൂതാനി മാം തു വേദ ന കശ്ചന
27. ഇച്ഛാദ്വേഷസമുത്ഥേന ദ്വന്ദ്വമോഹേന ഭാരത
സർവ്വഭൂതാനി സംമോഹം സർഗ്ഗേ യാന്തി പരന്തപ
28. യേഷാം ത്വന്തഗതം പാപം ജനാനാം പുണ്യകർമ്മണാം
തേ ദ്വന്ദ്വമോഹനിർമ്മുക്താ ഭജന്തേ മാം ദൃഢവ്രതാഃ



Scanned with CamScanner

8-13. ദ്രാവകത്തിലെ രസവും ചന്ദ്രസൂര്യന്മാരുടെ പ്രഭയും, വേദസത്തായ പ്രണവവും, വേദങ്ങളിലെ ശബ്ദതരംഗവും, മനുഷ്യനിലെ പൗരുഷത്വവും പ്രപഞ്ചത്തിലെ സുഗന്ധവും, അഗ്നിയുടെ തേജസ്സും, ജീവന്റെ ചൈതന്യവും, യോഗിയുടെ തപഃശക്തിയും സർവ്വതിന്റെയും ആധാരബീജവും, ബുദ്ധിമാന്റെ ബുദ്ധിശക്തിയും, തേജസ്വിയുടെ തേജസ്സും, ശക്തിമാന്റെ ബലവും, ധർമ്മാനുഷ്ഠിത കാമവികാരവും, സത്വ-രജസ്സ്-തമോഗുണങ്ങളും, അവയോടനുബന്ധിച്ചുള്ള സർവ്വപ്രതിഭാസങ്ങളും (എന്നെ സ്പർശിക്കാതെ) എന്നിലാധാരഭൂതമാണ്.

14-16. ത്രിഗുണാത്മക മായാവലയം ഭേധിക്കാൻ എളുപ്പമല്ല. എന്നിലർപ്പിച്ചിട്ടുള്ള സാധനയിലൂടെ മത്രമേ അതുസാധ്യമാകൂ. മായയാൽ വലയം ചെയ്യപ്പെട്ട സാധാരണക്കാർ ഇതറിയുന്നുമില്ല. ഈശ്വരദർശനത്തിനെന്ന ഭാവത്തിൽ സജ്ജനങ്ങൾ പോലും ദുഃഖവേളയിലും, ദിശാബോധത്തിനും, ഭൗതികസുഖഭോഗങ്ങൾക്കും, ജ്ഞാനത്തിനും മാത്രമായി എന്നെ ഉപാസിക്കുന്നുമുണ്ട്.

17-19. ഇവരിൽ ജ്ഞാനിയാണ് ശ്രേഷ്ഠൻ, അവനെനിക്കു പ്രിയപ്പെട്ടവനാണ്. ജ്ഞാനിക്കുമാത്രം ലഭിക്കുന്നതാണ് എന്നിലൂടെയുള്ള അനുഭവദർശനം അനവധി ജന്മത്തിന്റെ സുഖദുഃഖാനുഭവത്തിലൂടെ മാത്രമേ ലോകം മുഴുവനും ഈശ്വരചൈതന്യം നിറഞ്ഞിരിക്കുന്നു എന്ന ദർശനം ലഭ്യമാകൂ.

20-23. സ്വതസ്സിദ്ധമായ ശീലത്താൽ ചിലർ അവർക്ക് യുക്തമെന്ന് തോന്നുന്ന ആരാധനയിലേർപ്പെടുന്നു. അതേ രൂപത്തിലും ഭാവത്തിലും ഞാനവർക്ക് ദർശനവും നൽകുന്നു. അതിലൂടെ ഭക്തർ അവനവന്റെ കാര്യസാദ്ധ്യം നടത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ അത്തരത്തിലുള്ള ലക്ഷ്യബോധം സ്ഥിരമല്ലതന്നെ. അന്ത്യത്തിൽ അതെല്ലാം എന്നിൽ വലയം പ്രാപിക്കുന്നതിനാൽ ശ്രേഷ്ഠരായ യോഗികൾ എന്നിൽ നിന്ന് ആരാധന ആരംഭിക്കുന്നു.

24-25. ചില ജ്ഞാനികൾപോലും എന്റെ ഈ മനുഷ്യരൂപത്തിൽമാത്രം പരമചൈതന്യത്തെ ദർശിക്കുന്നു. അൽപജ്ഞാനികളുടെ ഈ ജ്ഞാനവും മഹത്തരമാണ്. മായാവലയത്താൽ എല്ലാവർക്കും ദൃഷ്ടിഗോചരമല്ലാത്തതിനാൽ സാധാരണ 'ഈശ്വരനായി മാത്രം' ചിലരെന്നെ കാണുന്നു. താൽകാലിക കാര്യസാദ്ധ്യത്തിനായി മാത്രം ഉപാസിക്കുകയും ചെയ്യുന്നു.

26-28. ഭൂതവും ഭാവിയും വർത്തമാനവും എന്റെ നിയന്ത്രണത്തിലാണ്. എന്നാൽ അതെല്ലാവരും അറിയുന്നില്ല. പലതരത്തിലുള്ള വികാരവിചാരങ്ങളാൽ സർവ്വചരാചരങ്ങളും നിമഗ്നരായി വസിക്കുന്നു. എന്നാൽ ശ്രേഷ്ഠന്മാരായവർമാത്രം എന്റെ ചൈതന്യത്തെ അറിഞ്ഞ് ഉപാസിക്കുന്നു.



Scanned with CamScanner

29. ജരാമരണമോക്ഷായ മാമാശ്രിത്യ യതന്തി യേ
തേ ബ്രഹ്മ തദ്വിദുഃ കൃത്സ്നമദ്ധ്യാത്മം കർമ്മ ചാഖിലം.
30. സാധിഭൂതാധിദൈവം മാം സാധിയജ്ഞം ച യേ വിദുഃ
പ്രയാണകാലേഽപി ച മാം തേ വിദുർയുക്തചേതസഃ

## അദ്ധ്യായം 8 – ഗീതാശ്ലോകം – അക്ഷരബ്രഹ്മയോഗം

1. (അർജ്ജുനവചനം) കിം തദ് ബ്രഹ്മ കിമദ്ധ്യാത്മം കിം കർമ്മ പുരുഷോത്തമ
അധിഭൂതം ച കിം പ്രോക്തമധിദൈവം കിമുച്യതേ
2. അധിയജ്ഞഃ കഥം കോഽത്ര ദേഹേഽസ്മിൻ മധുസൂദന,
പ്രയാണകാലേ ച കഥം ജ്ഞേയോഽസി നിയതാത്മഭിഃ
3. (ശ്രീഭഗവാൻ) അക്ഷരം ബ്രഹ്മ പരമം സ്വഭാവോഽദ്ധ്യാത്മമുച്യതേ
ഭൂതഭാവോദ്ഭവകരോ വിസർഗ്ഗഃ കർമ്മസംജ്ഞിതഃ
4. അധിഭൂതം ക്ഷരോ ഭാവഃ പുരുഷശ്ചാധിദൈവതം
അധിയജ്ഞോഽഹമേവാത്ര ദേഹേ ദേഹഭൃതാം വര.
5. അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കളേബരം
യഃപ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ
6. യം യം വാപി സ്മരൻ ഭാവം ത്യജത്യന്തേ കളേബരം
തം തമേവൈതി കൗന്തേയ സദാ തദ്ഭാവഭാവിതഃ
7. തസ്മാത് സർവ്വേഷു കാലേഷു മാമനുസ്മര യുദ്ധ്യ ച
മയ്യർപ്പിതമനോബുദ്ധിർമാമേവൈഷ്യസ്യസംശയം
8. അഭ്യാസയോഗയുക്തേന ചേതസാ നാന്യഗാമിനാ
പരമം പുരുഷം ദിവ്യം യാതി പാർത്ഥാനുചിന്തയൻ.
9. കവിം പുരാണമനുശാസിതാരമണോരണീയാം സമനുസ്മരേദ്യഃ
സർവ്വസ്യ ധാതാരമചിന്ത്യരൂപമാദിത്യവർണ്ണം തമസഃ പരസ്താത്.
10. പ്രയാണകാലേ മനസാചലേന ഭക്ത്യാ യുക്തോ യോഗബലേന ചൈവ
ഭ്രുവോർമദ്ധ്യേ പ്രാണമാവേശ്യ സമ്യക് സ തം പരം പുരുഷമുപൈതി ദിവ്യം
11. യദക്ഷരം വേദവിദോ വദന്തി വിശന്തി യദ്യതയോ വീതരാഗാഃ
യദിച്ഛന്തോ ബ്രഹ്മചര്യം ചരന്തി തത്തേ പദം സംഗ്രഹേണ പ്രവക്ഷ്യേ
12. സർവ്വദ്വാരാണി സംയമ്യ മനോ ഹൃദി നിരുദ്ധ്യ ച
മൂർധ്ന്യാധായാത്മനഃ പ്രാണമാസ്ഥിതോ യോഗധാരണാം.
13. ഓമിത്യേകാക്ഷരം ബ്രഹ്മവ്യാഹരൻ മാമനുസ്മരൻ
യഃ പ്രയാതി ത്യജൻ ദേഹം സ യാതി പരമാം ഗതിം
14. അനന്യചേതാഃ സതതം യോ മാം സ്മരതി നിത്യശഃ
തസ്യാഹം സുലഭഃ പാർത്ഥ നിത്യയുക്തസ്യ യോഗിനഃ
15. മാമുപേത്യ പുനർജന്മ ദുഃഖാലയമശാശ്വതം
നാപ്നുവന്തി മഹാത്മാനഃ സംസിദ്ധിം പരമാം ഗതാഃ
16. ആബ്രഹ്മഭുവനാല്ലോകാഃ പുനരാവർത്തിനോഽർജ്ജുന,
മാമുപേത്യ തു കൗന്തേയ പുനർജന്മ ന വിദ്യതേ



Scanned with CamScanner

29-30. ജ്ഞാനികൾ എന്നിൽ അഭയം തേടുന്നു. ജനനമരണങ്ങളിൽ നിന്ന് മോചനത്തിനായി അവർ ബ്രഹ്മചൈതന്യ പ്രാപ്തിലക്ഷ്യമിടുന്നു. ദ്രവ്യ ഗുണവും, തേജോഗുണവും, കർമ്മഗുണവും ചേർന്ന എന്നിലേക്കുള്ള പ്രയാ ണപഥത്തിൽ ഈ യോഗികൾ സദാ വ്യാപൃതരായിരിക്കുന്നു.

## അദ്ധ്യായം 8 – ഗീതാസന്ദേശം

1-2. (അർജ്ജുനവചനം) ബ്രഹ്മം, അദ്ധ്യാത്മം കർമ്മം അധിഭൂതം, അധി ദൈവതം എന്നിവ വിവരിച്ചാലും കൃഷ്ണ!

3-4. (ശ്രീകൃഷ്ണവചനം) നാശമില്ലാത്ത (പ്രപഞ്ചചൈതന്യം) താണ് ബ്രഹ്മം, ശരീരത്തിൽ വർത്തിക്കുന്ന ജീവചൈതന്യജ്ഞാനമാണ് അദ്ധ്യാത്മം, സൃഷ്ടിയുടെ അടിസ്ഥാനമാണ് കർമ്മം. നാശവിധേയമാകുന്നതെല്ലാം അധി ഭൂതവും, പരമമായ പ്രപഞ്ചചൈതന്യം അധിദൈവതവും, ശരീരത്തിൽ ഈ ചൈതന്യത്തിന്റെ പ്രവർത്തനമാണ് അധിയജ്ഞം.

5-7. ദേഹവിയോഗവേളയിൽ എന്നെമാത്രം സ്മരിച്ച് ജീവൻ മുക്തനാകു ന്നവൻ എന്നിൽത്തന്നെ വന്നു ചേരുന്നു. അതുപോലെ യാതൊന്നിനെ, അന്ത്യവേളയിൽ സ്മരിക്കുന്നുവോ അവൻ അതിനെത്തന്നെ (പുനർജ്ജന്മ ത്തിൽ) പ്രാപിക്കുന്നു. അതിനാൽ എന്നിൽത്തന്നെ മനോബുദ്ധികളർപ്പിച്ച് നീ യുദ്ധം ചെയ്താലും.

8-10. യോഗബന്ധത്താൽ ഈശ്വരനിലർപ്പിച്ച ബുദ്ധിയോടെ നിരന്തരം പ്രവർത്തിക്കുന്നവൻ ഈശ്വരനിലെത്തുന്നു. പരമാണുവിന്റെയും അതിമഹ ത്തിന്റെയും ചൈതന്യം എല്ലാത്തിന്റെയും ആധാരവുമാണ്. ആദിത്യതേജ സ്സുള്ള ഈശ്വരചൈതന്യത്തെ അന്ത്യകാലത്തിൽ യോഗചര്യയിലൂടെ സ്മരി ച്ചാൽ തന്നെ ഈശ്വരനിൽ അവൻ വലയം ചെയ്യും.

11-13. ബ്രഹ്മചര്യാവ്രതത്തോടുകൂടിയ യോഗവവും, ഇന്ദ്രിയസംയമനവും, പ്രാണവായുവിനെ ശിരസ്സിൽ കേന്ദ്രീകരിച്ചും, ഈശ്വരനിൽ ലിപ്തനായും, ഓംകാരജപത്തോടും എന്നിലേക്ക് മനസ്സിലൂടെ പ്രയാണം ചെയ്യുന്ന യോഗി, വേദങ്ങളുൽഘോഷിക്കുന്ന അതേ പ്രപഞ്ചചൈതന്യത്തിന്റെ ഭാഗമായി ത്തീരുന്നു.

14-16. എന്നിൽ അർപ്പിക്കുന്ന വ്യക്തിക്ക് എന്നെ പ്രാപിക്കുവാൻ എളുപ്പമാണ്. എന്നെ പ്രാപിച്ചാൽ പിന്നീടവന് പുനർജന്മമില്ല. ബ്രഹ്മലോകത്തിനു കീഴേയുള്ള സർവ്വചരാചരങ്ങൾക്കും ജനനമരണചക്രമുണ്ട്. എന്നെ പ്രാപി ച്ചവന് അതില്ല.



Scanned with CamScanner

17. സഹസ്രയുഗപര്യന്തമഹർയ്യദ്ബ്രഹ്മണോ വിദുഃ
രാത്രിം യുഗസഹസ്രാന്താം തേ/ഹോരാത്രവിദോ ജനാഃ
18. അവ്യക്താദ്വ്യക്തയഃ സർവ്വാഃ പ്രഭവന്ത്യഹരാഗമേ
രാത്ര്യാഗമേ പ്രലീയന്തേ തത്രൈവാവ്യക്തസംജ്ഞകേ
19. ഭൂതഗ്രാമഃ സ ഏവായം ഭൂത്വാ ഭൂത്വാ പ്രലീയതേ
രാത്ര്യാഗമേ/വശഃ പാർത്ഥ, പ്രഭവത്യഹരാഗമേ
20. പരസ്തസ്മാത്തു ഭാവോ/ന്യോ/വ്യക്തോ/വ്യക്താത് സനാതനഃ
യഃ സർവ്വേഷു ഭൂതേഷു നശ്യത്സു ന വിനശ്യതി
21. അവ്യക്തോ/ക്ഷര ഇത്യുക്തസ്തമാഹുഃ പരമാം ഗതിം
യം പ്രാപ്യ ന നിവർത്തന്തേ തദ്ധാമ പരമം മമ.
22. പുരുഷഃ സ പരഃ പാർത്ഥ, ഭക്ത്യാ ലഭ്യസ്ത്വനന്യയാ
യസ്യാന്തഃസ്ഥാനി ഭൂതാനി യേന സർവ്വമിദം തതം
23. യത്രകാലേ ത്വനാവൃത്തിമാവൃത്തിം ചൈവ യോഗിനഃ
പ്രയാതാ യാന്തി തം കാലം വക്ഷ്യാമി ഭരതർഷഭ
24. അഗ്നിർജ്യോതിരഹഃ ശുക്ലഃ ഷൺമാസാ ഉത്തരായണം
തത്ര പ്രയാതാ ഗച്ഛന്തി ബ്രഹ്മ ബ്രഹ്മവിദോ ജനാഃ
25. ധൂമോ രാത്രിസ്തഥാ കൃഷ്ണഃ ഷൺമാസാ ദക്ഷിണായനം
തത്ര ചാന്ദ്രമസം ജ്യോതിർ യോഗീ പ്രാപ്യ നിവർത്തതേ
26. ശുക്ലകൃഷ്ണേ ഗതീ ഹ്യേതേ ജഗതഃ ശാശ്വതേ മതേ
ഏകയാ യാത്യനാവൃത്തി മന്യയാവർത്തതേ പുനഃ
27. നൈതേ സൃതീ പാർത്ഥ ജാനൻ യോഗീ മുഹ്യതി കശ്ചന
തസ്മാത് സർവ്വേഷു കാലേഷു യോഗയുക്തോ ഭവാർജ്ജുന
28. വേദേഷു യജ്ഞേഷു തപസ്സു ചൈവ ദാനേഷു യത്പുണ്യഫലം പ്രദിഷ്ടം
അത്യേതി തത് സർവ്വമിദം വിദിത്വാ യോഗീ പരം സ്ഥാനമുപൈതി ചാദ്യം

## അദ്ധ്യായം 9 – ഗീതാശ്ലോകം – രാജവിദ്യാരാജഗുഹ്യയോഗം

1. (ശ്രീഭഗവാൻ) ഇദം തു തേ ഗുഹ്യതമം പ്രവക്ഷ്യാമ്യനസൂയവേ
ജ്ഞാനം വിജ്ഞാനസഹിതം യജ്ഞാത്വാ മോക്ഷ്യസേ/ശുഭാത്
2. രാജവിദ്യാ രാജഗുഹ്യം പവിത്രമിദമുത്തമം
പ്രത്യക്ഷാവഗമം ധർമ്മ്യം സുസുഖം കർത്തുമവ്യയം
3. അശ്രദ്ദധാനാഃ പുരുഷാധർമ്മസ്യാസ്യ പരന്തപ
അപ്രാപ്യ മാം നിവർത്തന്തേ മൃത്യുസംസാരവർത്മനി
4. മയാ തതമിദം സർവ്വം ജഗദവ്യക്തമൂർത്തിനാ
മത്സ്ഥാനി സർവ്വഭൂതാനി ന ചാഹം തേഷ്വവസ്ഥിതഃ
5. ന ച മത്സ്ഥാനി ഭൂതാനി പശ്യ മേ യോഗമൈശ്വരം
ഭൂതഭൃന്ന ച ഭൂതസ്ഥോ മമാത്മാ ഭൂതഭാവനഃ
6. യഥാകാശസ്ഥിതോ നിത്യം വായുഃ സർവ്വത്രഗോ മഹാൻ
തഥാ സർവ്വാണി ഭൂതാനി മത്സ്ഥാനീത്യുപധാരയ
7. സർവ്വഭൂതാനി കൗന്തേയ പ്രകൃതിം യാന്തി മാമികാം
കല്പക്ഷയേ പുനസ്താനി കല്പാദൗ വിസൃജാമ്യഹം
8. പ്രകൃതിം സ്വാമവഷ്ടഭ്യ വിസൃജാമി പുനഃ പുനഃ
ഭൂതഗ്രാമമിമം കൃത്സ്നമവശം പ്രകൃതേർവശാത്



Scanned with CamScanner

17-18. ആയിരം യുഗങ്ങൾ ചേർന്ന ബ്രഹ്മദിനത്തിൽ സർവതും പുനർജ്ജനിക്കുകയും, അത്രയും കാലദൈർഘ്യമുള്ള ബ്രഹ്മരാത്രിയിൽ സർവ്വതും നശിക്കുകയും ചെയ്യുന്നു. ഇതു ജ്ഞാനികൾ അറിയുന്ന കാര്യമത്രെ.

19-2. ജനിച്ചവർക്കെല്ലാം ജനനമരണചക്രത്തിലൂടെയുള്ള പ്രകൃതിനിയമമുണ്ട്. ഇതിനപ്പുറം ജനനമരണമില്ലാത്ത ഒരു പ്രപഞ്ച ചൈതന്യവുമുണ്ട്. ഏതൊരു ചൈതന്യത്തിൽ ലയിച്ചാൽ തിരിച്ചുവരവില്ലയോ അതിനെ അവ്യക്തമായി മാത്രം വിവരിക്കുവാൻ സാധിക്കുന്നതാണ്. ഭക്ത്യാൽ മാത്രം പ്രാപിക്കുന്ന ഈ പ്രപഞ്ചപുരുഷചൈതന്യം ആത്മീയചര്യയിലൂടെ ദർശിക്കുവാൻ സാധ്യമാണ്.

23-25. ഉത്തരായണത്തിലെ ആറുമാസക്കാലമുള്ള ശുക്ളപക്ഷത്തിൽ ദേഹവിയോഗം സംഭവിക്കുന്ന ശ്രേഷ്ഠയോഗിയുടെ ആത്മാവ് നിശ്ചയമായും ബ്രഹ്മചൈതന്യത്തിലലിയുന്നു. ദക്ഷിണായനത്തിലെ കൃഷ്ണപക്ഷത്തിൽ ദേഹത്യാഗം സംഭവിക്കുന്നയോഗി ഈശ്വരചൈതന്യത്താൽത്തന്നെ നയിക്കപ്പെടുമെങ്കിലും പുനർജനനത്തിനുവിധേയമാകുന്നു.

26-28. വേദജ്ഞാനം, യജ്ഞം, തപസ്സ്, ദാനം എന്നിവയിലൂടെ നേടുന്ന പുണ്യഫലത്താൽ യോഗി സർവകാലത്തിലും യോഗയുക്തനായി, ശ്രേഷ്ഠമായ ഉത്തരായണത്തിലെ ശുക്ളപക്ഷത്തിൽ ബ്രഹ്മതേജസ്സിലേക്ക് തന്നെ പ്രയാണം ചെയ്യുന്നു.

## അദ്ധ്യായം 9 – ഗീതാസന്ദേശം

1-3. (ശ്രീകൃഷ്ണവചനം) അതിഗഹനമായ ജ്ഞാനവിജ്ഞാന ശാഖയെക്കുറിച്ച് ഞാൻ വിവരിക്കാം. പവിത്രമായ ഈ ജ്ഞാനം സുഖധർമ്മാധിഷ്ഠിത കർത്തവ്യമാണ്. ധർമ്മശ്രദ്ധയില്ലാത്ത മനുഷ്യർ മരണശേഷം എന്നെ പ്രാപിക്കുന്നില്ല.

4-5. സർവ്വചൈതന്യവും പൂർണമായി എന്നിൽ വർത്തിക്കുന്നു. എന്നാൽ ഞാൻ പൂർണമായി അതിൽ വർത്തിക്കുന്നില്ല. എന്നിൽ വർത്തിക്കുന്ന സർവ്വ ചരാചരങ്ങളുമടങ്ങുന്ന ഐശ്വര്യരൂപം യോഗദൃഷ്ടിയാൽ നീ കാണുക.

6-8. അന്തരീക്ഷത്തിൽ വായു എന്നപോലെയാണ് എല്ലാ ചരാചരങ്ങളും എന്നിൽ വസിക്കുന്നത്. കൽപ്പാന്ത്യത്തിൽ എല്ലാം എന്നിലലിയുന്നു. കൽപ്പാരംഭത്തിൽ ഞാൻ അവയെ പുനർജ്ജനിപ്പിക്കുന്നു.



Scanned with CamScanner

9. ന ച മാം താനി കർമ്മാണി നിബധ്നന്തി ധനഞ്ജയ
ഉദാസീനവദാസീനമസക്തം തേഷു കർമ്മസു
10. മയാദ്ധ്യക്ഷേണ പ്രകൃതിഃ സൂയതേ സചരാചരം
ഹേതുനാനേന കൗന്തേയ ജഗദ്വിപരിവർത്തതേ
11. അവജാനന്തി മാം മൂഢാ മാനുഷീം തനുമാശ്രിതം
പരം ഭാവമജാനന്തോ മമ ഭൂതമഹേശ്വരം
12. മോഘാശാ മോഘകർമ്മാണോ മോഘജ്ഞാനാ വിചേതസഃ
രാക്ഷസീമാസുരീം ചൈവ പ്രകൃതിം മോഹിനീം ശ്രിതാഃ
13. മഹാത്മാനസ്തു മാം പാർത്ഥ ദൈവീം പ്രകൃതിമാശ്രിതാഃ
ഭജന്ത്യനന്യമനസോ ജ്ഞാത്വാ ഭൂതാദിമവ്യയം.
14. സതതം കീർത്തയന്തോ മാം യതന്തശ്ച ദൃഢവ്രതാഃ
നമസ്യന്തശ്ച മാം ഭക്ത്യാ നിത്യയുക്താ ഉപാസതേ
15. ജ്ഞാനയജ്ഞേന ചാപ്യന്യേ യജന്തോ മാമുപാസതേ
ഏകത്വേന പൃഥക്ത്വേന ബഹുധാ വിശ്വതോമുഖം.
16. അഹം ക്രതുരഹം യജ്ഞഃ സ്വധാഹമഹമൗഷധം
മന്ത്രോ/ഹമഹമേവാജ്യമഹമഗ്നിരഹം ഹുതം.
17. പിതാഹമസ്യ ജഗതോ മാതാ ധാതാ പിതാമഹഃ
വേദ്യം പവിത്രമോങ്കാര ഋക്സാമ യജുരേവ ച.
18. ഗതിർഭർത്താ പ്രഭുഃ സാക്ഷീ നിവാസഃ ശരണം സുഹൃത്
പ്രഭവഃ പ്രലയഃ സ്ഥാനം നിധാനം ബീജമവ്യയം.
19. തപാമ്യഹമഹം വർഷം നിഗൃഹ്ണാമ്യുത്സൃജാമി ച
അമൃതം ചൈവ മൃത്യുശ്ച സദസച്ചാഹമർജ്ജുന
20. ത്രൈവിദ്യാ മാം സോമപാഃ പൂതപാപാഃ
യജ്ഞൈരിഷ്ട്വാ സ്വർഗ്ഗതിം പ്രാർത്ഥയന്തേ
തേ പുണ്യമാസാദ്യ സുരേന്ദ്രലോക
മശ്നന്തി ദിവ്യാൻ ദിവി ദേവഭോഗാൻ
21. തേ തം ഭുക്ത്വാ സ്വർഗ്ഗലോകം വിശാലം ക്ഷീണേ പുണ്യേ മർത്ത്യ ലോകം വിശന്തി
ഏവം ത്രയീധർമ്മമനുപ്രപന്നാ ഗതാഗതം കാമകാമാ ലഭന്തേ
22. അനന്യാശ്ചിന്തയന്തോ മാം യേ ജനാഃ പര്യുപാസതേ
തേഷാം നിത്യാഭിയുക്താനാം യോഗക്ഷേമം വഹാമ്യഹം
23. യേ/പ്യന്യദേവതാഭക്താ യജന്തേ ശ്രദ്ധയാന്വിതാഃ
തേ/പി മാമേവ കൗന്തേയ യജന്ത്യവിധിപൂർവ്വകം
24. അഹം ഹി സർവ്വയജ്ഞാനാം ഭോക്താ ച പ്രഭുരേവ ച
ന തു മാമഭിജാനന്തി തത്ത്വേനാതശ്ച്യവന്തി തേ.
25. യാന്തി ദേവവ്രതാ ദേവാൻ പിതൃൻ യാന്തി പിതൃവ്രതാഃ
ഭൂതാനി യാന്തി ഭൂതേജ്യാ യാന്തി മദ്യാജിനോ/പി മാം.
26. പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി
തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ



Scanned with CamScanner

9-10. പ്രപഞ്ച കർത്തവ്യമായ, കൽപ്പാരംഭത്തിലെ സൃഷ്ടിയും കൽപ്പാന്ത്യത്തിലെ സംഹാരവും എന്നിൽ ബന്ധിതമല്ല. അതേസമയം സൃഷ്ടി-സംഹാരങ്ങളുടെ നിയന്ത്രണത്തിൽ എന്റെ ശക്തിയാണുള്ളത്. ജഗത്കർമ്മങ്ങളുടെ അദ്ധ്യക്ഷസ്ഥാനം എന്നിൽ വർത്തിക്കുന്നു. (അദ്ധ്യക്ഷസ്ഥാനത്തിൽ നിയന്ത്രണം മാത്രം നിലനിൽക്കുന്നതുപോല)

11-13. മായാശക്തിയാൽ മനുഷ്യരൂപത്തിൽ കാണുന്ന എന്റെ പ്രാപഞ്ചികശക്തി മൂഢന്മാർ അറിയുന്നില്ല. ഞാൻ വെറും മനുഷ്യൻ മാത്രമാണെന്നവർ ധരിക്കുന്നു. ഉപരിപ്ലവജ്ഞാനികൾ എന്റെ ആസുരിക സംഹാരരൂപം മാത്രമാണ് സത്യമെന്നും കരുതുന്നു. മഹാത്മാക്കൾ എന്നെ, പ്രകൃതിയുടെ ചൈതന്യമായി മനസ്സിൽ പൂജിക്കുന്നു.

14-16. ഈശ്വരനാമം സദാ ജപിച്ച്, എന്നെ നമസ്കരിച്ച്, ഭക്തിയോടെ ചരിക്കുന്നവൻ എന്നെ പ്രാപിക്കുന്നു. ജ്ഞാനയജ്ഞത്തിലും ഏകത്വഭാവത്തിലും, പ്രപഞ്ചരൂപഭാവത്തിലും, മറ്റുപലവിധത്തിലും ജനങ്ങൾ എന്നെ ഉപാസിക്കുന്നു. ഒരു സത്യം നീ അറിയുക. ഞാൻ തന്നെ യജ്ഞവും, യജ്ഞദ്രവ്യവും, യജ്ഞഔഷധികളും, മന്ത്രവും തന്ത്രവും ഹവിസ്സും (എല്ലാമെല്ലാം പ്രപഞ്ചചൈതന്യമായ ഞാൻ തന്നെ).

17-18. ജഗത്തിന്റെ പിതാവും, മാതാവും, ആധാരവും, ഉപജ്ഞാതാവും ശുദ്ധീകരണ കർത്താവും, വേദങ്ങളും, ഓംകാരവും, ഞാൻതന്നെ, ഗതിയും, സാക്ഷിയും, ശരണവും, അഭയവും, സർവതിന്റെയും ബീജവും ഞാൻതന്നെ.

19-20. ചൂടും, വർഷവും, സ്വീകരണവും, തിരസ്കരണവും, മരണവും അമരത്വവും, അസ്തിത്വവും-നാസ്തിത്വവും ഞാൻ തന്നെയെന്ന്, മൂന്നു വേദജ്ഞാനവും കൊണ്ട് നടത്തുന്ന യജ്ഞപ്രസാദം സ്വീകരിച്ച് സ്വർഗ്ഗത്തിലെത്തുന്ന ജ്ഞാനികളറിയുന്നു.

21-23. സത്കർമ്മഫലം അനുഭവിച്ച ജ്ഞാനികൾ സ്വർഗ്ഗവാസം കഴിഞ്ഞ് അവരുടെ ഇച്ഛക്കനുസരിച്ച് പുനർജ്ജനിക്കുന്നു. ലോകനന്മക്കായി ഞാൻ അവരെ അവരുടെ ഇച്ഛക്കനുസരിച്ച് സംരക്ഷിക്കുന്നു. മറ്റേതൊരു ഈശ്വരരൂപത്തിലും ശ്രദ്ധയോടെ ഭജിച്ചാൽ അവരും എന്റെതന്നെ ആരാധകരായിത്തിരുന്നു.

24-26. എല്ലാ യജ്ഞത്തിന്റെയും യജമാനനും ഭോക്താവും ഞാൻ തന്നെ. ദേവലോകം കാംക്ഷിക്കുന്നവർ ദേവലോകത്തിലും, പിതൃലോകം കാംക്ഷിക്കുന്നവർ പിതൃലോകത്തിലും, പ്രേതലോകകാംക്ഷികൾ അതിലേക്കും പോകുന്നതുപോലെ എല്ലാ ഈശ്വരഭജനവും എന്നിലേക്കുള്ള പ്രയാണമാണ്. ഭക്തിയുടെ ആദ്യപടിയത്രെ പത്രം-പുഷ്പം-ഫലം-ജലം-ഇവയാലുള്ള ഈശ്വരപൂജ.



Scanned with CamScanner

27. യത് കരോഷി യദശ്നാസി യജ്ജുഹോഷി ദദാസി യത്
യത് തപസ്യസി കൗന്തേയ തത് കുരുഷ്വ മദർപ്പണം.
28. ശുഭാശുഭഫലൈരേവം മോക്ഷ്യസേ കർമ്മബന്ധനൈഃ
സന്യാസയോഗയുക്താത്മാ വിമുക്തോ മാമുപൈഷ്യസി.
29. സമോ/ഹം സർവ്വഭൂതേഷു ന മേ ദ്വേഷ്യോ/സ്തി ന പ്രിയഃ
യേ ഭജന്തി തു മാം ഭക്ത്യാ മയി തേ തേഷു ചാപ്യഹം
30. അപി ചേത് സുദുരാചാരോ ഭജതേ മാമനന്യഭാക്
സാധുരേവ സ മന്തവ്യഃ സമ്യഗ്വ്യവസിതോ ഹി സഃ
31. ക്ഷിപ്രം ഭവതി ധർമ്മാത്മാ ശശ്വച്ഛാന്തിം നിഗച്ഛതി
കൗന്തേയ പ്രതിജാനീഹി ന മേ ഭക്തഃ പ്രണശ്യതി.
32. മാം ഹി പാർത്ഥ വ്യപാശ്രിത്യ യേ/പി സ്യുഃ പാപയോനയഃ
സ്ത്രിയോ വൈശ്യാസ്തഥാ ശൂദ്രാസ്തേ/പി യാന്തി പരാം ഗതിം.
33. കിം പുനർബ്രാഹ്മണാഃ പുണ്യാ ഭക്താ രാജർഷയസ്തഥാ
അനിത്യമസുഖം ലോകമിമം പ്രാപ്യ ഭജസ്വ മാം.
34. മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു
മാമേവൈഷ്യസി യുക്ത്വൈവമാത്മാനം മത്പരായണഃ

## അദ്ധ്യായം 10 – ഗീതാശ്ലോകം – വിഭൂതിയോഗം

1. (ശ്രീഭഗവാൻ) ഭൂയ ഏവ മഹാബാഹോ, ശൃണു മേ പരമം വചഃ
യത്തേ/ഹം പ്രീയമാണായ വക്ഷ്യാമി ഹിതകാമ്യയ.
2. ന മേ വിദുഃ സുരഗണാഃ പ്രഭവം ന മഹർഷയഃ
അഹമാദിർഹി ദേവാനാം മഹർഷീണാം ച സർവ്വശഃ
3. യോ മാമജമനാദിം ച വേത്തി ലോകമഹേശ്വരം
അസംമൂഢഃ സ മർത്ത്യേഷു സർവ്വപാപൈഃ പ്രമുച്യതേ
4. ബുദ്ധിർജ്ഞാനമസംമോഹഃ ക്ഷമാ സത്യം ദമഃ ശമഃ
സുഖം ദുഃഖം ഭവോ/ഭാവോ ഭയം ചാഭയമേവ ച.
5. അഹിംസാ സമതാ തുഷ്ടിസ്തപോ ദാനം യശോ/യശഃ
ഭവന്തി ഭാവാ ഭൂതാനാം മത്ത ഏവ പൃഥഗ്വിധാഃ
6. മഹർഷയഃ സപ്ത പൂർവ്വേ ചത്വാരോ മനവസ്തഥാ
മദ്ഭാവാ മാനസാ ജാതാ യേഷാം ലോക ഇമാഃ പ്രജാഃ
7. ഏതാം വിഭൂതിം യോഗം ച മമ യോ വേത്തി തത്ത്വതഃ
സോ/വികമ്പേന യോഗേന യുജ്യതേ നാത്ര സംശയഃ
8. അഹം സർവ്വസ്യ പ്രഭവോ മത്തഃ സർവ്വം പ്രവർത്തതേ
ഇതി മത്വാ ഭജന്തേ മാം ബുധാ ഭാവസമന്വിതാഃ
9. മച്ചിത്താ മദ്ഗതപ്രാണാ ബോധയന്തഃ പരസ്പരം
കഥയന്തശ്ച മാം നിത്യം തുഷ്യന്തി ച രമന്തി ച.
10. തേഷാം സതതയുക്താനാം ഭജതാം പ്രീതിപൂർവ്വകം
ദദാമി ബുദ്ധിയോഗം തം യേന മാമുപയാന്തി തേ.
11. തേഷാമേവാനുകമ്പാർത്ഥമഹമജ്ഞാനജം തമഃ
നാശയാമ്യാത്മഭാവസ്ഥോ ജ്ഞാനദീപേന ഭാസ്വതാ



Scanned with CamScanner

27-29. ദാനവും, സ്വീകരണവും ഭോജനവും, യജ്ഞവുമെല്ലാം എന്നിലർപ്പിക്കുക. ഇത്തരത്തിലുള്ള അർപ്പണവും നിന്നെ കർമ്മബന്ധമോചിതനാക്കും. എനിക്കാരും പ്രിയരുമല്ല അപ്രിയരുമല്ല. എന്നാൽ എന്നെ ഭജിക്കുന്നവന് ഞാൻ എളുപ്പം പ്രാപ്യനാകുന്നു.

30-32. ഘോരപാപി, പ്രായശ്ചിത്തമായി എന്നെ നിരന്തരം ഭജിച്ചാൽ അവനും ഋഷിതുല്യനായിത്തീരുന്നു. ശാശ്വതശാന്തിയെ പ്രാപിക്കുന്നു. എന്റെ ഭക്തൻ പരാജയപ്പെടുകയില്ല.

33-34. ഏതു ജാതിയിൽപ്പെടുന്നവനും ഇതേ നിയമം തന്നെയാണ്. അതിനാൽ ജ്ഞാനിയായ മഹത്തുക്കളും ഋഷിവര്യന്മാരും അനുഭവിക്കുന്ന ആനന്ദം നീ അറിയുക, എന്നിൽത്തന്നെ നീയും വന്നുചേരുക. ബ്രഹ്മജ്ഞാനികൾ എത്തിച്ചേരുന്ന മാർഗ്ഗം സ്വീകരിക്കുക.

## അദ്ധ്യായം 10 – ഗീതാസന്ദേശം

1-3. (ശ്രീകൃഷ്ണവചനം) ഈ ഘോരയുദ്ധത്തിൽ നിന്റെ സാരഥിയായ എനിക്ക് നീ പ്രിയനാണ്. പ്രപഞ്ചചൈതന്യരൂപത്തിൽ എന്നെ ദേവചൈതന്യമുള്ളവരോ ഋഷിമാരോപോലും അറിയുന്നില്ല. അവരിലെ ചൈതന്യം തന്നെ ഞാനാണെന്നും ചിലരറിയുന്നില്ല.

3-5. ജനനമരണങ്ങൾക്കതീതനായ പ്രപഞ്ചചൈതന്യമാണ് ഞാൻ. കാര്യവും, കാരണവും, ബുദ്ധിയും ജ്ഞാനവും, അറിവും, ക്ഷമയും, നിയന്ത്രണവും, സുഖദുഃഖങ്ങളും, സൃഷ്ടിയും നാശവും, അഹിംസയും, ദാനവും, യശസ്സും, ദ്രവ്യങ്ങളും, സർവ്വ സാമൂഹ്യപ്രതിഭാസങ്ങളും എന്റെ വൈശിഷ്ട്യങ്ങളാണ്.

6-9. സപ്തഋഷികളും, പതിനാല് മനുക്കളും എന്റെ സൃഷ്ടികളാണ്. യോഗശക്തിയാൽ യോഗികൾക്ക് എന്റെ സർവ്വസത്യങ്ങളും ശക്തിയും അറിയുവാൻ സാധിക്കുന്നു. സർവ്വതിന്റെയും പ്രഭയും, പ്രവർത്തനശക്തിയും സ്വയമറിഞ്ഞും, പരസ്പരം പറഞ്ഞും, ആനന്ദിച്ചും ആനന്ദിപ്പിച്ചും എന്നെ ഉപാസിക്കുക. എന്റെ സന്ദേശം എല്ലായിടത്തുമെത്തിക്കുക.

10-11. എന്റെ ഉപാസകനുണ്ടാകുന്ന യോഗശക്തിയിലൂടെയും, അനുഗ്രഹത്തിലൂടെയും, പ്രകാശത്തിലൂടെയും അവന് ജ്ഞാനമാർഗ്ഗം ഞാൻ തെളിയിക്കുന്നു



Scanned with CamScanner

12. (അർജ്ജുനൻ) പരം ബ്രഹ്മ പരം ധാമ പവിത്രം പരമം ഭവാൻ
പുരുഷം ശാശ്വതം ദിവ്യമാദിദേവമജം വിഭും.
13. ആഹുസ്ത്വാമൃഷയഃ സർവേ ദേവർഷിർന്നാരദസ്തഥാ
അസിതോ ദേവലോ വ്യാസഃ സ്വയം ചൈവ ബ്രവീഷി മേ.
14. സർവ്വമേതദൃതം മന്യേ യന്മാം വദസി കേശവ
ന ഹി തേ ഭഗവൻ വ്യക്തിം വിദുർദേവാ ന ദാനവാഃ
15. സ്വയമേവാത്മനാത്മാനം വേത്ഥ ത്വം പുരുഷോത്തമ
ഭൂതഭാവന ഭൂതേശ ദേവ ദേവ ജഗത്പതേ
16. വക്തുമർഹസ്യശേഷേണ ദിവ്യാ ഹ്യാത്മവിഭൂതയഃ
യാഭിർവിഭൂതിഭിർലോകാനിമാംസ്ത്വം വ്യാപ്യ തിഷ്ഠസി.
17. കഥം വിദ്യാമഹം യോഗിംസ്ത്വാം സദാ പരിചിന്തയൻ
കേഷു കേഷു ച ഭാവേഷു ചിന്ത്യോഽസി ഭഗവൻ മയാ.
18. വിസ്തരേണാത്മനോ യോഗം വിഭൂതിം ച ജനാർദ്ദന
ഭൂയഃ കഥയ തൃപ്തിർഹി ശൃണ്വതോ നാസ്തി മേഽമൃതം
19. (ശ്രീഭഗവാൻ) ഹന്ത തേ കഥയിഷ്യാമി ദിവ്യാഹ്യാത്മവിഭൂതയഃ
പ്രാധാന്യതഃ കുരുശ്രേഷ്ഠ നാസ്ത്യന്തോ വിസ്തരസ്യ മേ.
20. അഹമാത്മാ ഗുഡാകേശ സർവ്വഭൂതാശയസ്ഥിതഃ
അഹമാദിശ്ച മധ്യം ച ഭൂതാനാമന്ത ഏവ ച.
21. ആദിത്യാനാമഹം വിഷ്ണുർജ്യോതിഷാം രവിരംശുമാൻ
മരീചിർമരുതാമസ്മി നക്ഷത്രാണാമഹം ശശീ.
22. വേദാനാം സാമവേദോഽസ്മി ദേവാനാമസ്മി വാസവഃ
ഇന്ദ്രിയാണാം മനശ്ചാസ്മി ഭൂതാനാമസ്മി ചേതനാ.
23. രുദ്രാണാം ശങ്കരശ്ചാസ്മി വിത്തേശോ യക്ഷരക്ഷസാം
വസൂനാം പാവകശ്ചാസ്മി മേരുഃ ശിഖരിണാമഹം.
24. പുരോധസാം ച മുഖ്യം മാം വിദ്ധി പാർത്ഥ ബൃഹസ്പതിം
സേനാനീനാമഹം സ്കന്ദഃ സരസാമസ്മി സാഗരഃ
25. മഹർഷീണാം ഭൃഗുരഹം ഗിരാമസ്മ്യേകമക്ഷരം
യജ്ഞാനാം ജപയജ്ഞോഽസ്മി  സ്ഥാവരാണാം ഹിമാലയഃ
26. ആശ്വത്ഥഃ സർവ്വവൃക്ഷാണാം ദേവർഷീണാം ച നാരദഃ
ഗന്ധർവ്വാണാം ചിത്രരഥഃ സിദ്ധാനാം കപിലോ മുനിഃ
27. ഉച്ചൈഃശ്രവസമശ്വാനാം വിദ്ധി മാമമൃതോദ്ഭവം
ഐരാവതം ഗജേന്ദ്രാണാം നരാണാം ച നരാധിപം.
28. ആയുധാനാമഹം വജ്രം ധേനൂനാമസ്മി കാമധുക്
പ്രജനശ്ചാസ്മി കന്ദർപ്പഃ സർപ്പാണാമസ്മി വാസുകിഃ
29. അനന്തശ്ചാസ്മി നാഗാനാം വരുണോ യാദസാമഹം
പിതൄണാമര്യമാ ചാസ്മി യമഃ സംയമതാമഹം.
30. പ്രഹ്ലാദശ്ചാസ്മി ദൈത്യാനാം കാലഃ കലയതാമഹം
മൃഗാണാം ച മൃഗേന്ദ്രോഽഹം വൈനതേയശ്ച പക്ഷിണാം



Scanned with CamScanner

12-15. (അർജ്ജുനവചനം) ഹേ ബ്രഹ്മചൈതന്യമേ, പവിത്രവും ശാശ്വതവും ദിവ്യവുമായ പ്രപഞ്ചപുരുഷാ! നാരദാദികൾ സ്തുതിക്കുന്ന ഈശ്വരാനമോവാകം! സർവ്വർക്കും അജ്ഞാതമായ അങ്ങയുടെ ഭാവവൈശിഷ്ട്യങ്ങളും ഇപ്പോൾ വർണിച്ചതും പരമസത്യമാണ്. എന്നാൽ അത് മറ്റുള്ളവർക്കജ്ഞാതവുമാണ്.

16-18. പ്രപഞ്ചം നിറഞ്ഞിരിക്കുന്ന ഈ ചൈതന്യാനുഭൂതി ഏതു വിധത്തിലാണ് അനുഭവിച്ചറിയുക എന്നു വിസ്തരിച്ച് വർണ്ണിച്ചാലും. സർവ്വലോകങ്ങളിലും വ്യാപിച്ചുകിടക്കുന്ന അങ്ങയുടെ വിഭൂതി വിവരിച്ചാലും.

19-21. (ശ്രീകൃഷ്ണവചനം) ആദിയും അന്ത്യവുമില്ലാത്ത ഞാൻ സർവ്വചരാചരങ്ങളിലും ആത്മരൂപത്തിൽ അദൃശ്യനായി വർത്തിക്കുന്നു. പരമശ്രേഷ്ഠരും ചൈതന്യരൂപങ്ങളുമായ വിഷ്ണുവും, സൂര്യനും മരീചികളിൽ വായുവും, നക്ഷത്രങ്ങളിൽ ചന്ദ്രനും ഞാനാകുന്നു.

22-23. വേദങ്ങളിൽ സാമവേദവും, ദേവന്മാരിൽ വാസവനും, ഇന്ദ്രിയങ്ങളിൽ മനസ്സും, ജീവജാലങ്ങളിലെ ചൈതന്യവും രുദ്രന്മാരിൽ ശങ്കരനും, യക്ഷന്മാരിൽ കുബേരനും, വസുക്കളിൽ പാവകനും, പർവ്വതങ്ങളിൽ മേരുപർവ്വതവും ഞാനാകുന്നു.

24-27. ഗുരുക്കളിൽ ബൃഹസ്പതിയും, യുദ്ധവീരരിൽ സ്കന്ദനും, ജലാശയങ്ങളിൽ മഹാസാഗരവും, ദേവഋഷികളിൽ ഭൃഗുഋഷിയും, ഗന്ധർവ്വരിൽ ചിത്രരഥനും, മുനികളിൽ കപിലമുനിയും, അശ്വങ്ങളിൽ ഉച്ചൈശ്രവസ്സും ആനകളിൽ ഐരാവതവും, മനുഷ്യരിൽ രാജാവും ഞാനാകുന്നു.

28-29. ആയുധങ്ങളിൽ വജ്രായുധവും, ഇടിമിന്നലിന്റെ ശക്തിയും, പശുക്കളിൽ കാമധേനുവും, സർപ്പങ്ങളിൽ വാസുകിയും, നാഗങ്ങളിൽ അനന്തസർപ്പവും, പിതൃക്കളിൽ അര്യമാവും, സംയമത്തിൽ യമനും ഞാൻ തന്നെ.

30. ദൈത്യന്മാരിൽ പ്രഹ്ലാദനും, കാലത്തിൽ സമയവും, മൃഗങ്ങളിൽ സിംഹവും, പക്ഷികളിൽ ഗരുഡനും ഞാനെന്നറിയുക.



Scanned with CamScanner

31. പവനഃ പവതാമസ്മി രാമഃ ശസ്ത്രഭൃതാമഹം
ഝഷാണാം മകരശ്ചാസ്മി സ്രോതസാമസ്മി ജാഹ്നവീ
32. സർഗ്ഗാണാമാദിരന്തശ്ച മധ്യം ചൈവാഹമർജ്ജുന
അദ്ധ്യാത്മവിദ്യാ വിദ്യാനാം വാദഃപ്രവദതാമഹം
33. അക്ഷരാണാമകാരോ/സ്മി ദ്വന്ദ്വഃ സാമാസികസ്യ ച
അഹമേവക്ഷയഃ കാലോ ധാതാഹം വിശ്വതോമുഖഃ
34. മൃത്യുഃ സർവ്വഹരശ്ചാഹമുദ്ഭവശ്ച ഭവിഷ്യതാം
കീർത്തിഃ ശ്രീർവാക്ച നാരീണാം സ്മൃതിർമേധാധൃതിഃ ക്ഷമാ.
35. ബൃഹത്സാമ തഥാസാമ്നാം ഗായത്രീ ഛന്ദസാമഹം
മാസാനാം മാർഗ്ഗശീർഷോ/ഹമൃതൂനാം കുസുമാകരഃ
36. ദ്യൂതം ഛലയതാമസ്മി തേജസ്തേജസ്വിനാമഹം
ജയോ/സ്മി വ്യവസായോ/സ്മി സത്ത്വം സത്ത്വവതാമഹം.
37. വൃഷ്ണീനാം വാസുദേവോ/സ്മി പാണ്ഡവാനാം ധനഞ്ജയഃ
മുനീനാമപ്യഹം വ്യാസഃ കവീനാമുശനാ കവിഃ
38. ദണ്ഡോ ദമയതാമസ്മി നീതിരസ്മി ജിഗീഷതാം
മൗനം ചൈവാസ്മി ഗുഹ്യാനാം ജ്ഞാനം ജ്ഞാനവതാമഹം
39. യച്ചാപി സർവ്വഭൂതാനാം ബീജം തദഹമർജ്ജുന,
ന തദസ്തി വിനാ യത്സ്യാന്മയാ ഭൂതം ചരാചരം
40. നാന്തോ/സ്തി മമ ദിവ്യാനാം വിഭൂതീനാം പരംതപ
ഏഷ തൂദ്ദേശതഃ പ്രോക്തോ വിഭൂതേർവ്വിസ്തരോ മയാ.
41. യദ്യദ്വിഭൂതിമത് സത്ത്വം ശ്രീമദൂർജ്ജിതമേവ വാ
തത്തദേവാവഗച്ഛ ത്വം മമ തേജോം/ശസംഭവം
42. അഥവാ ബഹുനൈതേന കിം ജ്ഞാതേന തവാർജ്ജുന
വിഷ്ടഭ്യാഹമിദം കൃത്സ്നമേകാംശേന സ്ഥിതോ ജഗത്.

## അദ്ധ്യായം 11 – ഗീതാശ്ലോകം – വിശ്വരൂപ ദർശനയോഗം

1. (അർജ്ജുനൻ) മദനുഗ്രഹായ പരമം ഗുഹ്യമദ്ധ്യാത്മസംജ്ഞിതം
യത്ത്വയോക്തം വചസ്തേന മോഹോ/യം വിഗതോ മമ
2. ഭാവാപ്യയൗ ഹി ഭൂതാനാം ശ്രുതൗ വിസ്തരശോ മയാ
ത്വത്തഃ കമലപത്രാക്ഷ മാഹാത്മ്യമപി ചാവ്യയം
3. ഏവമേതദ് യഥാത്ഥ ത്വമാത്മാനം പരമേശ്വര
ദ്രഷ്ടുമിച്ഛാമി തേ രൂപമൈശ്വരം പുരുഷോത്തമ
4. മന്യസേ യദി തച്ഛക്യം മയാ ദ്രഷ്ടുമിതി പ്രഭോ
യോഗേശ്വര തതോ മേ ത്വം ദർശയാത്മാനമവ്യയം
5. (ശ്രീഭഗവാൻ) പശ്യ മേ പാർത്ഥ രൂപാണി ശതശോ/ഥ സഹസ്രശഃ
നാനാവിധാനി ദിവ്യാനി നാനാവർണ്ണാകൃതീനി ച
6. പശ്യാദിത്യാൻ വസൂൻ രുദ്രാനശ്വിനൗ മരുതസ്തഥാ
ബഹൂന്യദൃഷ്ടപൂർവ്വാണി പശ്യാശ്ചര്യാണി ഭാരത
7. ഇഹൈകസ്ഥം ജഗത് കൃത്സ്നം പശ്യാദ്യ സചരാചരം
മമ ദേഹേ ഗുഡാകേശ, യച്ചാന്യദ്ദ്രഷ്ടുമിച്ഛസി



Scanned with CamScanner

31-34. ശുദ്ധിയിൽ വായുവും, യോദ്ധാക്കളിൽ ശ്രീരാമനും, മത്സ്യങ്ങളിൽ സ്രാവും, നദികളിൽ ഗംഗയും, സൃഷ്ടിയിൽ ആദിയും- മധ്യവും-അന്ത്യവും, നാശത്തിൽ മരണവും, പദങ്ങളിൽ ശ്രീ-വാക്-സ്മൃതി-മേധാ-ധൃതി-ക്ഷമാ എന്നീ സ്ത്രീലിംഗപദങ്ങളും ഞാനാകുന്നു.

35-36. സാമഗാനത്തിൽ ബൃഹത്സാമവും, ഛന്ദസ്സുകളിൽ ഗായത്രീഛന്ദസ്സും, മാസങ്ങളിൽ മാർഗ്ഗശീർഷവും, ഋതുക്കളിൽ വസന്തവും, കളികളിൽ ചൂതുകളിയും, ജേതാക്കളിൽ പരമജേതാവും, നന്മകളിൽ നന്മയും എന്റെ ചൈതന്യമെന്നറിയുക.

37-38. അവതാരങ്ങളിൽ വാസുദേവനും, പാണ്ഡവരിൽ അർജ്ജുനനും മുനിമാരിൽ വ്യാസനും, കവികളിൽ ഉശനനും, ശിക്ഷകളിൽ ദണ്ഡനവും, നിയമസംഹിതകളിൽ നീതിസാരവും, ജ്ഞാനികളിൽ ബുദ്ധിശക്തിയും, ഞാനെന്നറിഞ്ഞാലും.

39-42. ചരാചരങ്ങളിൽ അവയുടെ ബീജവും, ശ്രേഷ്ഠന്മാരിൽ അവരുടെ സർവ്വജ്ഞാനവും ഞാനാകുന്നു. എന്റെ ചൈതന്യത്തിനവസാനമില്ല. എന്നെക്കൂടാതെ ഭൂമിയിലെ ഒരു ചരാചരത്തിലും ജീവാത്മചൈതന്യത്തിന് തന്നെ നിലനിൽപ്പില്ല. ഈ വിവരണം സംക്ഷിപ്തമാണ് എന്നുമോർക്കുക. ചൈതന്യവത്തായ എല്ലാത്തിന്റേയും ചൈതന്യവും, പ്രകാശവും, ശക്തിയും ഞാൻതന്നെയെന്നതാണ് സമഗ്രമായ സമ്പൂർണ്ണസത്യം.

## അദ്ധ്യായം 11 – ഗീതാസന്ദേശം

1-4. (അർജ്ജുനവചനം) അതിമഹത്തും അത്ഭുതകരവും അത്രതന്നെ അവ്യക്തവുമായ അങ്ങയുടെ വിവരണങ്ങൾ ശ്രവിച്ച എനിക്ക് സർവതിന്റെയും ആധാരവും പ്രപഞ്ചശക്തിസ്വരൂപവുമായ വിശ്വരൂപം കാണുവാൻ ആഗ്രഹം തോന്നുന്നു. അത് എനിക്ക് ദൃഷ്ടിഗോചരമാകുമെങ്കിൽ കാണിച്ചു തന്നാലും.

5-8. (ശ്രീകൃഷ്ണവചനം) നാനാവിധത്തിലുള്ള പ്രപഞ്ചാംശങ്ങളുമായി എന്റെ അനേകം രൂപഭാവങ്ങൾ നീ ദർശിച്ചാലും. ആദിത്യ-വസു-രുദ്രന്മാരും ആശ്ചര്യകരമായ പ്രപഞ്ചഘടനയും, ജഗത്തിന്റെ അവ്യക്തമായ രൂപവും നീ കാണുക. സാധാരണ ചക്ഷുസ്സുകൊണ്ട് ഈ രൂപങ്ങൾ നിന്റെ സാധാരണ



Scanned with CamScanner

8. ന തു മാം ശക്യസേ ദ്രഷ്ടുമനേനൈവ സ്വചക്ഷുഷാ
ദിവ്യം ദദാമി തേ ചക്ഷുഃ പശ്യ മേ യോഗമൈശ്വരം
9. (സഞ്ജയൻ) ഏവമുക്ത്വാ തതോ രാജൻ, മഹായോഗേശ്വരോ ഹരിഃ
ദർശയാമാസ പാർത്ഥായ പരമം രൂപമൈശ്വരം
10. അനേകവക്ത്രനയന മനേകാദ്ഭുതദർശനം
അനേകദിവ്യാഭരണം ദിവ്യാനേകോദ്യതായുധം
11. ദിവ്യമാല്യാംബരധരം ദിവ്യഗന്ധാനുലേപനം
സർവ്വാശ്ചര്യമയം ദേവമനന്തം വിശ്വതോമുഖം
12. ദിവി സൂര്യസഹസ്രസ്യ ഭവേദ്യുഗപദുത്ഥിതാ
യദി ഭാഃ സദൃശീ സാ സ്യാദ് ഭാസസ്തസ്യ മഹാത്മനഃ
13. തത്രൈകസ്ഥം ജഗത് കൃത്സ്നം പ്രവിഭക്തമനേകധാ
അപശ്യദ്ദേവദേവസ്യ ശരീരേ പാണ്ഡവസ്തദാ
14. തതഃ സ വിസ്മയാവിഷ്ടോ ഹൃഷ്ടരോമാ ധനഞ്ജയഃ
പ്രണമ്യ ശിരസാ ദേവം കൃതാഞ്ജലിരഭാഷത
15. (അർജ്ജുനൻ) പശ്യാമി ദേവാംസ്തവ ദേവ ദേഹേ
സർവ്വാംസ്തഥാ ഭൂതവിശേഷസങ്ഘാൻ
ബ്രഹ്മാണമീശം കമലാസനസ്ഥമൃഷീംശ്ച സർവ്വാനുരഗാംശ്ച ദിവ്യാൻ
16. അനേകബാഹൂദരവക്ത്രനേത്രം പശ്യാമി ത്വാം സർവ്വതോഽനന്തരൂപം
നാന്തം ന മദ്ധ്യം ന പുനസ്തവാദിം പശ്യാമി വിശ്വേശ്വര വിശ്വരൂപ
17. കിരീടിനം ഗദിനം ചക്രിണം ച തേജോരാശിം സർവ്വതോ ദീപ്തിമന്തം
പശ്യാമി ത്വാം ദുർന്നിരീക്ഷ്യം സമന്താദ് ദീപ്താനലാർക്കദ്യുതിമപ്രമേയം
18. ത്വമക്ഷരം പരമം വേദിതവ്യം ത്വമസ്യ വിശ്വസ്യ പരം നിധാനം
ത്വമവ്യയഃ ശാശ്വതധർമ്മഗോപ്താ സനാതനസ്ത്വം പുരുഷോ മതോ മേ
19. അനാദിമദ്ധ്യാന്തമനന്തവീര്യമനന്തബാഹും ശശിസൂര്യനേത്രം
പശ്യാമി ത്വാം ദീപ്തഹുതാശവക്ത്രം സ്വതേജസാ വിശ്വമിദം തപന്തം
20. ദ്യാവാപൃഥിവ്യോരിദമന്തരം ഹി വ്യാപ്തം ത്വയൈകേന ദിശശ്ച സർവ്വാഃ
ദൃഷ്ട്വാദ്ഭുതം രൂപമുഗ്രം തവേദം ലോകത്രയം പ്രവ്യഥിതം മഹാത്മൻ
21. അമീ ഹി ത്വാം സുരസങ്ഘാഃ വിശന്തി കേചിദ്ഭീതാഃ പ്രാഞ്ജലയോ ഗൃണന്തി
സ്വസ്തീത്യുക്ത്വാ മഹർഷിസിദ്ധസങ്ഘാഃ സ്തുവന്തി ത്വാം
സ്തുതിഭിഃ പുഷ്കലാഭിഃ
22. രുദ്രാദിത്യാ വസവോ യേ ച സാദ്ധ്യാ വിശ്വേഽശ്വിനൗ മരുതശ്ചോഷ്മപാശ്ച
ഗന്ധർവ്വയക്ഷാസുരസിദ്ധസങ്ഘാ വീക്ഷന്തേ ത്വാം വിസ്മിതാശ്ചൈവ
സർവ്വേ.
23. രൂപം മഹത് തേ ബഹുവക്ത്രനേത്രം മഹാബാഹോ ബഹുബാഹൂരുപാദം
ബഹൂദരം ബഹുദംഷ്ട്രാകരാളം ദൃഷ്ട്വാ ലോകാഃ പ്രവ്യഥിതാസ്തഥാഹം.
24. നഭഃസ്പൃശം ദീപ്തമനേകവർണ്ണം വ്യാത്താനനം ദീപ്തവിശാലനേത്രം
ദൃഷ്ട്വാ ഹി ത്വാം പ്രവ്യഥിതാന്തരാത്മാ ധൃതിം ന വിന്ദാമി ശമം ച വിഷ്ണോ.
25. ദംഷ്ട്രാകരാളാനി ച തേ മുഖാനി ദൃഷ്ട്വൈവ കാലാനലസന്നിഭാനി
ദിശോ ന ജാനേ ന ലഭേ ച ശർമ്മ പ്രസീദ ദേവേശ ജഗന്നിവാസ.

8. നേത്രങ്ങൾക്ക് അദൃശ്യമായതിനാൽ പ്രപഞ്ചരൂപദർശനത്തിനായി ഞാൻ ദിവ്യചക്ഷുസ് നിനക്കുനൽകുന്നു.

9-14. (സജ്ഞയവചനം) അനേകം നയനങ്ങളും, ആഭരണങ്ങളും, ദിവ്യ മാലകളും, ദിവ്യഗന്ധവും, നിറഞ്ഞവിശ്വരൂപത്തിന്റെ പ്രഭ, ആയിരക്കണക്കിന് സൂര്യന്മാരുടെ (സൗരയൂഥങ്ങൾ) പോലും പ്രകാശത്തിനപ്പുറത്താണ്. അത്യ ത്ഭുതകരമായതും, രോമാഞ്ച ജനകവുമായ ആ തേജോരൂപം കണ്ട് അർജ്ജു നൻ നമിക്കുന്നു.

15-16. (അർജ്ജുനവചനം) അനേക ശരീരങ്ങൾ ചേർന്ന അങ്ങയുടെ ആദിയും അന്തവും മധ്യവുമില്ലാത്ത വിശ്വരൂപത്തിൽ ഋഷിവര്യന്മാർ മുതൽ അനേകതരം ജീവജാലങ്ങൾ വരെ സർവ്വചരാചരങ്ങളും ഞാൻ കാണുന്നു.

17-20. അനന്തമായ അഗ്നിജ്വാലാപ്രകാശത്താൽ സൂര്യന്റെ തേജസ്സും നിഷ്പ്രഭമാകുന്നതായി ഞാൻ കാണുന്നു. ഹേ കേശവാ നീ തന്നെ പ്രപഞ്ചത്തിന്റെ പരമചൈതന്യമെന്ന് ഞാൻ അറിയുന്നു. സ്വന്തം തേജസ്സാൽ പ്രപഞ്ചം മുഴുവൻ പ്രകാശിപ്പിക്കുന്നതും സർവ്വജ്യോതിർഗോളങ്ങളേയും ഉൾക്കൊള്ളുന്നതുമായ നിന്റെ ചൈതന്യം മൂന്നു ലോകങ്ങളിലും നിറഞ്ഞു നിൽക്കുന്നു.

21-25. ശാന്തി മന്ത്രം ചൊല്ലികൊണ്ട് ഋഷികളും ദേവൻമാരും ഭയചകിത രായി കൈകൾ കൂപ്പി അങ്ങയെ സ്തുതിക്കുന്നുണ്ട്. രുദ്ര-ആദിത്യ-വസു-വിശ്വദേവ-അശ്വിനീ-ഗന്ധർവ-യക്ഷ-അസുര-സിദ്ധാദികളും അത്യത്ഭുതക രവും അനേകവർണ്ണങ്ങളുള്ളതും, ജ്വലിക്കുന്ന പ്രഭയോടുകൂടിയതും, ദംഷ്ട്രങ്ങളോടുകൂടി വാപിളർന്നതും, ഭയാനകവുമായ അങ്ങയുടെ രൂപത്തിന് ഹേ ദേവേശ! എന്റെയും പ്രണാമം!



Scanned with CamScanner

26. അമീ ച ത്വാം ധൃതരാഷ്ട്രസ്യ പുത്രാഃ സർവ്വേ സഹൈവാവനിപാലസങ്ഘൈഃ
ഭീഷ്മോ ദ്രോണഃ സൂതപുത്രസ്തഥാസൗ സഹാസ്മദീയൈരപിയോധമുഖ്യൈഃ
27. വക്ത്രാണി തേ ത്വരമാണാ വിശന്തി ദംഷ്ട്രാകരാളാനി ഭയാനകാനി
കേചിദ്വിലഗ്നാ ദശനാന്തരേഷു സംദൃശ്യന്തേ ചൂർണ്ണിതൈരുത്തമാംഗൈഃ
28. യഥാ നദീനാം ബഹവോഽംബുവേഗാഃ സമുദ്രമേവാഭിമുഖാ ദ്രവന്തി
തഥാ തവാമീ നരലോകവീരാ വിശന്തി വക്ത്രാണ്യഭിവിജ്വലന്തി
29. യഥാ പ്രദീപ്തം ജ്വലനം പതംഗാ വിശന്തി നാശായ സമൃദ്ധവേഗാഃ
തഥൈവ നാശായ വിശന്തി ലോകാസ്തവാപി വക്ത്രാണി സമൃദ്ധവേഗാഃ
30. ലേലിഹ്യസേ ഗ്രസമാനഃ സമന്താല്ലോകാൻ സമഗ്രാൻ വദനൈർജ്ജ്വലദ്ഭിഃ
തേജോഭിരാപൂര്യ ജഗത്സമഗ്രം ഭാസസ്തവോഗ്രാഃ പ്രതപന്തി വിഷ്ണോ
31. ആഖ്യാഹി മേ കോ ഭവാനുഗ്രരൂപോ നമോഽസ്തു തേ ദേവവര പ്രസീദ
വിജ്ഞാതുമിച്ഛാമി ഭവന്തമാദ്യം ന ഹി പ്രജാനാമി തവ പ്രവൃത്തിം.
32. (ശ്രീഭഗവാൻ) കാലോഽസ്മി ലോകക്ഷയകൃത് പ്രവൃദ്ധോ
ലോകാൻ സമാഹർത്തുമിഹ പ്രവൃത്തഃ
ഋതേഽപി ത്വാം ന ഭവിഷ്യന്തി സർവ്വേ യേഽവസ്ഥിതാഃ പ്രത്യനീകേഷു യോധാഃ
33. തസ്മാത് ത്വമുത്തിഷ്ഠ യശോ ലഭസ്വ ജിത്വാ ശത്രൂൻ ഭുങ്ക്ഷ്വ രാജ്യം സമൃദ്ധം
മയൈവൈതേ നിഹതാഃ പൂർവ്വമേവ നിമിത്തമാത്രം ഭവ സവ്യസാചിൻ
34. ദ്രോണം ച ഭീഷ്മം ച ജയദ്രഥം ച കർണ്ണം തഥാന്യാനപി യോധവീരാൻ
മയാ ഹതാംസ്ത്വം ജഹി മാ വ്യഥിഷ്ഠാ യുദ്ധ്യസ്വ ജേതാസി രണേ
സപത്നാൻ
35. (സഞ്ജയൻ) ഏതത് ശ്രുത്വാ വചനം കേശവസ്യ കൃതാഞ്ജലിർവേപമാനഃ
കിരീടി
നമസ്കൃത്വാ ഭൂയ ഏവാഹ കൃഷ്ണം സഗദ്ഗദം ഭീതഭീതഃ പ്രണമ്യ
36. (അർജ്ജുനൻ) സ്ഥാനേ ഹൃഷീകേശ തവ പ്രകീർത്യാ
ജഗത് പ്രഹൃഷ്യത്യനുരജ്യതേ ച രക്ഷാംസി ഭീതാനി ദിശോ ദ്രവന്തി
സർവ്വേ നമസ്യന്തി ച സിദ്ധസങ്ഘാഃ
37. കസ്മാച്ച തേ ന നമേരൻ മഹാത്മൻ ഗരീയസേ ബ്രഹ്മണോഽപ്യാദികർത്രേ
അനന്ത ദേവേശ ജഗന്നിവാസ ത്വമക്ഷരം സദസത് തത്പരം യത്.
38. ത്വമാദിദേവഃ പുരുഷഃ പുരാണസ്ത്വമസ്യ വിശ്വസ്യ പരം നിധാനം
വേത്താസി വേദ്യം ച പരം ച ധാമ ത്വയാ തതം വിശ്വമനന്തരൂപ
39. വായുർയമോഽഗ്നിർവരുണഃ ശശാങ്കഃ പ്രജാപതിസ്ത്വം പ്രപിതാമഹശ്ച
നമോ നമസ്തേഽസ്തു സഹസ്രകൃത്വഃ പുനശ്ച ഭൂയോഽപി നമോ നമസ്തേ
40. നമഃ പുരസ്താദഥ പൃഷ്ഠതസ്തേ നമോഽസ്തു തേ സർവ്വത ഏവ സർവ്വ
അനന്തവീര്യാമിതവിക്രമസ്ത്വം സർവ്വം സമാപ്നോഷി തതോഽസിസർവ്വഃ
41. സഖേതി മത്വാ പ്രസഭം യദുക്തം ഹേ കൃഷ്ണ ഹേ യാദവ ഹേ സഖേതി
അജാനതാ മഹിമാനം തവേദം മയാ പ്രമാദാത് പ്രണയേന വാപി
42. യച്ചാവഹാസാർത്ഥമസത്കൃതോഽസി വിഹാരശയ്യാസനഭോജനേഷു
ഏകോഽഥവാപ്യച്യുത തത്സമക്ഷം തത് ക്ഷാമയേ ത്വാമഹമപ്രമേയം.



Scanned with CamScanner

26-31. ധൃതരാഷ്ട്ര പുത്രാദികളും, കൗരവപക്ഷത്തുള്ള മറ്റു ധീരരും അങ്ങയിൽ അലിഞ്ഞു നശിക്കുന്നതുപോലെ തോന്നുന്നു. നദി സമുദ്രത്തി ലേക്കൊഴുകുന്നതുപോലെ സർവ്വചരാചരങ്ങളും (അവരവരുടെ സമയാന്ത്യ ത്തിലെന്നപോലെ) അങ്ങയുടെ മുഖജ്വാലയിൽ പ്രവേശിക്കുന്നു. ഈ ജ്വാലാ പ്രവാഹം ലോകം മുഴുവൻ വ്യാപിക്കുന്നതായി ഞാൻകാണുന്നു. ഈ മഹത് രൂപത്തിന്റെ ഉദ്ദേശ്യം എന്തെന്ന് ഞാൻ അറിയുന്നില്ല. വിനീതപ്രണാമ ത്തോടെ നിൽക്കുന്ന എനിക്കത് വിവരിച്ചുതന്നാലും. (ഇത്രയും ഉജ്ജ്വലമായ രൂപത്തിന്റെ അടിസ്ഥാനം എന്തെന്ന് വിവരിച്ചാലും)

32-34. (ശ്രീകൃഷ്ണവചനം) ഞാൻ കാലപ്രവാഹമാകുന്നു, ലോകത്തിൽ സൃഷ്ടിക്കെന്നപോലെ സംഹാരത്തിനും ആധാരം ഞാൻ തന്നെ, നീയില്ലെ ങ്കിൽപ്പോലും കുരുക്ഷേത്രഭൂവിലെ എല്ലാവരും, (മാനവസമൂഹം തന്നെ) യഥാ കാലം ഇഹലോകവാസം വെടിയുന്നതാണ്. കാലാകാലത്തിൽ പ്രപഞ്ചരൂപ മായ ഞാൻ ഹേതുവായിട്ട്, ഇവരെല്ലാം പലപ്രാവശ്യം ദേഹം വെടിഞ്ഞവ രാണ് (തുടർന്ന് പുനർജനിച്ചവരും) അതിനാൽ യുദ്ധം ചെയ്ത് കൗരവപ്രമു ഖരെ വിജയിച്ച് നീ രാജ്യഭാരം ഏറ്റെടുത്താലും.

35. (സഞ്ജയവചനം) ഇപ്രകാരം ശ്രവിച്ച അർജ്ജുനൻ കൂപ്പുകൈ കളോടെ കേശവനെ പ്രണമിച്ചു.

36-38. (അർജ്ജുനവചനം) നിന്റെ നാമം ശ്രവിച്ച് ലോകം പുളകം കൊള്ളു ന്നു. ആസുരികശക്തികൾ പലായനം ചെയ്യുന്നു. സിദ്ധന്മാർ പ്രണമിക്കുന്നു, സർവ്വതിലും വർത്തിക്കുന്ന പരമമായ ബ്രഹ്മചൈതന്യശക്തി എനിക്കും ദൃശ്യമാകുന്നു. അവിടുന്നാണ് ആദിശക്തിയും ഈശ്വരനും, പ്രപഞ്ചത്തിന്റെ അവസാനവും, ജ്ഞാനവും, പരമശ്രേഷ്ഠനും, അനന്തമായവനും നീ തന്നെ! കേശവാ നിനക്കെന്റെ പ്രണാമം.

39-40. ജീവാധാരമായ വായുവും മൃത്യുവും അഗ്നിയും, ചന്ദ്രനും, പ്രജാ പതിയും, ബ്രഹ്മാവുമായ ജഗദീശ്വരാ എന്റെ പ്രണാമം!

41-42. സാരഥിയായ നിന്നെ സുഹൃത്തെന്ന് കരുതി കൃഷ്ണാ-യാദവാ എന്നെല്ലാം, നിന്റെ മഹിമയറിയാതെ ഞാൻ വിളിച്ചിരുന്നു. ഒരു സുഹൃത്തി നെപ്പോലെ എല്ലാ അവസരത്തിലും നിന്നോട് ഞാൻ സഹവർത്തിച്ചു. ജഗ ദാധാരമായ ഈശ്വരാ എന്നോട് ക്ഷമിക്കുക!



Scanned with CamScanner

43. പിതാസി ലോകസ്യ ചരാചരസ്യ ത്വമസ്യ പൂജ്യശ്ച ഗുരുർഗരീയാൻ
ന ത്വത്സമോ/സ്ത്യഭ്യധികഃ കുതോ/ന്യോ ലോകത്രയേ/പ്യപ്രതിമ പ്രഭാവ
44. തസ്മാത് പ്രണമ്യ പ്രണിധായ കായം പ്രസാദയേ ത്വാമഹമീശമീഡ്യം
പിതേവ പുത്രസ്യ സഖേവ സഖ്യുഃ പ്രിയഃ പ്രിയായാർഹസി ദേവ സോഢും.
45. അദൃഷ്ടപൂർവ്വം ഹൃഷിതോ/സ്മി ദൃഷ്ട്വാ ഭയേന ച പ്രവ്യഥിതം മനോ മേ
തദേവ മേ ദർശയ ദേവ രൂപം പ്രസീദ ദേവേശ ജഗന്നിവാസ.
46. കിരീടിനം ഗദിനം ചക്രഹസ്തമിച്ഛാമി ത്വാം ദ്രഷ്ടുമഹം തഥൈവ
തേനൈവ രൂപേണ ചതുർഭുജേന സഹസ്രബാഹോ ഭവ വിശ്വമൂർത്തേ
47. (ശ്രീഭഗവാൻ) മയാ പ്രസന്നേന തവാർജ്ജുനേദം രൂപം പരം
ദർശിതമാത്മയോഗാത്
തേജോമയം വിശ്വമനന്തമാദ്യം യന്മേ ത്വദന്യേന ന ദൃഷ്ടപൂർവ്വം.
48. ന വേദയജ്ഞാധ്യയനൈർന്ന ദാനൈർ ന ച ക്രിയാഭിർന്ന തപോഭിരുഗ്രൈഃ
ഏവം രൂപഃ ശക്യ അഹം നൃലോകേ ദ്രഷ്ടും ത്വദന്യേന കുരുപ്രവീര.
49. മാ തേ വ്യഥാ മാ ച വിമൂഢഭാവോ ദൃഷ്ട്വാ രൂപം ഘോരമീദൃങ്മമേദം
വ്യപേതഭീഃ പ്രീതമനാഃ പുനസ്ത്വം തദേവ മേ രൂപമിദം പ്രപശ്യ
50. (സഞ്ജയൻ) ഇത്യർജ്ജുനം വാസുദേവസ്തഥോക്ത്വാ
സ്വകം രൂപം ദർശയാമാസ ഭൂയഃ
ആശ്വാസയാമാസ ച ഭീതമേനം ഭൂത്വാ പുനഃ സൗമ്യവപുർമ്മഹാത്മാ
51. (അർജ്ജുനൻ) ദൃഷ്ട്വേദം മാനുഷം രൂപം തവ സൗമ്യം ജനാർദ്ദന
ഇദാനീമസ്മി സംവൃത്തഃ സചേതാഃ പ്രകൃതിം ഗതഃ
52. (ശ്രീഭഗവാൻ) സുദുർദ്ദർശമിദം രൂപം ദൃഷ്ടവാനസി യന്മമ
ദേവാ അപ്യസ്യ രൂപസ്യ നിത്യം ദർശനകാങ്ക്ഷിണഃ
53. നാഹം വേദൈർന തപസാ ന ദാനേന ന ചേജ്യയാ
ശക്യ ഏവം വിധോ ദ്രഷ്ടും ദൃഷ്ടവാനസി മാം യഥാ.
54. ഭക്ത്യാ ത്വനന്യയാ ശക്യ അഹമേവംവിധോർജ്ജുന
ജ്ഞാതും ദ്രഷ്ടും ച തത്ത്വേന പ്രവേഷ്ടും ച പരം തപ.
55. മത്കർമ്മകൃന്മത്പരമോ മദ്ഭക്തഃ സങ്ഗവർജ്ജിതഃ
നിർവൈരഃ സർവ്വഭൂതേഷു യഃ സ മാമേതി പാണ്ഡവ.

## അദ്ധ്യായം 12 – ഗീതാശ്ലോകം – ഭക്തിയോഗം

1. (അർജ്ജുനൻ) ഏവം സതതയുക്താ യെ ഭക്താസ്ത്വാം പര്യുപാസതേ
യേ ചാപ്യക്ഷരമവ്യക്തം തേഷാം കേ യോഗവിത്തമാഃ
2. (ശ്രീഭഗവാൻ) മയ്യാവേശ്യ മനോ യേ മാം നിത്യയുക്താ ഉപാസതേ
ശ്രദ്ധയാ പരയോപേതാസ്തേ മേ യുക്തതമാ മതാഃ
3. യേ ത്വക്ഷരമനിർദ്ദേശ്യമവ്യക്തം പര്യുപാസതേ
സർവ്വത്രഗമചിന്ത്യം ച കൂടസ്ഥമചലം ധ്രുവം
4. സന്നിയമ്യേന്ദ്രിയ ഗ്രാമം സർവ്വത്ര സമബുദ്ധയഃ
തേ പ്രാപ്നുവന്തി മാമേവ സർവ്വഭൂതഹിതേ രതാഃ
5. ക്ലേശോ/ധികതരസ്തേഷാമവ്യക്താസക്തചേതസാം
അവ്യക്താ ഹി ഗതിർദുഃഖം ദേഹവദ്ഭിരവാപ്യതേ



Scanned with CamScanner

43-46. ത്രിലോകത്തിന്റെയും സ്രഷ്ടാവായ ജഗദീശ്വരാ അതുല്യനായ നിന്നെ ഈ ശരീരത്താൽ സാഷ്ടാംഗപ്രണാമം ചെയ്യുന്നു. പിതൃതുല്യനായ സുഹൃത്തേ ഒരു ബാലനെ എന്നപോലെ കാത്തരുളിയാലും. ഈ വിശ്വ-ദേവ രൂപ ദർശനത്തിൽ ഞാൻ അതീവസന്തുഷ്ടനാണ്. അനുഗ്രഹിച്ചാലും അങ്ങയുടെ ചതുർഭുജത്തോടുകൂടിയ വിഷ്ണുരൂപവും ഞാൻ കാണുവൻ ആഗ്രഹിക്കുന്നു. ശംഖചക്ര ഗദാപത്മ ധാരിയായ അവിടുത്തെ ശാന്തമായ രൂപവും എനിക്ക് ദൃഷ്ടിഗോചരമാക്കി, ധന്യനാകുവാൻ അനുഗ്രഹിക്കേണമേ!

47-49. (ശ്രീകൃഷ്ണവചനം) ദിവ്യചക്ഷുസ്സില്ലാത്ത ഒരുവനും എന്നെ ഈ രൂപത്തിൽ കാണുവാൻ സാധ്യമല്ല. വേദത്തിലൂടെയും, യജ്ഞത്തിലൂടെയും ഈ ദൃശ്യം അസാദ്ധ്യമാണ്. ഭയാനകമായ ഈ രൂപത്തിൽ നീ പരിഭ്രമിക്കേണ്ടതില്ല. എന്റെ ചതുർഭുജരൂപവും ദർശിച്ചാലും.

50. (സഞ്ജയൻ) എന്നുപറഞ്ഞ് അർജ്ജുനന് ശ്രീകൃഷ്ണൻ വിഷ്ണുരൂപം ദർശിപ്പിച്ചു. അർജ്ജുനനെ ആശ്വസിപ്പിക്കുകയും ചെയ്തു.

51. (അർജ്ജുനവചനം) നിന്റെ ഭവ്യമായ മനുഷ്യരൂപത്തിനുമുമ്പിൽ, എന്റെ പൂർവ്വമാനസികാവസ്ഥയിലേക്ക് ഞാൻ എത്തിച്ചേർന്നു.

52-55. (ശ്രീകൃഷ്ണവചനം) ദേവന്മാർപോലും ദർശിക്കാനാഗ്രഹിക്കുന്ന അത്യത്ഭുതകരവും മംഗളകരവുമായ എന്റെ പ്രപഞ്ചരൂപം പൂർണമായും അറിയുവാൻ ശ്രമകരമാണ്. വേദ-യജ്ഞ-ഭക്തിയിലൂടെയൊന്നും ഈ ദർശനം സാധ്യമല്ല. ഏകാഗ്രതപഃസോടെ മാത്രമേ ഈ ദർശനം ലഭ്യമാകൂ. എന്നെത്തന്നെ ആശ്രയിക്കുന്നവർ എന്നിൽ വന്നു ചേരുമെന്ന് നീ അറിയുക.

## അദ്ധ്യായം 12 – ഗീതാസന്ദേശം

1. (അർജ്ജുനവചനം) ഭക്തിപുരസരം ഈശ്വരചൈതന്യപൂജ നടത്തുന്നവനോ അവ്യക്തമായ ബ്രഹ്മോപാസന നടത്തുന്നവനോ പരമയോഗി എന്നറിയുവാൻ ആഗ്രഹമുണ്ട്.

2-5. (ശ്രീകൃഷ്ണവചനം) എന്നെ ആശ്രയിച്ച് ശ്രദ്ധയോടെ എന്നെത്തന്നെ ഉപാസിക്കുന്ന യോഗിയാണ് ശ്രേഷ്ടനെന്ന് ഞാൻ പറയുന്നു. അവ്യക്തമായ ബ്രഹ്മോപാസന നടത്തുന്നവന് ഇന്ദ്രിയ സംയമനം കൊണ്ടും, സമദർശിത്വം കൊണ്ടും എന്നിലേക്ക് തന്നെ എത്തിച്ചേരുവാൻ സാധിക്കുന്നു. എന്നാൽ അവ്യക്തമായ ബ്രഹ്മരൂപത്തിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത് ക്ലേശകരമാണ്.



Scanned with CamScanner

6. യേ തു സർവ്വാണി കർമ്മാണി മയി സന്ന്യസ്യ മത്പരാഃ
അനന്യേനൈവ യോഗേന മാം ധ്യായന്ത ഉപാസതേ
7. തേഷാമഹം സമുദ്ധർത്താ മൃത്യുസംസാരസാഗരാത്
ഭവാമി നചിരാത് പാർത്ഥ മയ്യാവേശിതചേതസാം.
8. മയ്യേവ മന ആധത്സ്വ മയി ബുദ്ധിം നിവേശയ
നിവസിഷ്യസി മയ്യേവ അത ഊർദ്ധ്വം ന സംശയഃ
9. അഥ ചിത്തം സമാധാതും ന ശക്നോഷി മയി സ്ഥിരം
അഭ്യാസയോഗേന തതോ മാമിച്ഛാപ്തും ധനഞ്ജയ.
10. അഭ്യാസേഽപ്യസമർത്ഥോഽസി മത്കർമ്മപരമോ ഭവ
മദർത്ഥമപി കർമ്മാണി കുർവ്വൻ സിദ്ധിമവാപ്സ്യസി.
11. അഥൈതദപ്യശക്തോഽസി കർത്തും മദ്യോഗമാശ്രിതഃ
സർവ്വകർമ്മഫലത്യാഗം തതഃ കുരു യതാത്മവാൻ.
12. ശ്രേയോ ഹി ജ്ഞാനമഭ്യാസാത് ജ്ഞാനാദ്ധ്യാനം വിശിഷ്യതേ
ധ്യാനാത് കർമ്മഫലത്യാഗസ്ത്യാഗാച്ഛാന്തിരനന്തരം
13. അദ്വേഷ്ടാ സർവ്വഭൂതാനാം മൈത്രഃ കരുണ ഏവ ച
നിർമ്മമോ നിരഹങ്കാരഃ സമദുഃഖസുഖഃ ക്ഷമീ
14. സംതുഷ്ടഃ സതതം യോഗീ യതാത്മാദൃഢനിശ്ചയഃ
മയ്യർപ്പിതമനോബുദ്ധിർയോ മദ്ഭക്തഃ സ മേ പ്രിയഃ
15. യസ്മാന്നോദ്വിജതേ ലോകോ ലോകാന്നോദ്വിജതേ ച യഃ
ഹർഷാമർഷഭയോദ്വേഗൈർമുക്തോ യഃ സ ച മേ പ്രിയഃ
16. അനപേക്ഷഃ ശുചിർദക്ഷ ഉദാസീനോ ഗതവ്യഥഃ
സർവ്വാരംഭപരിത്യാഗി യോ മദ്ഭക്തഃ സ മേ പ്രിയഃ
17. യോ ന ഹൃഷ്യതി ന ദ്വേഷ്ടി ന ശോചതി ന കാങ്ക്ഷതി
ശുഭാശുഭപരിത്യാഗീ ഭക്തിമാൻ യഃ സ മേ പ്രിയഃ
18. സമഃ ശത്രൗ ച മിത്രേ ച തഥാ മാനാപമാനയോഃ
ശീതോഷ്ണസുഖദുഃഖേഷു സമഃ സങ്ഗവിവർജ്ജിതഃ
19. തുല്യനിന്ദാസ്തുതിർമൗനീ സന്തുഷ്ടോ യേന കേനചിത്
അനികേതഃ സ്ഥിരമതിർ ഭക്തിമാൻ മേ പ്രിയോ നരഃ
20. യേതു ധർമ്മ്യാമൃതമിദം യഥോക്തം പര്യുപാസതേ
ശ്രദ്ദധാനാ മത്പരമാ ഭക്താസ്തേഽതീവ മേ പ്രിയാഃ

## അദ്ധ്യായം 13 – ഗീതാശ്ലോകം – ക്ഷേത്രക്ഷേത്രജ്ഞയോഗം

1. (അർജ്ജുനൻ) പ്രകൃതിം പുരുഷം ചൈവ ക്ഷേത്രം ക്ഷേത്രജ്ഞമേവ ച
ഏതദ്വേദിതുമിച്ഛാമി ജ്ഞാനം ജ്ഞേയം ച കേശവ
2. (ശ്രീഭഗവാൻ) ഇദം ശരീരം കൗന്തേയ ക്ഷേത്രമിത്യഭിധീയതേ
ഏതദ്യോ വേത്തി തം പ്രാഹുഃ ക്ഷേത്രജ്ഞ ഇതി തദ്വിദഃ
3. ക്ഷേത്രജ്ഞം ചാപി മാം വിദ്ധി സർവ്വക്ഷേത്രേഷു ഭാരത
ക്ഷേത്രക്ഷേത്രജ്ഞയോർജ്ഞാനം യത്തജ്ജ്ഞാനം മതം മമ



Scanned with CamScanner

6-8. എന്നാൽ സമസ്തവും എന്നിൽ അർപ്പിച്ച സംന്യാസി, ധ്യാനത്തിലൂടെ നടത്തുന്ന ഉപാസനകൊണ്ട് മൃത്യുസംസാര മോചിതനായിത്തിരുന്നു. അവന്റെ മനസ്സിലും ബുദ്ധിയിലും ഞാൻ തന്നെ നിവസിക്കുന്നു.

9-11. നിനക്കെന്നിൽ മനസ്സ് കേന്ദ്രീകരിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ യോഗചര്യ അനുഷ്ഠിക്കുക. നിരന്തരയോഗാഭ്യാസം തന്നെ എന്നിലേക്കുള്ള മാർഗ്ഗമാണ്. യോഗചര്യപോലും ആദ്യഘട്ടത്തിൽ അസാധ്യമാണെന്ന് തോന്നുന്നു എങ്കിൽ ചെയ്യുന്ന കർമ്മത്തിന്റെ സർവ്വഗുണദോഷങ്ങളും എന്നിലർപ്പിക്കുക.

12-14. ജ്ഞാനത്തേക്കാൾ ധ്യാനവും, ധ്യാനത്തേക്കാൾ കർമ്മഫലത്യാഗവും ഉത്തമമാണ്. സർവ്വോത്തമമായതാണ് ശാന്തിമാർഗ്ഗം. അഹംഭാവ മോചിതനും, സുഖദുഃഖസമത്വദർശിയും, എന്നിൽ സർവ്വതും അർപ്പിക്കുന്നവനുമായ എന്റെ ഭക്തൻ എനിക്ക് പ്രിയങ്കരനാണ്.

15-16. ഹർഷവും, അമർഷവും, ഭയവും, ഉദ്വേഗവും ത്യജിച്ചവനും, പരസ്പരം സഹകരിക്കുന്നവനും അതിമോദം ഒഴിഞ്ഞവനും, ദുഖഃ-ഉദാസീനത എന്നിവ ഇല്ലാത്തവനും, ശുദ്ധനും, എല്ലാ കർമ്മങ്ങളുടേയും കർമ്മഫലങ്ങളുടേയും കർത്തൃത്വം തന്നെ ത്യജിച്ചവനും എനിക്ക് പ്രിയനാണ്.

17-20. അത്യാഗ്രഹം, വൈരം, അതിദുഃഖം ഇവ ത്യജിച്ചവനും, ശുഭാശുഭ പരിത്യാഗിയും ശത്രു-മിത്ര, മാന-അപമാന, ശീത-ഉഷ്ണ, സുഖ-ദുഃഖങ്ങളുടെ ബന്ധം ഛേദിച്ചവനും, നിന്ദയും, സ്തുതിയും, മൗനമായി അംഗീകരിച്ച് സംതുഷ്ടനാകുന്നവനുമായ ഭക്തൻ എനിക്കെന്നും പ്രിയങ്കരനാണ്. അവനെന്റെ പരമഭക്തനായിരിക്കും ഞാനവന്റെ മാർഗ്ഗദർശിയും.

## അദ്ധ്യായം 13 – ഗീതാസന്ദേശം

1. (അർജ്ജുനവചനം) പ്രകൃതിയും, പ്രപഞ്ചപുരുഷനും, ക്ഷേത്രവും, ക്ഷേത്രജ്ഞനും എന്താണെന്നറിയുവാൻ ആഗ്രഹിക്കുന്നു. അതെന്നെ അറിയിച്ചാലും.

2-3. (ശ്രീകൃഷ്ണവചനം) ഈ ശരീരം ജീവാത്മ പ്രതിഷ്ഠയുള്ള ക്ഷേത്രമാണ്. യോഗി ആത്മചൈതന്യത്തേയും ക്ഷേത്രചൈതന്യത്തേയും അറിയുന്നു. ക്ഷേത്രത്തിന്റെയും ക്ഷേത്രജ്ഞനായ പ്രപഞ്ചചൈതന്യത്തിന്റെയും ജ്ഞാനമാണ് സമഗ്രജ്ഞാനം. ക്ഷേത്രത്തെക്കുറിച്ചുള്ള സമഗ്രജ്ഞാനം നീ സ്വീകരിച്ചാലും.



Scanned with CamScanner

4. തത്ക്ഷേത്രം യച്ച യാദൃക്ച യദ്വികാരി യതശ്ചയത്
സ ച യോ യത് പ്രഭാവശ്ച തത് സമാസേന മേ ശൃണു.
5. ഋഷിഭിർബഹുധാ ഗീതം ഛന്ദോഭിർവിവിധൈഃ പൃഥക്
ബ്രഹ്മസൂത്രപദൈശ്ചൈവ ഹേതുമദ്ഭിർവിനിശ്ചിതൈഃ
6. മഹാഭൂതാന്യഹംകാരോ ബുദ്ധിരവ്യക്തമേവ ച
ഇന്ദ്രിയാണി ദശൈകം ച പഞ്ച ചേന്ദ്രിയ ഗോചരാഃ
7. ഇച്ഛാ ദ്വേഷഃ സുഖം ദുഃഖം സംഘാതശ്ചേതനാധൃതിഃ
ഏതത്ക്ഷേത്രം സമാസേന സവികാരമുദാഹൃതം
8. അമാനിത്വമദംഭിത്വമഹിംസാ ക്ഷാന്തിരാർജ്ജവം
ആചാര്യോപാസനം ശൗചം സ്ഥൈര്യമാത്മവിനിഗ്രഹഃ
9. ഇന്ദ്രിയാർത്ഥേഷു വൈരാഗ്യമനഹങ്കാര ഏവ ച
ജന്മമൃത്യുജരാവ്യാധിദുഃഖദോഷാനുദർശനം
10. അസക്തിരനഭിഷ്വങ്ഗഃപുത്രദാരഗൃഹാദിഷു
നിത്യം ച സമചിത്തത്വമിഷ്ടാനിഷ്ടോപപത്തിഷു.
11. മയി ചാനന്യ യോഗേന ഭക്തിരവ്യഭിചാരിണീ
വിവിക്തദേശസേവിത്വമരതിർജ്ജനസംസദി
12. അദ്ധ്യാത്മജ്ഞാനനിത്യത്വം തത്ത്വജ്ഞാനാർത്ഥദർശനം
ഏതജ്ഞാനമിതി പ്രോക്തമജ്ഞാനം യദതോഽന്യഥാ.
13. ജ്ഞേയം യത്തത് പ്രവക്ഷ്യാമി യജ്ഞാത്വാമൃതമശ്നുതേ
അനാദിമത്പരം ബ്രഹ്മ ന സത്തന്നാസദുച്യതേ
14. സർവ്വതഃ പാണിപാദം തത് സർവ്വതോഽക്ഷിശിരോമുഖം
സർവ്വതഃ ശ്രുതിമല്ലോകേ സർവ്വമാവൃത്യ തിഷ്ഠതി
15. സർവ്വേന്ദ്രിയഗുണാഭാസം സർവ്വേന്ദ്രിയവിവർജ്ജിതം
അസക്തം സർവ്വഭൃച്ചൈവ നിർഗുണം ഗുണഭോക്തൃച
16. ബഹിരന്തശ്ച ഭൂതാനാമചരം ചരമേവ ച
സൂക്ഷ്മത്വാത്തദവിജ്ഞേയം ദൂരസ്ഥം ചാന്തികേ ച തത്
17. അവിഭക്തം ച ഭൂതേഷു വിഭക്തമിവ ച സ്ഥിതം
ഭൂതഭർതൃ ച തജ്ജ്ഞേയം ഗ്രസിഷ്ണു പ്രഭവിഷ്ണു ച
18. ജ്യോതിഷാമപി തജ്ജ്യോതിസ്തമസഃ പരമുച്യതേ
ജ്ഞാനം ജ്ഞേയം ജ്ഞാനഗമ്യം ഹൃദി സർവ്വസ്യ വിഷ്ഠിതം
19. ഇതി ക്ഷേത്രം തഥാ ജ്ഞാനം ജ്ഞേയം ചോക്തം സമാസതഃ
മദ്ഭക്ത ഏതദ്വിജ്ഞായ മദ്ഭാവായോപപദ്യതേ
20. പ്രകൃതിം പുരുഷം ചൈവ വിദ്ധ്യനാദീ ഉഭാവപി
വികാരാംശ്ച ഗുണാംശ്ചൈവ വിദ്ധി പ്രകൃതി സംഭവാൻ
21. കാര്യകാരണകർത്തൃത്വേ ഹേതുഃ പ്രകൃതിരുച്യതേ
പുരുഷഃ സുഖദുഃഖാനാം ഭോക്തൃത്വേ ഹേതുരുച്യതേ
22. പുരുഷഃ പ്രകൃതിസ്ഥോ ഹി ഭുങ്ക്തേ പ്രകൃതിജാൻ ഗുണാൻ
കാരണം ഗുണസങ്ഗോഽസ്യ സദസദ്യോനിജന്മസു
23. ഉപദ്രഷ്ടാനുമന്താ ച ഭർത്താ ഭോക്താ മഹേശ്വരഃ
പരമാത്മേതി ചാപ്യുക്തോ ദേഹേ ഽസ്മിൻ പുരുഷഃ പരഃ



Scanned with CamScanner

4-6. വേദ-വേദാംഗങ്ങളിലും ബ്രഹ്മസൂത്രത്തിലും ഇതിനെക്കുറിച്ച് വിവിധ വീക്ഷണമുണ്ട്. പഞ്ചജ്ഞാനേന്ദ്രിയം-പഞ്ചകർമ്മേന്ദ്രിയം-പഞ്ചഭൂതം-പഞ്ച പ്രാണൻ - മനസ്സ്, ബുദ്ധി ഇവയാണ് ശരീരക്ഷേത്രാടിസ്ഥാനം. ആഗ്രഹം-ദ്വേഷം-സുഖം-ദുഃഖം-സംഘർഷം-സ്വബോധം-വിശ്വാസം ഇതും ശരീരക്ഷേ ത്രത്തിലന്തർലീനം തന്നെ.

7-10. അഹംഭാവം, ഹിംസ, കുടിലത ഇവയിൽ നിന്ന് മുക്തിയും ആത്മസം യമനം, ശൗചം, ആചാര്യഭക്തി ഇവയിൽ നിഷ്ഠയും സദ്ശീലങ്ങളാകുന്നു. അഹംഭാവം, ജന്മ-മൃത്യു-ജരാ-വ്യാധി-ദുഃഖദോഷൈകദൃക്സ്വഭാവം - ഇവ യിൽ നിന്നുള്ള മോചനം, മാനസിക സമഭാവം, സ്വാർത്ഥതയില്ലായ്മ, ആത്മീയവിഷയത്തിൽ ആകർഷണം, ഏകാഗ്രകർമ്മാനുഷ്ഠാനം ഇതെല്ലാം ശരീരക്ഷേത്രമാഹാത്മ്യം വർദ്ധിപ്പിക്കുന്നു.

11-15. ആത്മീയജ്ഞാനവും തത്വദർശനാന്തർഗതവീക്ഷണവുമാണ്, ശരിയായ ജ്ഞാനം. സത്തും അസത്തും അല്ലാത്ത (ജീവാത്മചൈതന്യത്തിന്റെ ആധാ രമായ) പരമാത്മചൈതന്യത്തിന് പ്രപഞ്ചം മുഴുവൻ ജ്ഞാന-കർമ്മേന്ദ്രിയ ങ്ങളുണ്ട്. (പ്രപഞ്ചത്തിൽ നടക്കുന്നതെന്തും പ്രപഞ്ചപുരുഷ ജ്ഞാനത്തോ ടെയെന്ന് സാരം)- എന്നാൽ ഈ ഇന്ദ്രിയങ്ങളെല്ലാം അദൃശ്യങ്ങളാണ്. സർവ്വ തിന്റെയും പുറത്തും സൂക്ഷ്മരൂപത്തിലുമാണ് ഇന്ദ്രിയങ്ങളുടെ സ്ഥാനം.

16-18. ശരീരവുമായി ഏകാത്മഭാവത്തിൽ വർത്തിക്കുമ്പോഴും ശരീരത്തിലെ പ്രപഞ്ചചൈതന്യാംശം അവിഭക്തമല്ലതന്നെ. ജ്ഞാനത്തിന്റെയും, ജ്ഞേയത്തി ന്റെയും അടിസ്ഥാനതത്വമായ ഈ ചൈതന്യം ജ്യോതിർഗോളങ്ങളിൽപോലും വിളങ്ങുന്നുണ്ട്. ഈ ജ്ഞാനം നേടുന്നവൻ എന്നെ വ്യക്തമായി അറിയു കയും എന്നിൽ ലയിക്കുകയും ചെയ്യുന്നു.

19-20. മൂന്നു ഗുണസമന്വിതമായ പ്രകൃതിയും പ്രപഞ്ചപുരുഷനും അനന്ത മാണ്. കാര്യകാരണകർതൃത്വങ്ങൾക്കാധാരം പ്രകൃതിയും, സുഖദുഃഖാനു ഭൂതിക്കുകാരണം ജീവാത്മചൈതന്യവുമത്രെ.

21-23. ത്രിഗുണാധിഷ്ഠിതമായ പ്രകൃതിയുടെ കാര്യകാരണ ജ്ഞാനം സംഭാ വ്യമാകുന്നത് ജീവാത്മ (പുരുഷ) സാന്നിദ്ധ്യത്തിലാണ്. ജീവാത്മാവ് പരമേ ശ്വരനായ പരമാത്മചൈതന്യം തന്നെ. അനുഭവജ്ഞാനകാരണവും ഈ ചൈതന്യം തന്നെ. പ്രകൃതി-പുരുഷ ജ്ഞാനം ലഭ്യമാകുന്ന യോഗി ജീവൻ മരണചക്രത്തിൽനിന്നും മുക്തനാകുന്നു.



Scanned with CamScanner

24. യ ഏവം വേത്തി പുരുഷം പ്രകൃതിം ച ഗുണൈഃ സഹ
സർവ്വഥാ വർത്തമാനോഽപി ന ഭൂയോഽഭിജായതേ
25. ധ്യാനേനാത്മനി പശ്യന്തി കേചിദാത്മാനമാത്മനാ
അന്യേ സാംഖ്യേന യോഗേന കർമ്മയോഗേന ചാപരേ
26. അന്യേ ത്വേവമജാനന്തഃ ശ്രുത്വാന്യേഭ്യ ഉപാസതേ
തേഽപി ചാതിതരന്ത്യേവ മൃത്യും ശ്രുതിപരായണാഃ
27. യാവത് സംജായതേ കിഞ്ചിത് സത്ത്വം സ്ഥാവരജങ്ഗമം
ക്ഷേത്രക്ഷേത്രജ്ഞസംയോഗാത് തദ്വിദ്ധി ഭരതർഷഭ.
28. സമം സർവ്വേഷു ഭൂതേഷു തിഷ്ഠന്തം പരമേശ്വരം
വിനശ്യത്സ്വവിനശ്യന്തം യഃ പശ്യതി സ പശ്യതി.
29. സമം പശ്യൻഹി സർവ്വത്ര സമവസ്ഥിതമീശ്വരം
ന ഹിനസ്ത്യാത്മനാത്മാനം തതോ യാതി പരാം ഗതിം
30. പ്രകൃത്യൈവ ച കർമ്മാണി ക്രിയമാണാനി സർവ്വശഃ
യഃ പശ്യതി തഥാത്മാനമകർത്താരം സ പശ്യതി
31. യദാ ഭൂതപൃഥഗ്ഭാവമേകസ്ഥമനു പശ്യതി
തത ഏവ ച വിസ്താരം ബ്രഹ്മ സംപദ്യതേ തദാ.
32. അനാദിത്വാന്നിർഗുണത്വാത് പരമാത്മായമവ്യയഃ
ശരീരസ്ഥോഽപി കൗന്തേയ ന കരോതി ന ലിപ്യതേ
33. യഥാ സർവ്വഗതം സൗക്ഷ്മ്യാദാകാശം നോപലിപ്യതേ
സർവ്വത്രാവസ്ഥിതോ ദേഹേ തഥാത്മാ നോപലിപ്യതേ
34. യഥാ പ്രകാശയത്യേകഃ കൃത്സ്നം ലോകമിമം രവിഃ
ക്ഷേത്രം ക്ഷേത്രീ തഥാ കൃത്സ്നം പ്രകാശയതി ഭാരത.
35. ക്ഷേത്രക്ഷേത്രജ്ഞയോരേവമന്തരം ജ്ഞാനചക്ഷുഷാ
ഭൂതപ്രകൃതിമോക്ഷം ച യേ വിദുർയാന്തി തേ പരം.

## അദ്ധ്യായം 14 – ഗീതാശ്ലോകം – ഗുണത്രയവിഭാഗയോഗം

1. (ശ്രീഭഗവാൻ) പരം ഭൂയഃ പ്രവക്ഷ്യാമി ജ്ഞാനാനാം ജ്ഞാനമുത്തമം
യജ്ഞാത്വാ മുനയഃ സർവ്വേ പരാം സിദ്ധിമിതോ ഗതാഃ
2. ഇദം ജ്ഞാനമുപാശ്രിത്യ മമ സാധർമ്മ്യമാഗതാഃ
സർഗ്ഗേഽപി നോപജായന്തേ പ്രലയേ ന വ്യഥന്തി ച.
3. മമ യോനിർമഹദ്ബ്രഹ്മ തസ്മിൻ ഗർഭം ദധാമ്യഹം
സംഭവഃ സർവ്വഭൂതാനാം തതോ ഭവന്തി ഭാരത.
4. സർവ്വയോനിഷു കൗന്തേയ, മൂർത്തയഃ സംഭവന്തി യാഃ
താസാം ബ്രഹ്മമഹദ്യോനി രഹം ബീജപ്രദഃ പിതാ.
5. സത്ത്വം രജസ്തമ ഇതി ഗുണാഃ പ്രകൃതി സംഭവാഃ
നിബധ്നന്തി മഹാബാഹോ ദേഹേ ദേഹിനമവ്യയം
6. തത്ര സത്ത്വം നിർമ്മലത്വാത് പ്രകാശകമനാമയം
സുഖസങ്ഗേന ബധ്നാതി ജ്ഞാനസങ്ഗേന ചാനഘ



Scanned with CamScanner

24-26. ചിലർ ധ്യാനമാർഗത്തിലൂടെയും ചിലർ സാംഖ്യമാർഗത്തിലൂടെയും ചിലർ കർമ്മയോഗത്തിലൂടെയും പ്രകൃതി-പുരുഷ ജ്ഞാനം സമ്പാദിക്കുന്നു. ഭാഗികജ്ഞാനം, കേട്ടറിവിലൂടെ ലഭിച്ചവൻപോലും പ്രകൃതി-പുരുഷ ഉപാസനയിലൂടെ ജ്ഞാനിയായിത്തീരുന്നു.

27-29. സർവചരാചരങ്ങളിലും വർത്തിക്കുന്ന സർവ്വേശ്വരചൈതന്യദർശനം സിദ്ധിക്കുന്നവൻ ശ്രേഷ്ഠനത്രെ. സർവ്വസമഭാവദർശനം സാധ്യമാകുന്നവന് ഈശ്വരസാന്നിദ്ധ്യം സർവതിലും ദൃശ്യമാകുന്നു. എല്ലാ കർമ്മത്തിന്റെയും ആധാരമായ പ്രകൃതിയെ അറിഞ്ഞ് കർമ്മം ചെയ്യുന്നവൻ സത്യത്തെ യാഥാർത്ഥ്യബോധത്തോടെ അറിയുന്നു.

30-32. സർവ്വപ്രതിഭാസങ്ങളുടെയും അടിസ്ഥാനം ഏകബ്രഹ്മചൈതന്യമാണെന്നറിയുന്നവന്റെ ജ്ഞാനമാണ് യഥാർത്ഥമായിട്ടുള്ളത്. ഇത് അനന്ത-നിർഗ്ഗുണ-പരമചൈതന്യമായതിനാൽ ശരീരത്തിൽ വർത്തിക്കുമ്പോഴും വ്യക്താധിഷ്ഠിതദുഷ്കർമ്മഫലങ്ങൾ ഇതിനെ ബാധിക്കുന്നില്ല. ഇത് ആകാശംപോലെ ശുദ്ധമായി ദേഹത്തിൽ വർത്തിക്കുന്നു.

33-35. ഭാസ്കരൻ സൗരയൂഥത്തെ മുഴുവൻ പ്രകാശിപ്പിക്കുന്നതുപോലെ ജീവാത്മചൈതന്യം ശരീരത്തിലെ ഓരോ കോശത്തേയും ചൈതന്യവത്താക്കുന്നു. ജ്ഞാനദൃഷ്ടിയാൽ ദർശനം ലഭിക്കുമ്പോഴാണ് ക്ഷേത്രവും- ക്ഷേത്രജ്ഞനും-പ്രകൃതിയും അവയുടെ കാര്യകാരണ ബന്ധങ്ങളും തമ്മിലുള്ള അന്തരമറിയുന്നത്.

## അദ്ധ്യായം 14 – ഗീതാസന്ദേശം

1. (ശ്രീകൃഷ്ണവചനം) ഉത്തമമായ സമഗ്രജ്ഞാനത്തെക്കുറിച്ച് ഇനിയും നീ അറിഞ്ഞാലും. ഈ ജ്ഞാനസന്ദേശം ഉൾക്കൊള്ളുന്നവൻ മഹാപ്രളയത്തിൽപ്പോലും ദുഃഖിക്കുന്നുമില്ല, ഭയക്കുന്നുമില്ല.

3. പ്രപഞ്ചശക്തിനിറഞ്ഞിരിക്കുന്ന ബ്രഹ്മചൈതന്യ ഗർഭത്തിൽ സർവ്വചരാചരങ്ങളുടേയും ബീജം നിക്ഷേപിച്ചത് ഞാനാണ്. അതിൽനിന്നാണ് സർവചരാചരങ്ങളും സൃഷ്ടിക്കപ്പെട്ടത്.

4-6. പ്രപഞ്ചത്തിൽ, പ്രകൃതി മാതാവും ഞാൻ പിതാവുമാണ്. സൃഷ്ടിയിലെ സത്വ-രജ-തമോഗുണങ്ങൾ പ്രകൃതിയുടെ സംഭാവനയാണ്. സൃഷ്ടിച്ച ദേഹത്തിലെ ദേഹി എന്റെ വരദാനവും. സംതൃപ്തിയുടേയും, നന്മയുടേയും, ജ്ഞാനത്തിന്റെയും അടിസ്ഥാനം സത്വഗുണങ്ങളാണ്.



Scanned with CamScanner

7. രജോ രാഗാത്മകം വിദ്ധി തൃഷ്ണാസങ്ഗസമുദ്ഭവം
തന്നിബധ്നാതി കൗന്തേയ കർമ്മസങ്ഗേന ദേഹിനം
8. തമസ്ത്വജ്ഞാനജം വിദ്ധി മോഹനം സർവ്വദേഹിനാം
പ്രമാദാലസ്യനിദ്രാഭിസ്തന്നിബധ്നാതി ഭാരത.
9. സത്ത്വം സുഖേ സഞ്ജയതി രജഃ കർമ്മണി ഭാരത
ജ്ഞാനമാവൃത്യ തു തമഃ പ്രമാദേ സഞ്ജയത്യുത.
10. രജസ്തമശ്ചാഭിഭൂയ സത്ത്വം ഭവതി ഭാരത
രജഃ സത്ത്വം തമശ്ചൈവ തമഃ സത്ത്വം രജസ്തഥാ
11. സർവ്വദ്വാരേഷു ദേഹേഽസ്മിൻ പ്രകാശ ഉപജായതേ
ജ്ഞാനം യദാ തഥാ വിദ്യാദ് വിവൃദ്ധം സത്ത്വമിത്യുത
12. ലോഭഃ പ്രവൃത്തിരാരംഭഃ കർമ്മണാമശമഃ സ്പൃഹാ
രജസ്യേതാനി ജായന്തേ വിവൃദ്ധേ ഭരതർഷഭ.
13. അപ്രകാശോഽപ്രവൃത്തിശ്ച പ്രമാദോ മോഹ ഏവ ച
തമസ്യേതാനി ജായന്തേ വിവൃദ്ധേ കുരുനന്ദന
14. യദാ സത്ത്വേ പ്രവൃദ്ധേ തു പ്രലയം യാതി ദേഹഭൃത്
തദോത്തമവിദാം ലോകാനമലാൻ പ്രതിപദ്യതേ.
15. രജസി പ്രലയം ഗത്വാ കർമ്മസങ്ഗിഷു ജായതേ
തഥാ പ്രലീനസ്തമസി മൂഢയോനിഷു ജായതേ
16. കർമ്മണഃ സുകൃതസ്യാഹുഃ സാത്ത്വികം നിർമ്മലം ഫലം
രജസസ്തു ഫലം ദുഃഖമജ്ഞാനം തമസഃ ഫലം.
17. സത്ത്വാത് സഞ്ജായതേ ജ്ഞാനം രജസോ ലോഭ ഏവ ച
പ്രമാദമോഹൗ തമസോ ഭവതോഽജ്ഞാനമേവ ച.
18. ഊർദ്ധ്വം ഗച്ഛന്തി സത്ത്വസ്ഥാ മദ്ധ്യേ തിഷ്ഠന്തി രാജസാഃ
ജഘന്യഗുണവൃത്തിസ്ഥാ അധോ ഗച്ഛന്തി താമസാഃ
19. നാന്യം ഗുണേഭ്യഃ കർത്താരം യദാ ദ്രഷ്ടാനുപശ്യതി
ഗുണേഭ്യശ്ച പരം വേത്തി മദ്ഭാവം സോഽധിഗച്ഛതി
20. ഗുണാനേതാനതീത്യ ത്രീൻദേഹീ ദേഹസമുദ്ഭവാൻ
ജന്മമൃത്യുജരാദുഃഖൈർവിമുക്തോഽമൃതമശ്നുതേ.
21. (അർജ്ജുനൻ) കൈർലിങ്ഗൈസ്ത്രീൻ ഗുണാനേതാനതീതോ ഭവതി പ്രഭോ
കിമാചാരഃ കഥം ചൈതാംസ്ത്രീൻ ഗുണാനതിവർത്തതേ.
22. (ശ്രീഭഗവാൻ) പ്രകാശം ച പ്രവൃത്തിം ച മോഹമേവ ച പാണ്ഡവ
ന ദ്വേഷ്ടി സംപ്രവൃത്താനി ന നിവൃത്താനി കാങ്ക്ഷതി.
23. ഉദാസീനവദാസീനോ ഗുണൈർയോ ന വിചാല്യതേ
ഗുണാ വർത്തന്ത ഇത്യേവ യോഽവതിഷ്ഠതി നേങ്ഗതേ.
24. സമദുഃഖസുഖഃ സ്വസ്ഥഃ സമലോഷ്ടാശ്മകാഞ്ചനഃ
തുല്യപ്രിയാപ്രിയോ ധീരസ്തുല്യനിന്ദാത്മസംസ്തുതിഃ
25. മാനാപമാനയോസ്തുല്യസ്തുല്യോ മിത്രാരിപക്ഷയോഃ
സർവ്വാരംഭപരിത്യാഗീ ഗുണാതീതഃ സ ഉച്യതേ.



Scanned with CamScanner

7-8. രാഗം, തൃഷ്ണ (അത്യാകർഷണവും, അത്യാഗ്രഹവും) എന്നിവ കർമ്മത്തെ ശരീരവുമായി ബന്ധിപ്പിക്കുന്ന രജോഗുണങ്ങളാണ്. ശരീരത്തെ തിന്മകളുമായി നിരന്തരം ബന്ധിപ്പിക്കുന്നതാണ് തമോഗുണം. പ്രമാദം, ആലസ്യം, നിദ്ര ഇവ തമോഗുണപ്രദങ്ങളാണ്.

9-11. സത്വഗുണം, ആനന്ദത്തിനും, രജസ്സ് കർമ്മത്തിനും, തമസ്സ് തെറ്റുകൾക്കാധാരവുമാകുന്നു. ചിലപ്പോൾ ഏതെങ്കിലും രണ്ടു ഗുണങ്ങളെ മൂന്നാം ഗുണം കീഴടക്കി ഭരിക്കുന്നു. ശരീരമാസകലം ജ്ഞാനത്തിന്റെ പ്രകാശമനുഭവിക്കുമ്പോൾ സത്വഗുണ തേജസ്സുണ്ടാകുമെന്നറിയുക.

12-14. അത്യാഗ്രഹം, അതികർമ്മം, അവിശ്രമം, അമിതസന്തോഷം രജോഗുണ സ്വഭാവങ്ങളാണ്. സത്വഗുണാവസ്ഥയിൽ ദേഹവിയോഗം സംഭവിക്കുന്നവൻ ശ്രേഷ്ഠകുലത്തിലേക്കു ചേരുന്നു. (ശ്രേഷ്ഠകുലത്തിൽ പുനർജനിക്കുന്നു.)

15-17. രാജസീകാവസ്ഥയിലാണ് മരണമെങ്കിൽ കർമ്മികളുടെ കുലത്തിലും താമസാവസ്ഥയിലെ ദേഹവിയോഗം എങ്കിൽ മൂഢയോനിയിലുമുള്ള പുനർജനനത്തിനും കാരണമാകുന്നു. സംതൃപ്തി സത്വഗുണത്തിന്റെയും, ആധി രജോഗുണത്തിന്റേയും, അജ്ഞത തമോഗുണത്തിന്റെയും സംഭാവനയാണ്. ജ്ഞാനം സത്വത്തിന്റേയും, ലോഭം രജസ്സിന്റെയും, അജ്ഞാനം തമസ്സിന്റേയും സംഭാവനയാണ്.

18-20. സത്വഗുണം ഉത്തമവും, രജോഗുണം മധ്യമവും, തമോഗുണം അധമവുമാണ്. ത്രിഗുണജ്ഞാനിയും അതേസമയം ഗുണാതീതനുമായവൻ എന്നിലേക്കെത്തിച്ചേരുന്നു. ഈ ജ്ഞാനി ജന്മമൃത്യു ജരാ ദുഃഖമോചിതനായിത്തീരുകയും ചെയ്യുന്നു.

21. (അർജ്ജുനവചനം) ത്രിഗുണാതീതന്റെ ലക്ഷണമെന്താണ്? അവന്റെ സ്വഭാവമെന്ത്?

22-23. (ശ്രീകൃഷ്ണവചനം) ത്രിഗുണാതീതൻ പ്രകാശത്തേയും പ്രവൃത്തിയേയും ദ്വേഷത്തേയും സ്പർശിക്കുന്നില്ല. (മൂന്നു ഗുണത്തിന്റെ ഫലങ്ങളാണിവ) ഗുണത്തിന്റെ ഭാവങ്ങൾ ഇവനെ ബന്ധിക്കുന്നില്ല. വെറും കർമ്മത്തിന്റെ സാക്ഷിയെപോലെ മാത്രം ഇവൻ പ്രവർത്തിക്കുന്നു.

24-25. സുഖദുഃഖങ്ങൾ, സ്വർണം - ശിലകൾ, പ്രിയ-അപ്രിയങ്ങൾ, സ്തുതി -നിന്ദകൾ ഇവകളെല്ലാം ഗുണാതീതന് വ്യത്യാസമില്ലാത്തതാണ്. അതുപോലെ മാനാപമാനം, ശത്രുമിത്രത്വം, എന്നിവയും ഈ ഗുണാതീതനായ പരിത്യാഗിക്ക് തുല്യമാണ്.



Scanned with CamScanner

26. മാം ച യോഽവ്യഭിചാരേണ ഭക്തിയോഗേന സേവതേ
സ ഗുണാൻ സമതീത്യൈതാൻ ബ്രഹ്മഭൂയായ കല്പതേ.
27. ബ്രഹ്മണോ ഹി പ്രതിഷ്ഠാഹമമൃതസ്യാവ്യയസ്യ ച
ശാശ്വതസ്യ ച ധർമ്മസ്യ സുഖസ്യൈകാന്തികസ്യ ച.

## അദ്ധ്യായം 15 – ഗീതാശ്ലോകം – പുരുഷോത്തമയോഗം

1. (ശ്രീഭഗവാൻ) ഊർദ്ധ്വമൂലമധഃശാഖമശ്വത്ഥം പ്രാഹുരവ്യയം
ഛന്ദാംസി യസ്യ പർണ്ണാനി യസ്തം വേദ സ വേദവിത്
2. അധശ്ചോർദ്ധ്വം പ്രസൃതാസ്തസ്യ ശാഖാ ഗുണപ്രവൃദ്ധാ വിഷയപ്രവാലാഃ
അധശ്ച മൂലാന്യനുസന്തതാനി കർമ്മാനുബന്ധീനി മനുഷ്യലോകേ.
3. ന രൂപമസ്യേഹ തഥോപലഭ്യതേ നാന്തോ ന ചാദിർന ച സംപ്രതിഷ്ഠാ
അശ്വത്ഥമേനം സുവിരൂഢമൂലമസങ്ഗശസ്ത്രേണ ദൃഢേന ഛിത്വാ.
4. തതഃ പദം തത് പരിമാർഗ്ഗിതവ്യം യസ്മിൻ ഗതാ ന നിവർത്തന്തി ഭൂയഃ
തമേവ ചാദ്യം പുരുഷം പ്രപദ്യേ യതഃ പ്രവൃത്തിഃ പ്രസൃതാ പുരാണീ.
5. നിർമ്മാനമോഹാ ജിതസങ്ഗദോഷാ അദ്ധ്യാത്മനിത്യാ വിനിവൃത്തകാമാഃ
ദ്വന്ദ്വൈർവ്വിമുക്താഃ സുഖദുഃഖസംജ്ഞൈർഗച്ഛന്ത്യമൂഢാഃ പദമവ്യയം തത്.
6. ന തദ്ഭാസയതേ സൂര്യോ ന ശശാങ്കോ ന പാവകഃ
യദ്ഗത്വാ ന നിവർത്തന്തേ തദ്ധാമ പരമം മമ.
7. മമൈവാംശോ ജീവലോകേ ജീവഭൂതഃ സനാതനഃ
മനഃഷഷ്ഠാനീന്ദ്രിയാണി പ്രകൃതിസ്ഥാനി കർഷതി.
8. ശരീരം യദവാപ്നോതി യച്ചാപ്യുത്ക്രാമതീശ്വരഃ
ഗൃഹീത്വൈതാനി സംയാതി വായുർഗ്ഗന്ധാനിവാശയാത്.
9. ശ്രോത്രം ചക്ഷുഃ സ്പർശനം ച രസനം ഘ്രാണമേവ ച
അധിഷ്ഠായ മനശ്ചായം വിഷയാനുപസേവതേ
10. ഉത്ക്രാമന്തം സ്ഥിതം വാപി ഭുഞ്ജാനം വാ ഗുണാന്വിതം
വിമൂഢാ നാനുപശ്യന്തി പശ്ന്തി ജ്ഞാന ചക്ഷുഷഃ
11. യതന്തോ യോഗിനശ്ചൈനം പശ്യന്ത്യാത്മന്യവസ്ഥിതം
യതന്തോഽപ്യകൃതാത്മാനോ നൈനം പശ്യന്ത്യചേതസഃ
12. യദാദിത്യഗതം തേജോ ജഗദ്ഭാസയതേഖിലം
യച്ചന്ദ്രമസി യച്ചാഗ്നൗ തത്തേജോ വിദ്ധി മാമകം.
13. ഗാമാവിശ്യ ച ഭൂതാനി ധാരയാമ്യഹമോജസാ
പുഷ്ണാമി ചൗഷധീഃ സർവ്വാഃ സോമോ ഭൂത്വാ രസാത്മകഃ
14. അഹം വൈശ്വാനരോ ഭൂത്വാ പ്രാണിനാം ദേഹമാശ്രിതഃ
പ്രാണാപാനസമായുക്തഃ പചാമ്യന്നം ചതുർവ്വിധം.
15. സർവ്വസ്യ ചാഹം ഹൃദി സന്നിവിഷ്ടോ മത്തഃ സ്മൃതിർജ്ഞാനമപോഹനം ച
വേദൈശ്ച സർവ്വൈരഹമേവ വേദ്യോ വേദാന്തകൃദ്വേദവിദേവചാഹം
16. ദ്വാവിമൗ പുരുഷൗ ലോകേ ക്ഷരശ്ചാക്ഷര ഏവ ച
ക്ഷരഃ സർവ്വാണി ഭൂതാനി കൂടസ്ഥോഽക്ഷര ഉച്യതേ.



Scanned with CamScanner

26-27. ഭക്തിയോഗത്താലും, നിത്യാഭ്യാസത്താലും ഗുണാതീതനായ യോഗി ബ്രഹ്മചൈതന്യാമൃതത്തിന്റെ ശാശ്വതമായ സുഖാനുഭവം അന്ത്യം വരെ നുകർന്നുകൊണ്ടേയിരിക്കുന്നു.

## അദ്ധ്യായം 15 – ഗീതാസന്ദേശം

1. (ശ്രീകൃഷ്ണവചനം) മുകളിൽനിന്നുവേരും ചുവട്ടിൽ ശാഖയുമുള്ള സാങ്കൽപികമായ ഒരു അശ്വത്ഥവൃക്ഷത്തെപ്പോലുള്ള ബ്രഹ്മഗീതമായ വേദത്തേയും, വേദശാഖകളായ (വേദാംഗങ്ങളായ) ഛന്ദസ്സുകളേയും അറിയുന്നവനാണ് ജ്ഞാനി. മനസ്സിനേയും ശരീരത്തേയും, കർമ്മങ്ങളേയും, മൂലം-ശാഖ-ഇലകൾ എന്നിവ അശ്വത്ഥത്തിൽ ബന്ധിപ്പിച്ചിരിക്കുന്നതുപോലെ മനുഷ്യരിൽ ബന്ധിച്ചിരിക്കുന്നു.

3-5. അനവധിശാഖകളും, ശാഖകൾക്കാധാരമായ വേരുകളുമുള്ള (സ്വാശ്രയസ്വഭാവമുള്ള) ശാഖകളോ/ വേരുകളോ മുറിച്ചാൽപ്പോലും നശിക്കാത്ത ആൽമരംപോലെ പ്രപഞ്ചപുരുഷനിൽ കേന്ദ്രീകരിച്ച്, ശസ്ത്രത്താൽപോലും നശിപ്പിക്കുവാൻ സാധിക്കാത്തവിധം ധ്യാനനിരതനായി എന്റെ ഭക്തൻ നിൽക്കുന്നു. അപമാനം, ദുഃഖം, മോഹം, ബന്ധം, അത്യാഗ്രഹം, എന്നിവയിൽ നിന്ന് പൂർണ്ണമോചനം നേടിയവൻ എന്റെ തേജസ്സിനാൽ പ്രഭാവിതനാകുന്നു.

6-8. അത്യധികം പ്രകാശിതമായ എന്റെ രൂപം സൂര്യതേജസ്സിനേക്കാൾ ഉജ്ജ്വലമാണ്. പഞ്ചേന്ദ്രിയങ്ങളും മനസ്സും ജീവചൈതന്യവും എന്റെ തേജസ്സുതന്നെ. അന്ത്യത്തിൽ ഇതേ ജീവാത്മാവ് ദേഹമുപേക്ഷിച്ച് യുക്തമായ മറ്റൊരു ദേഹത്തെ പ്രാപിക്കുന്നു.

9-11. പഞ്ചജ്ഞാനേന്ദ്രിയ സമ്പർക്കത്തിലൂടെയാണ് ബാഹ്യദ്രവ്യങ്ങളുടെ ഗുണം ജീവാത്മാവറിയുന്നത്. അൽപ്പബുദ്ധികൾ, ജീവാത്മ ചൈതന്യാനുഭൂതിയറിയുന്നില്ല. എന്നാൽ ജ്ഞാനികളതറിയുന്നു. പരിശുദ്ധഹൃദയമില്ലാത്ത അൽപബുദ്ധികൾ അവരുടെ ഹൃദയത്തിൽ തിളങ്ങുന്ന തേജസ്സ് ദർശിക്കുന്നില്ല. നിരന്തര പരിശീലനത്തിലൂടെ യോഗിക്കിതു സാധിക്കുന്നു.

12-14. സൂര്യ-ചന്ദ്ര-അഗ്നികളിലെ തേജസ്സ്, പ്രപഞ്ചചൈതന്യത്തെ എന്റെ തേജസ്സാക്കുന്നു. ഔഷധികളിലെ ചൈതന്യരസവും, അവയ്ക്കാധാരവും സോമരസരൂപത്തിൽ ഞാൻതന്നെ നൽകുന്നു. വൈശ്വാനരാഗ്നിയായി ജീവജാലങ്ങളിൽ അന്നബ്രഹ്മത്തെ നാലുവിധപന്ഥാവിലൂടെ ദഹിപ്പിച്ച് ശരീരത്തിൽ ചേർക്കുന്നതും ഞാൻ തന്നെ.

15-16. ശരീരത്തിലുള്ള സ്മരണയും, ജ്ഞാനവും, യുക്തിയും, എന്റെ പ്രതിഫലനമാണ്. ജീവജാലങ്ങളിൽ ഞാൻ അവയുടെ ഹൃദയഭാഗത്ത് വർത്തിക്കുന്നു. വേദാന്തഗ്രന്ഥങ്ങൾ വിവരിക്കുന്നത് എന്റെ ശക്തിയേയാണ്. ജീവജാലങ്ങളിൽ നാശഹീനവും നാശവിധേയവുമായി രണ്ടു പ്രപഞ്ചശക്തികളുണ്ട്. നാശഹീനമായത് ജീവചൈതന്യവും, നാശവിധേയമായത് ഈ ശരീരവുമാണ്.



Scanned with CamScanner

17. ഉത്തമഃ പുരുഷസ്ത്വന്യഃ പരമാത്മേത്യുദാഹൃതഃ
യോ ലോകത്രയമാവിശ്യ ബിഭർത്ത്യവ്യയ ഈശ്വരഃ
18. യസ്മാത് ക്ഷരമതീതോഽഹമക്ഷരാദപി ചോത്തമഃ
അതോഽസ്മി ലോകേ വേദേ ച പ്രഥിതഃ പുരുഷോത്തമഃ
19. യോ മാമേവമസംമൂഢോ ജാനാതി പുരുഷോത്തമം
സ സർവ്വവിദ് ഭജതി മാം സർവ്വഭാവേന ഭാരത.
20. ഇതി ഗുഹ്യതമം ശാസ്ത്രമിദമുക്തം മയാനഘ
ഏതദ്ബുദ്ധ്വാ ബുദ്ധിമാൻസ്യാത് കൃതകൃത്യശ്ച ഭാരത

## അദ്ധ്യായം 16 – ഗീതാശ്ലോകം – ദേവാസുരസമ്പദ്വിഭാഗയോഗം

1. (ശ്രീഭഗവാൻ) അഭയം സത്ത്വസംശുദ്ധിഃ ജ്ഞാനയോഗവ്യവസ്ഥിതിഃ
ദാനം ദമശ്ച യജ്ഞശ്ച സ്വാദ്ധ്യായസ്തപ ആർജ്ജവം
2. അഹിംസാ സത്യമക്രോധസ്ത്യാഗഃ ശാന്തിരപൈശുനം
ദയാ ഭൂതേഷ്വലോലുപ്ത്വം മാർദ്ദവം ഹ്രീരചാപലം
3. തേജഃ ക്ഷമാ ധൃതിഃ ശൗചമദ്രോഹോ നാതിമാനിതാ
ഭവന്തി സംപദം ദൈവീമഭിജാതസ്യ ഭാരത.
4. ദംഭോ ദർപ്പോഽഭിമാനശ്ച ക്രോധഃ പാരുഷ്യമേവ ച
അജ്ഞാനം ചാഭിജാതസ്യ പാർത്ഥ, സമ്പദമാസുരീം.
5. ദൈവീ സംപദ്വിമോക്ഷായ നിബ്ന്ധായാസുരീ മതാ
മാ ശുചഃ സംപദം ദൈവീമഭിജാതോഽസി പാണ്ഡവ.
6. ദ്വൗ ഭൂതസർഗ്ഗൗ ലോകേഽസ്മിൻ ദൈവ ആസുര ഏവ ച
ദൈവോ വിസ്തരശഃ പ്രോക്ത ആസുരം പാർത്ഥ മേ ശൃണു.
7. പ്രവൃത്തിം ച നിവൃത്തിം ച ജനാ ന വിദുരാസുരാഃ
ന ശൗചം നാപി ചാചാരോ ന സത്യം തേഷു വിദ്യതേ
8. അസത്യമപ്രതിഷ്ഠം തേ ജഗദാഹുരനീശ്വരം
അപരസ്പരസംഭൂതം കിമന്യത് കാമഹൈതുകം.
9. ഏതാം ദൃഷ്ടിമവഷ്ടഭ്യ നഷ്ടാത്മാനോഽല്പബുദ്ധയഃ
പ്രഭവന്ത്യുഗ്രകർമ്മാണഃ ക്ഷയായ ജഗതോഽഹിതാഃ
10. കാമമാശ്രിത്യ ദുഷ്പൂരം ദംഭമാനമദാന്വിതാഃ
മോഹാദ്ഗൃഹീത്വാഽസദ്ഗ്രാഹാൻ പ്രവർത്തന്തേഽശുചിവ്രതാഃ
11. ചിന്താമപരിമേയാം ച പ്രലയാന്തമുപാശ്രിതാഃ
കമോപഭോഗപരമാ ഏതാവദിതി നിശ്ചിതാഃ
12. ആശാപാശശതൈർബദ്ധാഃ കാമക്രോധപരായണാഃ
ഈഹന്തേ കാമഭോഗാർത്ഥമന്യായേനാർത്ഥസഞ്ചയാൻ.
13. ഇദമദ്യ മയാ ലബ്ധമിമം പ്രാപ്സ്യേ മനോരഥം
ഇദമസ്തീദമപി മേ ഭവിഷ്യതി പുനർധനം.
14. അസൗ മയാ ഹതഃ ശത്രുർഹനിഷ്യേ ചാപരാനപി
ഈശ്വരോഽഹമഹം ഭോഗീ സിദ്ധോഽഹം ബലവാൻ സുഖീ



Scanned with CamScanner

17-18. ത്രൈലോക്യത്തിന്നാധാരമായത് നാശരഹിതമായ ചൈതന്യമത്രെ. ഇതാണ് ഈശ്വരചൈതന്യം എന്നു പറയുന്നതും. നാശയോഗ്യമായ ശരീരത്തിനും, നാശരഹിതമായ ജീവചൈതന്യത്തിനും മുകളിലായതിനാൽ ഞാൻ പ്രപഞ്ച പുരുഷചൈതന്യത്തിന്റെ ഉത്തമാവസ്ഥയിൽ (അതായത്) പുരുഷോത്തമനായി സ്ഥിതി ചെയ്യുന്നു.

19,20. അതിഗുഹ്യമായ ഒരു ജ്ഞാനമാണ് എന്റെ പുരുഷോത്തമരൂപജ്ഞാനഭാവനാനുഭൂതി. ജ്ഞാനികൾക്കത് പ്രാപ്യമാണ്. ആ പഥത്തിലൂടെ അർജ്ജുനാ നീയും സഞ്ചരിച്ച് എന്നിലെത്തിച്ചേരുക.

## അദ്ധ്യായം 16 – ഗീതാസന്ദേശം

1. (ശ്രീകൃഷ്ണവചനം) നിർഭയത്വം, പരിശുദ്ധമനസ്സ്, യോഗസാധന, ധ്യാനം, ക്ഷമ, വേദപഠനം, തപസ്സ്, അഹിംസ, സത്യം, ക്രോധത്യാഗം, ശാന്തി, ദയ, ലാളിത്യം, ഹൃദയലോലത്വം, ദൃഢചിത്തം, തേജസ്സ്, ക്ഷമ, ധൃതി, ശൗചം, അഹിംസ, ബാഹ്യശുചിത്വം, എന്നീ ഗുണവിശേഷങ്ങൾ കുലീനജാതനായ യോഗിയുടെ ലക്ഷണങ്ങളാണ്.

4,5. ധംബ്, അഹംഭാവം, നിചപെരുമാറ്റം, ക്രോധം, പരുഷസ്വഭാവം, അജ്ഞാനം, എന്നിവ ആസുരിക സ്വഭാവമുള്ള നീച ജാതന്റേതാണ്. ഭൗതീക സുഖഭോഗങ്ങളോടുള്ള അമിതാഗ്രഹമോചനമാണ് മോക്ഷം.

6-9. രണ്ടുവിധമനുഷ്യനാണ് ഈ ലോകത്തിൽ; വൈദീകസ്വഭാവമുള്ളവരും ആസുരീകസ്വഭാവമുള്ളവരും, ശരിയും തെറ്റുമറിയാത്തവർ, ശൗചം-ആചാരം-സത്യം ഇവയുടെ മഹത്വമറിയാത്തവർ. അസത്യവാദം നിരീശ്വരദർശനം എന്നിവയുള്ളവർ (സ്ത്രീപുരുഷസംയോഗത്തിലൂടെ മാത്രം ജഗത്ചരാചര സൃഷ്ടി നടക്കുന്നതിനാൽ) ഈശ്വരസാന്നിദ്ധ്യം അന്ധവിശ്വാസമാണെന്നു പറയുന്നവർ. ഇവരാണ് ആസുരികവിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ, സമൂഹത്തിന്റെ തകർച്ചക്കിവർ കാരണമായിത്തീരുന്നു.

10,11. അത്യാഗ്രഹാദിസ്ഥാനത്തിലുള്ള കർമ്മങ്ങൾ, ദുഷ്ച്ചെയ്തിക്കാധാരമായ മുദ്രാവാക്യങ്ങൾ, അജ്ഞതയോടെയുള്ള അസ്വാഭാവിക പെരുമാറ്റം, താന്തോന്നിത്തം, ക്രൂരകുടിലപെരുമാറ്റം, ഇന്ദ്രിയസുഖങ്ങൾ മാത്രം ലക്ഷ്യമിട്ട് അവർചെയ്യുന്നതുമാത്രം ശരിയാണെന്നും, സുഖം മാത്രമാണ് ജീവിതലക്ഷ്യമെന്നും കരുതുന്നവർ.

12-16. ആശാപാശകാമക്രോധാദികളിൽ ബന്ധനസ്ഥരും, കാമഭോഗാർത്ഥം അന്യായമായ മാർഗ്ഗത്തിലൂടെ സമ്പത്ത് കുമിഞ്ഞുകൂട്ടുന്നവരും, ഇതെല്ലാം ഇന്ന് ഞാനുണ്ടാക്കിയതാണെന്ന് പറയുന്നവരും, ഇത്രയും സമ്പത്തെനിക്കുണ്ട്, ഞാനവനെ വധിച്ചു. ഞാനാണ് ഇതിന്റെ അധിപതി, ഞാൻ ബലവനാണ്, സുഖിയാണ്, സമ്പന്നമായ കുലമെനിക്കുണ്ട്. എനിക്കുതുല്യനാരുമില്ല, ഞാൻ ദൈവത്തിനുവേണ്ടി യജ്ഞം നടത്തുന്നു, എന്ന് വിചാരിച്ച് എല്ലാം അവനിലർപ്പിക്കുന്നവരാണ് ആസുരിക സ്വഭാവമുള്ളവൻ.



Scanned with CamScanner

15. ആഢ്യോ/ഭിജനവാനസ്മി കോ/ന്യോ/സ്തി സദൃശോ മയാ
യക്ഷ്യേ ദാസ്യാമി മോദിഷ്യ ഇത്യജ്ഞാനവിമോഹിതാഃ
16. അനേകചിത്തവിഭ്രാന്താ മോഹജാലസമാവൃതാഃ
പ്രസക്താഃ കാമഭോഗേഷു പതന്തി നരകേ/ശുചൗ
17. ആത്മസംഭാവിതാഃ സ്തബ്ധാ ധനമാനമദാന്വിതഃ
യജന്തേ നാമയജ്ഞൈസ്തേ ദംഭേനാവിധിപൂർവ്വകം
18. അഹംകാരം ബലം ദർപ്പം കാമം ക്രോധം ച സംശ്രിതാഃ
മാമാത്പരദേഹേഷു പ്രദ്വിഷന്തോ/ഭ്യസൂയകാഃ
19. താനഹം ദ്വിഷതഃ ക്രൂരാൻ സംസാരേഷു നരാധമാൻ
ക്ഷിപാമ്യജസ്രമശുഭാനാസുരീഷ്വേവ യോനിഷു.
20. ആസുരീം യോനിമാപന്നാ മൂഢാ ജന്മനി ജന്മനി
മാമപ്രാപ്യൈവ കൗന്തേയ തതോ യാന്ത്യധമാം ഗതിം.
21. ത്രിവിധം നരകസ്യേദം ദ്വാരം നാശനമാത്മനഃ
കാമഃക്രോധസ്തഥാ ലോഭസ്തസ്മാദേതത്ത്രയം ത്യജേത്.
22. ഏതൈർവിമുക്തഃ കൗന്തേയ തമോദ്വാരൈസ്ത്രിഭിർ നരഃ
ആചരത്യാത്മനഃ ശ്രേയസ്തതോ യാതി പരാം ഗതിം.
23. യഃ ശാസ്ത്രവിധിമുസ്യജ്യ വർതതേ കാമകാരതഃ
ന സ സിദ്ധിമവാപ്നോതി ന സുഖം ന പരാം ഗതിം
24. തസ്മാച്ഛാസ്ത്രം പ്രമാണം തേ കാര്യാകാര്യവ്യവസ്ഥിതൗ
ജ്ഞാത്വാ ശാസ്ത്രവിധാനോക്തം കർമ്മ കർത്തുമിഹാർഹസി.

**അദ്ധ്യായം 17 – ഗീതാശ്ലോകം – ശ്രദ്ധാത്രയവിഭാഗയോഗം**

1. (അർജ്ജുനൻ) യേ ശാസ്ത്രവിധിമുത്സൃജ്യ യജന്തേ ശ്രദ്ധയാന്വിതാഃ
തേഷാം നിഷ്ഠാ തു കാ കൃഷ്ണ സത്ത്വമാഹോ രജസ്തമഃ
2. (ശ്രീഭഗവാൻ) ത്രിവിധാ ഭവതി ശ്രദ്ധാ ദേഹിനാം സാ സ്വഭാവജാ
സാത്ത്വികീ രാജസീ ചൈവ താമസീ ചേതി താം ശൃണു.
3. സത്ത്വാനുരൂപാ സർവസ്യ ശ്രദ്ധാ ഭവതി ഭാരത
ശ്രദ്ധാമയോ/യം പുരുഷോ യോ യച്ഛ്രദ്ധഃ സ ഏവ സഃ
4. യജന്തേ സാത്ത്വികാ ദേവാൻ യക്ഷരക്ഷാംസി രാജസാഃ
പ്രേതാൻ ഭൂതഗണാംശ്ചാന്യേ യജന്തേ താമസാ ജനാഃ
5. അശാസ്ത്രവിഹിതം ഘോരം തപ്യന്തേ യേ തപോ ജനാഃ
ദംഭാഹങ്കാരസംയുക്താഃ കാമരാഗബലാന്വിതാഃ
6. കർശയന്തഃ ശരീരസ്ഥം ഭൂതഗ്രാമമചേതസഃ
മാം ചൈവാന്തഃശരീരസ്ഥം താൻ വിദ്ധ്യാസുരനിശ്ചയാൻ.
7. ആഹാരസ്ത്വപി സർവസ്യ ത്രിവിധോ ഭവതി പ്രിയഃ
യജ്ഞസ്തപസ്തഥാ ദാനം തേഷാം ഭേദമിമം ശൃണു.
8. ആയുഃസത്ത്വബലാരോഗ്യസുഖപ്രീതിവിവർദ്ധനാഃ
രസ്യാഃ സ്നിഗ്ധാഃ സ്ഥിരാ ഹൃദ്യാ ആഹാരാഃ സാത്ത്വികപ്രിയാഃ



Scanned with CamScanner

17-19. സമ്പത്തിന്റേയും പ്രസിദ്ധിയുടേയും ഹരത്തിൽ ബാഹ്യപ്രകടനത്തിനായി ഈശ്വരോപാസന നടത്തി. കാമക്രോധാദിവികാരങ്ങളിൽ കുടുങ്ങി സ്വന്തം ശരീരമാണ് എല്ലാമെന്നുംകരുതി ക്രൂരന്മാരും, ദ്വേഷികളും, പാപികളുമായ നരാധമന്മാർ നികൃഷ്ടകുലത്തിൽ തുടരെത്തുടരെ ജന്മമെടുക്കുന്നു.

20-22. ആസുരീകകൂലത്തിൽ തുടർച്ചയായി ജന്മം ലഭിക്കുന്ന ഇവർക്ക് എന്നെ പ്രാപിക്കുവാൻ അസാധ്യമാണ്. അത്യാഗ്രഹം-ക്രോധം-ലോഭം ഈ മൂന്നുമാണ് ഘോരനരകത്തിലെ കവാടങ്ങൾ, അവയെ നീ ഉപേക്ഷിച്ച് പരമമായ സത്യലോകത്തിലേക്കുള്ള മാർഗ്ഗത്തിലേക്കു പ്രവേശിച്ചാലും.

23,24. ശാസ്ത്രവിധിപ്രകാരമുള്ള ധാർമ്മികകർമ്മം ആചരിക്കാത്തവന് സുഖവും പരമപദപ്രാപ്തിയും അസംഭവ്യമാണ്. കാര്യകാരണബോധത്തോടെയുള്ള ശാസ്ത്ര പ്രമാണങ്ങളിലൂടെയുള്ള വിധിപ്രകാരമാണ് നീയും കർമ്മമനുഷ്ഠിക്കേണ്ടത്.

## അദ്ധ്യായം 17 – ഗീതാസന്ദേശം

1. (അർജ്ജുനവചനം) ഉറച്ചവിശ്വാസത്തിലൂടെ ഈശ്വരഭജനം നടത്തുന്നവർ ശാസ്ത്രവിധിപ്രകാരമുള്ള പന്ഥാവിലൂടെ ചരിച്ചില്ലെങ്കിൽ സത്-രജസ് -തമോഗുണങ്ങളിലേതിൽ വർത്തിക്കുന്നു?

2,3. (ശ്രീകൃഷ്ണവചനം) സാത്വീക-രാജസിക-താമസികമായ മൂന്ന് വിധത്തിലും ഈശ്വരനെ ശ്രദ്ധയോടെ ഭജിക്കുന്നവരുണ്ട്. വ്യക്ത്യധിഷ്ഠിതമായ സ്വഭാവത്തോടുകൂടിയതാണ് ഓരോരുത്തരുടേയും ശ്രദ്ധ. ഇത് വിശ്വാസാടിസ്ഥാനവുമാണ് .

4-6. സാത്വികഭാവത്തിലുള്ള ആരാധനയിൽ ഈശ്വരചൈതന്യത്തേയും, രാജസിക ഭാവത്തിൽ രക്ഷസ്സുകളേയും, താമസികഭാവത്തിൽ പ്രേതങ്ങളേയും ഭജിക്കുന്നു. ദംബ്, അഹങ്കാരം, കാമം, രാഗം, അതിബലം എന്നിവയുള്ളവർ ശാസ്ത്രവിഹിതങ്ങളല്ലാത്ത ആരാധനാക്രമം അനുശാസിക്കാറുണ്ട്. ചിലർ ശരീരഘടകളേയും, രൂപത്തേയും, ആസുരികഭാവത്തേയും ആരാധിക്കുന്നു.

7-10. ഈ മൂന്നു വിഭാഗക്കാർക്ക് മൂന്നുതരം ഭോജ്യവസ്തുക്കളാണ് ഇഷ്ടം. ഇവർക്കും മൂന്നുവിധ യജ്ഞ-തപ-ദാനം എന്നിവയുണ്ട്. ആയുസ്സ്-ബുദ്ധി-ശക്തി, തൃപ്തി-പ്രീതി എന്നിവയുണ്ടാക്കുന്ന മധുരവും-ഹൃദ്യവും- പ്രകൃത്യാലുള്ളതുമായ ഭക്ഷണമാണ് സാത്വികർക്ക് പ്രിയം. കയ്പ്പ്-പുളിപ്പ്, ഉപ്പ്, എരുവ്, എന്നീ ഉഷ്ണപ്രകൃതമുള്ളതാണ് രാജസപ്രിയം. ഇതിൽനിന്ന് രോഗവും, ദുഃഖവും വേദനയും അനുഭവപ്പെടുന്നു. ഭാഗീകമായി സംസ്കരിച്ചതും, പാകം വരുത്താത്തതും, ഉച്ഛിഷ്ടവും, വിസർജ്ജിക്കപ്പെട്ടതും, പുളിപ്പിച്ചതുമാണ് താമസികാഹാരപ്രിയരുടെ വിഭവങ്ങൾ.



Scanned with CamScanner

9. കടദ്വമ്ലലവണാത്യുഷ്ണതീക്ഷ്ണരൂക്ഷവിദാഹിനഃ
ആഹാരാ രാജസസ്യേഷ്ടാ ദുഃഖശോകാമയപ്രദാഃ
10. യാതായാമം ഗതരസം പൂതി പര്യുഷിതം ച യത്
ഉച്ഛിഷ്ടമപി ചാമേധ്യം ഭോജനം താമസപ്രിയം
11. അഫലാകാംക്ഷിഭിർയജ്ഞോ വിധിദൃഷ്ടോ യ ഇജ്യതേ
യഷ്ടവ്യമേവേതി മനഃ സമാധായ സ സാത്ത്വികഃ
12. അഭിസന്ധായ തു ഫലം ദംഭാർത്ഥമപി ചൈവ യത്
ഇജ്യതേ ഭരതശ്രേഷ്ഠ തം യജ്ഞം വിദ്ധി രാജസം.
13. വിധിഹീനമസൃഷ്ടാന്നം മന്ത്രഹീനമദക്ഷിണം
ശ്രദ്ധാവിരഹിതം യജ്ഞം താമസം പരിചക്ഷതേ.
14. ദേവദ്വിജഗുരുപ്രാജ്ഞപൂജനം ശൗചമാർജ്ജവം
ബ്രഹ്മചര്യമഹിംസാ ച ശാരീരം തപ ഉച്യതേ.
15. അനുദ്വേഗകരം വാക്യം സത്യം പ്രിയഹിതം ച യത്
സ്വാധ്യായാഭ്യസനം ചൈവ വാങ്മയം തപ ഉച്യതേ
16. മനഃപ്രസാദഃ സൗമ്യത്വം മൗനമാത്മവിനിഗ്രഹഃ
ഭാവസംശുദ്ധിരിത്യേതത്തപോ മാനസമുച്യതേ
17. ശ്രദ്ധയാ പരയാ തപ്തം തപസ്തത് ത്രിവിധം നരൈഃ
അഫലാംകാംക്ഷിഭിർയുക്തൈഃ സാത്ത്വികം പരിചക്ഷതേ
18. സത്കാരമാനപൂജാർത്ഥം തപോ ദംഭേന ചൈവ യത്
ക്രിയതേ തദിഹ പ്രോക്തം രാജസം ചലമധ്രുവം.
19. മൂഢഗ്രാഹേണാത്മനോ യത് പീഡയാ ക്രിയതേ തപഃ
പരസ്യോത്സാദനാർത്ഥം വാ തത് താമസമുദാഹൃതം.
20. ദാതവ്യമിതി യദ്ദാനം ദീയതേ/നുപകാരിണേ
ദേശേ കാലേ ച പാത്രേ ച തദ്ദാനം സാത്ത്വികം സ്മൃതം
21. യത്തു പ്രത്യുപകാരാർത്ഥം ഫലമുദ്ദിശ്യ വാ പുനഃ
ദീയതേ ച പരിക്ലിഷ്ടം തദ്ദാനം രാജസം സ്മൃതം.
22. അദേശകാലേ യദ്ദാനമപാത്രേഭ്യശ്ച ദീയതേ
അസത്കൃതമവജ്ഞാതം തത് താമസമുദാഹൃതം
23. ഓം തത് സദിതി നിർദ്ദേശോ ബ്രഹ്മണസ്ത്രിവിധഃ സ്മൃതഃ
ബ്രാഹ്മണാസ്തേന വേദാശ്ച യജ്ഞാശ്ച വിഹിതാഃ പുരാ.
24. തസ്മാദോമിത്യുദാഹൃത്യ യജ്ഞദാനതപഃക്രിയാഃ
പ്രവർത്തന്തേ വിധാനോക്താഃ സതതം ബ്രഹ്മവാദിനാം.
25. തദിത്യനഭിസന്ധായ ഫലം യജ്ഞതപഃക്രിയാഃ
ദാനക്രിയാശ്ച വിവിധാഃ ക്രിയന്തേ മോക്ഷ കാങ്ക്ഷിഭിഃ
26. സദ്ഭാവേ സാധുഭാവേ ച സദിത്യേ തത്പ്രയുജ്യതേ
പ്രശസ്തേ കർമ്മണി തഥാ സച്ഛബ്ദഃ പാർത്ഥയുജ്യതേ.
27. യജ്ഞേ തപസി ദാനേ ച സ്ഥിതിഃ സദിതി ചോച്യതേ
കർമ്മ ചൈവ തദർത്ഥീയം സദിത്യേവാഭിധീയതേ
28. അശ്രദ്ധയാ ഹുതം ദത്തം തപസ്തപ്തം കൃതം ച യത്
അസദിത്യുച്യതേ പാർത്ഥ ന ച തത്പ്രേത്യ നോ ഇഹ.



Scanned with CamScanner

11-13. ശ്രേഷ്ഠമായ ആരാധനാക്രമത്തിൽ അനുഷ്ഠിക്കേണ്ടത് സാത്വിക പന്ഥാവാണ്. ബാഹ്യപ്രകടനങ്ങൾക്കായി അനുഷ്ഠിക്കാറുള്ള ആരാധനാക്രമം രാജസികമാണെന്ന് ഓർക്കുക. വിധിപ്രകാരമല്ലാത്ത നിവേദ്യവും, മന്ത്രമില്ലാതുള്ള ദക്ഷിണയും, ശ്രദ്ധയില്ലാതെ നടത്തുന്ന യജ്ഞവും താമസകർമ്മമാണ്.

14-16. ദേവ-ദ്വിജ-ഗുരു-പ്രാജ്ഞ പൂജാവൃത്തി-ബ്രഹ്മചര്യം-അഹിംസ എന്നിവയും ശരീരം കൊണ്ടുള്ള തപസ്സാണ്. സത്യം, പ്രിയവചനം, മൃദുവചനം, വേദപഠനം, സദ്വചനങ്ങൾ ഇവ വാക്കുകൊണ്ടുള്ള തപസ്സാണ്. സന്തോഷം, സൗമ്യം, മൗനം, വിനീതഭാവം, സംശുദ്ധഭാവം, ഇവ മാനസീക തപശ്ചര്യയാണ്.

17-19. ശ്രേഷ്ഠന്മാർ മൂന്നുവിധ തപസ്സ് അനുഷ്ഠിക്കാറുണ്ട്. ഫലേച്ഛകൂടാതെയുള്ള തപസ്സ് സാത്വികമാണ്. പേരിനും, പ്രസിദ്ധിക്കും അനുഷ്ഠിക്കുന്ന തപശ്ചര്യകളുണ്ട്. ഇവർക്ക് സ്വാർത്ഥതാൽപര്യവും നൈമഷികഫലവും മാത്രമാണ് ലക്ഷ്യം. മറ്റുള്ളവനെ വേദനിപ്പിക്കുവാനും, ദ്രോഹിക്കുവാനുമായി ചിലർ അനുഷ്ഠിക്കുന്ന യജ്ഞകർമ്മങ്ങൾ താമസികമാണ്.

20-22. അർഹിക്കുന്ന വ്യക്തിക്ക്, ആവശ്യം വരുന്ന വേളയിൽ, നല്ല സ്ഥലത്തുവച്ച്, സത്പാത്രത്തിൽ, നല്ല മനസ്സോടെ നൽകുന്ന ഉത്തമദ്രവ്യങ്ങളാണ് സാത്വികദാനം. ദ്വേഷ്യത്തോടെ, തിരിച്ച് കൂടുതൽ ഫലം പ്രതീക്ഷിച്ച്, ദ്രവ്യങ്ങൾ നൽകുന്നത് രാജസിക ദാനമാണ്-അനവസരത്തിൽ ആവശ്യമില്ലാത്ത ദ്രവ്യം, അർദ്ധമനസോടെ അർഹിക്കാത്തവന് നൽകുന്നത് താമസികദാനവുമാണ്.

23-25. 'ഓം തത് സദ്' എന്ന വരി സത്യത്തേയും സ്വബോധത്തേയും, ആനന്ദത്തേയും സൂചിപ്പിക്കുന്ന വേദവരികളാണ്. അതിനാൽ ശ്രേഷ്ഠന്മാരുടെ സർവ്വയജ്ഞവും, കർമ്മവും, ദാനവും, വൈദീകചിഹ്നമായ ഓംകാരം ജപിച്ച് സാത്വികഭാവം വരുത്തി അനുഷ്ഠിക്കേണ്ടതാണ്.

26-27. സത്യത്തിന്റേയും, നന്മയുടേയും ഭാവമാണ് 'സത്' സൂചിപ്പിക്കുന്നത്. കൂടാതെ സ്തുതിക്കും ഈ പദം ഉപയോഗിക്കുന്നു. യജ്ഞം-തപസ്സ്-ദാനം-എന്നിവയിലും സത് ഉപയോഗിക്കാറുണ്ട്.

28. അശ്രദ്ധയോടെ നൽകുന്നതും, വേദനയോടെ അനുഷ്ഠിക്കുന്നതുമായ, എല്ലാം അസത് എന്ന പ്രയോഗത്തിനർഹമാണ്- സത് ആയത് നന്മയാണ്.



Scanned with CamScanner

## അദ്ധ്യായം 18 – ഗീതാശ്ലോകം

1. (അർജ്ജുനൻ) സന്ന്യാസസ്യ മഹാബാഹോ തത്ത്വമിച്ഛാമി വേദിതും
ത്യാഗസ്യ  ഹൃഷീകേശ പൃഥക് കേശിനിഷൂദന
2. (ശ്രീഭഗവാൻ) കാമ്യാനാം കർമ്മണാം ന്യാസം സന്ന്യാസം കവയോ വിദുഃ
സർവ്വകർമ്മഫലത്യാഗം പ്രാഹുസ്ത്യാഗം വിചക്ഷണാഃ
3. ത്യാജ്യാം ദോഷവദിത്യേകേ കർമ്മ പ്രാഹുർമനീഷിണഃ
യജ്ഞദാനതപഃകർമ്മ ന ത്യാജ്യമിതി ചാപരേ.
4. നിശ്ചയം ശൃണു മേ തത്ര ത്യാഗേ ഭരതസത്തമ
ത്യാഗോ ഹി പുരുഷവ്യാഘ്ര ത്രിവിധഃ സംപ്രകീർത്തിതഃ
5. യജ്ഞദാനതപഃകർമ്മ ന ത്യാജ്യം കാര്യമേവ തത്
യജ്ഞോ ദാനം തപശ്ചൈവ പാവനാനി മനീഷിണാം.
6. ഏതാന്യപി തു കർമ്മാണി സങ്ഗം ത്വക്ത്വാഫലാനി ച
കർതവ്യാനീതി മേ പാർത്ഥ നിശ്ചിതം മതമുത്തമം.
7. നിയതസ്യ തു സന്ന്യാസഃ കർമ്മണോ നോപപദ്യതേ
മോഹാത് തസ്യ പരിത്യാഗസ്താമസഃ പരികീർത്തിതഃ
8. ദുഃഖമിത്യേവ യത്കർമ്മ കായക്ലേശഭയാത്ത്യജേത്
സ കൃത്വാ രാജസം ത്യാഗം നൈവം ത്യാഗഫലം ലഭേത്
9. കാര്യമിത്യേവ യത്കർമ്മ നിയതം ക്രിയതേ/ർജ്ജുന
സങ്ഗം ത്യക്ത്വാ ഫലം ചൈവ സ ത്യാഗഃ സാത്ത്വികോ മതഃ
10. ന ദ്വേഷ്ട്യകുശലം കർമ്മ കുശലേ നാനുഷജ്ജതേ
ത്യാഗീ സത്ത്വസമാവിഷ്ടോ മേധാവീ ഛിന്നസംശയഃ
11. നഹി ദേഹഭൃതാ ശക്യം ത്യക്തും കർമ്മാണ്യശേഷതഃ
യസ്തു കർമ്മഫലത്യാഗീ സ ത്യാഗീത്യഭിധീയതേ
12. അനിഷ്ടമിഷ്ടം മിശ്രം ച ത്രിവിധം കർമ്മണഃ ഫലം
ഭവത്യത്യാഗിനാം പ്രേത്യ ന തു സന്ന്യാസിനാം ക്വചിത്.
13. പഞ്ചൈതാനി മഹാബാഹോ കാരണാനി നിബോധ മേ
സാംഖ്യേ കൃതാന്തേ പ്രോക്താനി സിദ്ധയേ സർവ്വകർമ്മണാം.
14. അധിഷ്ഠാനം തഥാ കർത്താ കരണം ച പൃഥഗ്വിധം
വിവിധാശ്ച പൃഥക് ചേഷ്ടാ ദൈവം ചൈവാത്ര പഞ്ചമം.
15. ശരീരവാങ് മനോഭിര്യത് കർമ്മ പ്രാരഭതേ നരഃ
ന്യായ്യം വാ വിപരീതം വാ പഞ്ചൈതേ തസ്യ ഹേതവഃ
16. തത്രൈവം സതി കർത്താരമാത്മാനം കേവലം തു യഃ
പശ്യത്യകൃതബുദ്ധിത്വാന്ന സ പശ്യതി ദുർമ്മതിഃ
17. യസ്യ നാഹം കൃതോ ഭാവോ ബുദ്ധിര്യസ്യ ന ലിപ്യതേ
ഹത്വാപി സ ഇമാൻ ലോകാൻ ന ഹന്തി ന നിബധ്യതേ
18. ജ്ഞാനം ജ്ഞേയം പരിജ്ഞാതാ ത്രിവിധാ കർമ്മചോദനാ
കരണം കർമ്മ കർത്തേതി ത്രിവിധഃ കർമ്മസംഗ്രഹഃ
19. ജ്ഞാനം കർമ്മ ച കർത്താ ച ത്രിധൈവ ഗുണഭേദതഃ
പ്രോച്യതേ ഗുണസംഖ്യാനേ യഥാവത്ശൃണു താന്യപി.



Scanned with CamScanner

**അദ്ധ്യായം 18 – ഗീതാസന്ദേശം**

1. (അർജ്ജുനവചനം) സംന്യാസത്തന്റേയും ത്യാഗത്തിന്റേയും പരമമായ അർത്ഥമെന്ത് ?

2–3. (ശ്രീകൃഷ്ണവചനം) ചില ഋഷിവര്യന്മാരുടെ അഭിപ്രായത്തിൽ സർവ്വ കർമ്മങ്ങളും ത്യജിക്കുന്നതാണ് സംന്യാസം. മറ്റുള്ളവരുടെ അഭിപ്രായത്തിൽ കർമ്മഫലം ത്യജിക്കുന്നത് സംന്യാസവും. ചിലരുടെ അഭിപ്രായത്തിൽ ഒരോ കർമ്മത്തിലും ചില ദോഷങ്ങൾ അടങ്ങിയിരിക്കുന്നതിനാൽ സർവ്വകർമ്മവും ത്യജിക്കേണ്ടതാണ്. മറ്റുള്ളവർ പറയുന്നു, യജ്ഞവും, ദാനവും, തപസ്സും സംന്യാസഭാഗമെന്ന്, അത് ത്യജിച്ചുകൂടാത്തതാണെന്നും!

4–6. സംന്യാസവും ത്യാഗവും, സാത്വിക-രാജസിക-താമസിക ഭാവങ്ങളിലും ഉണ്ട്. ശ്രേഷ്ഠന്മാരെ വീണ്ടും ശുദ്ധീകരിക്കുന്ന യജ്ഞ-ദാന-തപസ്സുകൾ ത്യജിക്കേണ്ടതില്ല. അവ സാത്വികമാണ്. ഇവ തന്നെ ഗാഢബന്ധമില്ലാതെ അനുഷ്ഠിച്ചാൽ സർവ്വോത്തമ കർമ്മമാണ്.

7–9. സ്വധർമ്മം, സംന്യാസത്തിന്റെ പേരിൽ ത്യജിക്കുന്നത് താമസികവും മൂഢത്വവുമാണ്. ശാരീരികവും മാനസികവുമായ ദുഃഖഹേതുവായി വിഷമമേറിയ കർമ്മത്യാഗം ചെയ്താൽ അത് മഹത്തായ ത്യാഗമേ അല്ല. ഭീരുത്വമാണ്. സ്വധർമ്മമനുഷ്ഠിക്കേണ്ടത് ധാർമ്മികബാധ്യതയായതിനാൽ ഫലപരിത്യാഗത്തിലൂടെ സ്വധർമ്മം ചെയ്യുക.

10–12. ശാശ്വത സന്തോഷം നൽകാത്തതും, കർമ്മബന്ധം ദൃഢീകരിക്കുന്നതുമായ കർമ്മങ്ങളെ ത്യജിക്കുന്നത് ബുദ്ധിമാന്റെ ലക്ഷണമാണ്. എന്നാൽ എല്ലാവർക്കും എല്ലാ കർമ്മങ്ങളും ത്യജിക്കുവാൻ സാധ്യമല്ലാത്തതിനാൽ ഉത്തമമായ ത്യാഗം എന്നത് കർമ്മഫലത്യാഗമാണ്. (കർമ്മത്യാഗമല്ല) നന്മ-തിന്മ -സമ്മിശ്രം എന്നിങ്ങനെ മൂന്നുവിധകർമ്മഫലങ്ങളാണുള്ളത്. ഒരു കർമ്മഫലത്യാഗിക്ക് ഇത് മൂന്നും ഒരുപോലെയാണ്.

13–15. സർവ്വകർമ്മങ്ങളുടെയും കാരണങ്ങളും, സിദ്ധിയും സാംഖ്യയോഗത്തിൽ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഇതിൽ അഞ്ചുവസ്തുതകൾ പ്രാധാന്യമർഹിക്കുന്നു. കർമ്മത്തിന്റെ അടിസ്ഥാനം, കർത്താവ്, കർമ്മേന്ദ്രിയങ്ങൾ, കർമ്മത്തിന്റെ ഭാഗങ്ങൾ, (ചേഷ്ടകൾ), കർമ്മാധിപനായ ഈശ്വരൻ, ശരിയായതോ തെറ്റായതോ ആയ എല്ലാ ശരീര-വാക്-മനോ കർമ്മങ്ങൾക്കും ഈ അഞ്ച് കാര്യങ്ങളുമുണ്ട്.

16–17. ഇതിൽ സർവ്വകർമ്മങ്ങളും അനുഷ്ഠിക്കുന്നത് ഞാൻ സ്വയമാണെന്ന് ധരിക്കുന്നത് അൽപ്പബുദ്ധികൾ മാത്രമാണ്. എന്നാൽ കർമ്മത്തിന്റെ കർത്താവ് തനിക്കതീതമാണെന്നറിഞ്ഞ് കർതൃത്വം ജഗദീശ്വരനിൽ അർപ്പിക്കുന്നവന് ഒരു കർമ്മത്തിന്റെയും പാപഭാരമില്ലതന്നെ.

18–19. സമഗ്രകർമ്മം മൂന്നുഭാഗങ്ങളായി തിരിച്ചിരിക്കുന്നു. ജ്ഞാനം (അറിയപ്പെടേണ്ടത്), കർമ്മേന്ദ്രിയം-കർമ്മം-കർത്താവ് എന്നിവയുമുണ്ട്. ജ്ഞാനം-കർമ്മം-കർത്താവ് എന്നീ മൂന്ന് ഭേദങ്ങൾ വേറെയുമുണ്ട്.



Scanned with CamScanner

20. സർവഭൂതേഷു യേനൈകം ഭാവമവ്യയമീക്ഷതേ
അവിഭക്തം ച വിഭക്തേഷു തജ്ഞാനം വിദ്ധി സാത്ത്വികം
21. പൃഥക്ത്വേന തു യജ്ഞാനം നാനാഭാവാൻപൃഥഗ്വിധാൻ
വേത്തി സർവേഷു ഭൂതേഷു തജ്ഞാനം വിദ്ധി രാജസം
22. യത്തു കൃത്സ്നവദേകസ്മിൻ കാര്യേ സക്തമഹൈതുകം
അതത്ത്വാർത്ഥവദല്പം ച തത് താമസമുദാഹൃതം.
23. നിയതം സങ്ഗരഹിതമരാഗദ്വേഷതഃ കൃതം
അഫലപ്രേപ്സുനാ കർമ്മ യത് തത് സാത്ത്വിക മുച്യതേ.
24. യത്തു കാമേപ്സുനാ കർമ്മ സാഹംകാരേണ വാ പുനഃ
ക്രിയതേ ബഹുലായാസം തദ് രാജസമുദാഹൃതം
25. അനുബന്ധം ക്ഷയം ഹിംസാമനവേക്ഷ്യ ച പൗരുഷം
മോഹാദാരഭ്യതേ കർമ്മ യത്തത്താമസമുച്യതേ
26. മുക്തസങ്ഗോഽനഹംവാദി ധൃത്യുത്സാഹസമന്വിതഃ
സിദ്ധ്യസിദ്ധ്യോർനിർവികാരഃ കർത്താ സാത്ത്വിക ഉച്യതേ.
27. രാഗീ കർമ്മഫലപ്രേപ്സുർലുബ്ധോ ഹിംസാത്മകോഽശുചിഃ
ഹർഷശോകാന്വിതഃ കർത്താ രാജസഃ പരികീർത്തിതഃ
28. അയുക്തഃ പ്രാകൃതഃ സ്തബ്ധഃ ശഠോ നൈഷ്കൃതികോഽലസഃ
വിഷാദീ ദീർഘസൂത്രീ ച കർത്താ താമസ ഉച്യതേ.
29. ബുദ്ധേർഭേദം ധൃതേശ്ചൈവ ഗുണതസ്ത്രിവിധം ശൃണു
പ്രോച്യമാനമശേഷേണ പൃഥക്ത്വേന ധനഞ്ജയ.
30. പ്രവൃത്തിം ച നിവൃത്തിം ച കാര്യാകാര്യേ ഭയാഭയേ
ബന്ധം മോക്ഷം ച യാ വേത്തി ബുദ്ധിഃ സാ പാർത്ഥ സാത്ത്വികീ
31. യയാ ധർമ്മമധർമ്മം ച കാര്യം ചാകാര്യമേവ ച
അയഥാവത് പ്രജാനാതി ബുദ്ധിഃ സാ പാർത്ഥ രാജസീ
32. അധർമ്മം ധർമ്മമിതി യാ മന്യതേ തമസാവൃതാ
സർവ്വാർത്ഥാൻ വിപരീതാംശ്ച ബുദ്ധിഃ സാ പാർത്ഥ താമസീ.
33. ധൃത്യാ യയാ ധാരയതേ മനഃപ്രാണേന്ദ്രിയക്രിയാഃ
യോഗേനാവ്യഭിചാരിണ്യാ ധൃതിഃ സാ പാർത്ഥ സാത്ത്വികീ.
34. യയാ തു ധർമ്മകാമാർത്ഥാൻ ധൃത്യാ ധാരയതേഽർജ്ജുന
പ്രസങ്ഗേന ഫലാകാംക്ഷീ ധൃതിഃ സാ പാർത്ഥ രാജസീ.
35. യയാ സ്വപ്നം ഭയം ശോകം വിഷാദം മദമേവ ച
ന വിമുഞ്ചതി ദുർമേധാ ധൃതിഃ സാ പാർത്ഥ താമസീ.
36. സുഖം ത്വിദാനീം ത്രിവിധം ശൃണു മേ ഭരതർഷഭ
അഭ്യാസാദ്രമതേ യത്ര ദുഃഖാന്തം ച നിഗച്ഛതി.
37. യത്തദഗ്രേ വിഷമിവ പരിണാമേഽമൃതോപമം
തത്സുഖം സാത്ത്വികം പ്രോക്തമാത്മബുദ്ധി പ്രസാദജം
38. വിഷയേന്ദ്രിയസംയോഗാദ് യത്തദഗ്രേഽമൃതോപമം
പരിണാമേ വിഷമിവ തത്സുഖം രാജസം സ്മൃതം
39. യദഗ്രേ ചാനുബന്ധേ ച സുഖം മോഹനമാത്മനഃ
നിദ്രാലസ്യപ്രമാദോത്ഥം തത്താമസമുദാഹൃതം.



Scanned with CamScanner

20-22. സർവ്വചരാചരങ്ങളിലും അന്തർലീനവും വേർതിരിക്കുവാൻ അസാധ്യ വുമായചൈതന്യത്തെക്കുറിച്ചുള്ള ജ്ഞാനമാണ് സാത്വികം. ഓരോന്നിലും വർത്തിക്കുന്ന ജ്ഞാനം വ്യത്യസ്തമായി കാണുവാനും വ്യാഖ്യാനിക്കുവാനും സാധിക്കുന്നവന്റേത് രാജസിക ജ്ഞാനമാണ്. എല്ലാം ശരീരത്തിന്റെ മാത്രം കർമ്മങ്ങളാണെന്നും അതിനപ്പുറം ഒന്നുമില്ലെന്നും, യാഥാർത്ഥ്യം അതു മാത്രമാണെന്നുമുള്ളവന്റെ ജ്ഞാനമത്രെ താമസികം.

23-25. ശാസ്ത്രവിധി പ്രകാരമുള്ള കർമ്മം ഈശ്വരനിശ്ചയമാണെന്നറിഞ്ഞ് ഫലത്തെക്കുറിച്ച് ചിന്താധീനനാകാതെ ചെയ്യുന്ന കർമ്മം സാത്വികമാണ്. എന്നാൽ നൈമിഷികസന്തോഷത്തിനായി അഹംഭാവത്തോടെ, ശ്രദ്ധയില്ലാതെ ചെയ്യുന്നതത്രെ രാജസികം. അജ്ഞാനത്താൽ സ്വയം നശിക്കുവാനും, ഹിംസാപരമായും, അത്യാഗ്രഹംകൊണ്ടും ചെയ്യുന്ന കർമ്മം താമസികമാണ്.

26-28. 'എനിക്ക്' എന്ന ബോധമില്ലാതെ ശ്രദ്ധയോടെ, ഉറച്ചവിശ്വാസത്തോടെ ജയാപജയാടിസ്ഥാനമായ സുഖദുഃഖമില്ലാതെ അനുഷ്ഠിക്കുന്ന കർമ്മം സാത്വികം, ഗാഢബന്ധം, കർമ്മഫലാസക്തി, പ്രകൃതിക്ക് വിപരീതമായ പ്രവർത്തനം, സുഖദുഃഖസ്വാധീനം, ഇവയാൽ ബന്ധിത കർമ്മം രാജസമാണ്. ആത്മ നിയന്ത്രണം, സാംസ്കാരികവീക്ഷണം, ദുഷ്ടലക്ഷ്യം, പരധനത്തിലാഗ്രഹം, ദുഃഖത്തോടുകൂടി, ഗൂഢലക്ഷ്യം, ഇവയിലേതെങ്കിലും കർമ്മഭാഗമാണെങ്കിൽ അത് താമസമാണ്.

29-32. ബുദ്ധിയുടെ പ്രയോഗഗുണാടിസ്ഥാനത്തിൽ കർമ്മത്തെ ഞാൻ മൂന്നായി ഭാഗിക്കുന്നു. ധാർമ്മികപ്രവൃത്തി, കാര്യമകാര്യം, ഭയാഭയം, ബന്ധമോക്ഷം, എന്നിവയെക്കുറിച്ച് വ്യക്തമായ ജ്ഞാനാടിസ്ഥാനത്തിലുള്ള കർമ്മം സാത്വികമാണ്. ഈ ബോധങ്ങൾ വ്യക്തമായിട്ടില്ലാതെ അനുഷ്ഠിക്കുന്ന കർമ്മങ്ങൾ രാജസീകവും, വ്യക്തമായറിയാവുന്ന അധർമ്മം, എല്ലാത്തിലും വിപരീതവീക്ഷണം, അജ്ഞത, അന്ധാനുകരണം ഇവ താമസികവുമാണ്.

33-35. നിശ്ചയദാർഢ്യത്തോടെ, മനഃഇന്ദ്രിയ നിയന്ത്രണത്തിലൂടെ, യോഗ സാധനകൊണ്ട് അനുഷ്ഠിക്കുന്ന മാനസിക ശക്തിയായ ധൃതി സാത്വികമാണ്. ഫലേച്ഛയോടെ, ഗുണദോഷലക്ഷ്യത്തോടെ, ഭൗതിക സുഖാർത്ഥ കർമ്മം അനുഷ്ഠിക്കാനുള്ള മാനസികശക്തി രാജസികധൃതി. ദുഷ്ടലക്ഷ്യത്തോടെയും അധർമ്മവിചാരവികാരത്തോടെയും അനുഷ്ഠിക്കുന്ന കർമ്മത്തിനുപിന്നിൽ താമസികധൃതിയുമാണ്.

36-37. സുഖം (സന്തോഷം) തന്നെ മൂന്നുവിധമുണ്ട്. ധ്യാനം, പൂജ, സേവനം എന്നിവ തുടക്കത്തിൽ (താൽകാലിക) വിഷമവും വേദനയും തോന്നുന്നതാണെങ്കിലും, അന്ത്യത്തിൽ ശാശ്വതമായ മാനസികസുഖം തരുന്നതിനാൽ അത് സാത്വികസുഖമാണ്.

38-39. ഇന്ദ്രിയാടിസ്ഥാനമായ താത്കാലികസുഖങ്ങൾ പലതും പരമമായ സുഖമാണെന്ന് തോന്നലുണ്ടാക്കുന്നതിനാൽ, അത് രാജസിക സുഖമാണ്. തെറ്റുകളുടേയും, കുറ്റങ്ങളുടേയും, അജ്ഞാനത്തിന്റെയും, പന്ഥാവിലൂടെ ലഭിക്കുന്ന നൈമിഷികസുഖം അന്ത്യത്തിൽ ഘോരദുഃഖത്തിന് കാരണമാകുന്നതായതിനാൽ അത് താമസികസുഖമാണ്.



Scanned with CamScanner

40. ന തദസ്തി പൃഥിവ്യാം വാ ദിവി ദേവേഷു വാ പുനഃ
സത്ത്വം പ്രകൃതിജൈർമുക്തം യദേഭിഃസ്യാത് ത്രിഭിർഗുണൈഃ
41. ബ്രാഹ്മണക്ഷത്രിയവിശാം ശൂദ്രാണാം ച പരന്തപ
കർമ്മാണി പ്രവിഭക്താനി സ്വഭാവപ്രഭവൈർഗുണൈഃ
42. ശമോ ദമസ്തപഃ ശൗചം ക്ഷാന്തിരാർജ്ജവമേവ ച
ജ്ഞാനം വിജ്ഞാനമാസ്തിക്യം ബ്രഹ്മകർമ്മ സ്വഭാവജം
43. ശൗര്യം തേജോ ധൃതിർദാക്ഷ്യം യുദ്ധേ ചാപ്യപലായനം
ദാനമീശ്വരഭാവശ്ച ക്ഷാത്രം കർമ്മ സ്വഭാവജം.
44. കൃഷിഗൗരക്ഷ്യവാണിജ്യം വൈശ്യകർമ്മ സ്വഭാവജം
പരിചര്യാത്മകം കർമ്മ ശൂദ്രസ്യാപി സ്വഭാവജം.
45. സ്വേ സ്വേ കർമ്മണ്യഭിരതഃ സംസിദ്ധിം ലഭതേ നരഃ
സ്വകർമ്മനിരതഃ സിദ്ധിം യഥാ വിന്ദതി തച്ഛൃണു.
46. യതഃ പ്രവൃത്തിർഭൂതാനാം യേന സർവമിദം തതം
സ്വകർമ്മണാ തമഭ്യർച്യ സിദ്ധിം വിന്ദതി മാനവഃ
47. ശ്രേയാൻ സ്വധർമ്മോ വിഗുണഃ പരധർമ്മാത് സ്വനുഷ്ഠിതാത്
സ്വഭാവനിയതം കർമ്മ കുർവ്വൻ നാപ്നോതി കില്ബിഷം
48. സഹജം കർമ്മ കൗന്തേയ, സദോഷമപി ന ത്യജേത്
സർവാരംഭാ ഹി ദോഷേണ ധൂമേനാഗ്നിരിവാവൃതാഃ
49. അസക്തബുദ്ധിഃ സർവത്ര ജിതാത്മ വിഗതസ്പൃഹഃ
നൈഷ്കർമ്മ്യസിദ്ധിം പരമാം സന്ന്യാസേനാധിഗ്ച്ഛതി
50. സിദ്ധിം പ്രാപ്തോ യഥാ ബ്രഹ്മ തഥാപ്നോതി നിബോധ മേ
സമാസേനൈവ കൗന്തേയ നിഷ്ഠാ ജ്ഞാനസ്യ യാ പരാ
51. ബുദ്ധ്യാ വിശുദ്ധയാ യുക്തോ ധൃത്യാത്മാനം നിയമ്യ ച
ശബ്ദാദീൻ വിഷയാംസ്ത്യക്ത്വാ രാഗദ്വേഷൗ വ്യുദസ്യ ച.
52. വിവിക്തസേവീ ലഘ്വാശീ യതവാക്കായമാനസഃ
ധ്യാനയോഗപരോ നിത്യം വൈരാഗ്യം സമുപാശ്രിതഃ
53. അഹങ്കാരം ബലം ദർപ്പം കാമം ക്രോധം പരിഗ്രഹം
വിമുച്യ നിർമ്മമഃ ശാന്തോ ബ്രഹ്മഭൂയായ കല്പതേ.
54. ബ്രഹ്മഭൂതഃ പ്രസന്നാത്മാ ന ശോചതി ന കാംക്ഷതി
സമഃ സർവേഷു ഭൂതേഷു മദ്ഭക്തിം ലഭതേ പരാം.
55. ഭക്ത്യാ മാമഭിജാനാതി യാവാൻ യശ്ചാസ്മി തത്ത്വതഃ
തതോ മാം തത്ത്വതോ ജ്ഞാത്വാ വിശതേ തദനന്തരം.
56. സർവ്വകർമ്മാണ്യപി സദാ കുർവ്വാണോ മദ്വ്യപാശ്രയഃ
മത്പ്രസാദാദവാപ്നോതി ശാശ്വതം പദമവ്യയം.
57. ചേതസാ സർവകർമ്മാണി മയി സന്ന്യസ്യ മത്പരഃ
ബുദ്ധിയോഗമുപാശ്രിത്യ മച്ചിത്തഃ സതതം ഭവ.
58. മച്ചിത്തഃ സർവദുർഗ്ഗാണി മത്പ്രസാദാത് തരിഷ്യസി
അഥ ചേത്ത്വമഹംകാരാന്ന ശ്രോഷ്യസി വിനങ്ക്ഷ്യസി.



Scanned with CamScanner

40-41. സർവ്വചരാചരങ്ങളിലും ഈ ത്രിവിധ കർമ്മ-ധർമ്മ-ആനന്ദ-ധൃതിക ളുണ്ട്. നാനാവിധ ജനങ്ങളിലും അവരുടെ സ്വതസ്സിദ്ധജന്മവാസനയാൽ ഈ മൂന്നു ഗുണങ്ങളും ദൃശ്യമാണ്.

42-44. ത്യാഗം,.ക്ഷമ, തപസ്സ്, ശുചി, ജ്ഞാനം, വിജ്ഞാനം, സത്പ്രവർത്തി, സദാചാരം, സ്വധർമ്മം ഇവ ഈശ്വരീയമായ ബ്രാഹ്മജ്ഞാടിസ്ഥാനമാണ്. ശൗര്യം, തേജസ്സ്, കാഠിന്യം, ബുദ്ധി, അചഞ്ചലത, ദാനശീലത്വം, നേതൃത്വ വാസന, ഇവ ക്ഷാത്രശക്തിക്കടിസ്ഥാനമാണ്. കൃഷി, ഗോരക്ഷ, വ്യാപാരം, എന്നിവ വൈശ്യധർമ്മാടിസ്ഥാനവും, സേവനം- ശൂദ്രകർമ്മാടിസ്ഥാനവുമാണ്.

45-47. സ്വന്തം കർമ്മത്തിലൂടെ ലഭിക്കുന്നത് സിദ്ധിയാണ്, ഉത്തമമായ സംതൃപ്തിയും, അത്യുന്നതപദവിയും, അവനവന്റെ ധർമ്മാനുഷ്ഠാനത്തി ലൂടെ ലഭിക്കുന്നു. സ്വധർമ്മത്തിന് അതിമഹത്വമില്ലന്ന് വാദിച്ചാൽപ്പോലും മറ്റൊരു ധർമ്മം അന്ധമായി അനുഷ്ഠിക്കുന്നതിലുമുത്തമം സ്വധർമ്മം ത ന്നെ. അവ പാപമുക്തമാണ്.

48-50. കത്തിജ്വലിക്കുന്ന അഗ്നിപോലും പുകയുൾക്കൊള്ളുന്നതാണ്. അതു പോലെ എല്ലാകർമ്മത്തിലും അതിന്റേതായ കുറവുകളുണ്ട്. എങ്കിൽപ്പോലും സ്വധർമ്മമനുഷ്ഠിക്കാതിരിക്കുന്നത് തെറ്റാണ്. ആസക്തിയില്ലാതെ, അതി മോഹമില്ലാതെ, ചാരിതാർത്ഥ്യബോധത്തോടെ സ്വധർമ്മമനുഷ്ഠിക്കുന്നത് സാംഖ്യയോഗപന്ഥാവാണ്. പ്രത്യേക സാഹചര്യത്തിൽ കർമ്മരഹിതനാ യിരിക്കുന്നത് (അകർമ്മ ഭാവം) ശ്രേഷ്ഠമാകുന്നതെങ്ങിനെയെന്നും നീ അറിയുക.

51-53. നിയന്ത്രിതഭക്ഷണം, ഏകാന്തവാസം, കർമ്മേന്ദ്രിയ ആകർഷകങ്ങ ളായ ഒന്നുമില്ലാത്ത സ്ഥലം, ശരീര-മനോ-വക്നിയന്ത്രണം, സമ്പൂർണ്ണ സാത്വികാനുഷ്ഠാനം, ധ്യാനനിരതത്വം, ഹിംസ-ഭാവം-കുടിലത-അത്യാഗ്രഹം -ദ്വേഷം-ആഡംബരം ഇവയുടെ സമ്പൂർണ്ണത്യാഗം, എന്ന അവസ്ഥയിലെ ത്തിയാൽ ബ്രഹ്മജ്ഞാന മാർഗ്ഗത്തിലേക്ക് പ്രയാണമാരംഭിക്കാം.

54-55. ബ്രഹ്മചൈതന്യ ഐക്യരൂപഭാവനയിലെത്തിയവൻ സുഖദുഃഖ മോചി തനായി ഈശ്വരസാക്ഷാത്കാര സംതൃപ്തിയിലലിയുന്നു. (ഈ അവസ്ഥ യിലെത്തിയവനു മാത്രം കർമ്മത്യാഗം അനുവദനീയമാണ്.) സംപൂർണ പ്രപഞ്ചചൈതന്യമായ എന്നേയും എന്റെ അസ്തിത്വത്തിന്റെ തത്വത്തേയും അറിയുന്നവൻ ജ്ഞാനയോഗാവസ്ഥയിലാണ്.

56-58. എന്നാൽ കർമ്മയോഗി എന്നിലർപ്പിച്ച മനസ്സുമായി ചെയ്യുന്ന കർമ്മങ്ങളിലൂടെ എന്നിലേക്കെത്തിച്ചേരുന്നു. മാനസികമായും വികാര-വിചാരപരമായും നിന്റെ സർവ്വതും എന്നിലർപ്പിച്ച് കർമ്മയോഗപന്ഥാവ് നീ സ്വീകരിക്കുക. നീ പരാജയപ്പെട്ടേക്കാം എന്ന വിചാരം പോലും നിന്നിൽ നിന്നും മുക്തമാകുന്നതാണ്.



Scanned with CamScanner

59. യദഹംകാരമാശ്രിത്യ ന യോത്സ്യ ഇതി മന്യസേ
മിഥ്യൈഷ വ്യവസായസ്തേ പ്രകൃതിസ്ത്വാം നിയോക്ഷ്യതി.
60. സ്വഭാവജേനകൗന്തേയ നിബദ്ധഃ സ്വേന കർമ്മണാ
കർത്തും നേച്ഛസി യന്മോഹാത് കരിഷ്യസ്യവശോऽപി തത്.
61. ഈശ്വരഃ സർവ്വഭൂതാനാം ഹൃദ്ദേശേऽർജ്ജുന തിഷ്ഠതി
ഭ്രാമയൻ സർവഭൂതാനി യന്ത്രാരൂഢാനി മായയാ.
62. തമേവ ശരണം ഗച്ഛ സർവ്വഭാവേന ഭാരത!
തത്പ്രസാദാത് പരാം ശാന്തിം സ്ഥാനം പ്രാപ്സ്യസി ശാശ്വതം
63. ഇതി തേ ജ്ഞാനമാഖ്യാതം ഗുഹ്യാദ് ഗുഹ്യതരം മയാ
വിമൃശ്യൈതദശേഷേണ യഥേച്ഛസി തഥാ കുരു.
64. സർവഗുഹ്യതമം ഭൂയഃ ശൃണു മേ പരമം വചഃ
ഇഷ്ടോऽസി മേ ദൃഢമിതി തതോ വക്ഷ്യാമി തേ ഹിതം
65. മന്മനാ ഭവ മദ്ഭക്തോ മദ്യാജീ മാം നമസ്കുരു
മാമേവൈഷ്യസി സത്യം തേ പ്രതിജാനേ പ്രിയോऽസി മേ
66. സർവധർമ്മാൻ പരിത്യജ്യ മാമേകം ശരണം വ്രജ
അഹം ത്വാ സർവപാപേഭ്യോ മോക്ഷയിഷ്യാമി മാ ശുചഃ
67. ഇദം തേ നാതപസ്കായ നാഭക്തായ കദാചന
ന ചാശുശ്രൂഷവേ വാച്യം ന ച മാം യോऽഭ്യ സൂയതി.
68. യ ഇമം പരമം ഗുഹ്യം മദ്ഭക്തേഷ്വഭിധാസ്യതി
ഭക്തിം മയി പരാം കൃത്വാ മാമേവൈഷ്യത്യസംശയഃ
69. ന ച തസ്മാന്മനുഷ്യേഷു കശ്ചിന്മേ പ്രിയകൃത്തമഃ
ഭവിതാ ന ച മേ തസ്മാദന്യഃ പ്രിയതരോ ഭുവി.
70. അധ്യേഷ്യതേ ച യം ഇമം ധർമ്മ്യം സംവാദമാവയോഃ
ജ്ഞാനയജ്ഞേന തേനാഹമിഷ്ടഃ സ്യാമിതി മേ മതിഃ
71. ശ്രദ്ധാവാനനസൂയശ്ച ശൃണുയാദപി യോ നരഃ
സോऽപി മുക്തഃ ശുഭാൻ ലോകാൻ പ്രാപ്നുയാൻ പുണ്യകർമ്മണാം.
72. കച്ചിദേച്ഛ്രുതം പാർത്ഥ ത്വയൈകാഗ്രേണ ചേതസാ
കച്ചിദജ്ഞാനസംമോഹഃ പ്രനഷ്ടസ്തേ ധനഞ്ജയ
73. (അർജ്ജുനൻ) നഷ്ടോ മോഹഃ സ്മൃതിർലബ്ധ്വാ ത്വത് പ്രസാദാന്മയാച്യുത
സ്ഥിതോऽസ്മി ഗതസന്ദേഹഃ കരിഷ്യേ വചനം തവ.
74. (സഞ്ജയൻ) ഇത്യഹം വാസുദേവസ്യ പാർത്ഥസ്യ ച മഹാത്മനഃ
സംവാദമിമമശ്രൗഷമദ്ഭുതം രോമഹർഷണം
75. വ്യാസപ്രസാദാത് ശ്രുതവാനേതദ് ഗുഹ്യമഹം പരം
യോഗം യോഗേശ്വരാത് കൃഷ്ണാത് സാക്ഷാത് കഥയതഃ സ്വയം
76. രാജൻ സംസ്മൃത്യ സംസ്മൃത്യ സംവാദമിമമദ്ഭുതം
കേശവാർജ്ജുനയോഃ പുണ്യം ഹൃഷ്യാമി ച മുഹുർ മുഹുഃ
77. തച്ച സംസ്മൃത്യ സംസ്മൃത്യ രൂപമത്യദ്ഭുതം ഹരേഃ
വിസ്മയോ മേ മഹാൻ രാജൻ ഹൃഷ്യാമി ച പുനഃ പുനഃ
78. യത്ര യോഗേശ്വരഃ കൃഷ്ണോ യത്ര പാർത്ഥോ ധനുർധരഃ
തത്ര ശ്രീർവിജയോ ഭൂതിർധ്രുവാ നീതിർമ്മതിർ മമ.



Scanned with CamScanner

59-61. ഞാൻ യുദ്ധത്തിനില്ല എന്നൊഴിഞ്ഞുമാറുവാൻ നിനക്ക് സാധ്യമല്ല. ഈ സാഹചര്യം നിന്നെ യുദ്ധത്തിന് നിർബന്ധിതമാക്കുകതന്നെ ചെയ്യും. ക്ഷത്രിയനായ നിന്റെ കർമ്മം സ്വധർമ്മമായനിലക്ക് ഈ യുദ്ധക്കളത്തിലടരാടാൻ നിസ്സഹായ മനോഭാവത്തോടെയാണെങ്കിലും നീ യുദ്ധം ചെയ്യും. നീ ഉൾപ്പെടെയുള്ള ചരാചരങ്ങളിൽ അധിവസിക്കുന്ന ജഗദീശ്വരൻ നൽകിയ ധാർമ്മിക ഉത്തരവാദിത്വം നിന്റെ ശരീരമെന്ന യന്ത്രത്തിനനുഷ്ഠിക്കാതിരിക്കുവാൻ അസാധ്യമാണ്.

62-63. ജഗദീശ്വരനിൽ ശരണം പ്രാപിക്കുക. പരമപദത്തിനായി പ്രാർത്ഥിച്ച് കർമ്മം ചെയ്യുക. അത്യധികം ഗഹനമായ ജ്ഞാനമാണ് ഞാൻ നിനക്കുപദേശിച്ചത്. സ്വന്തം യുക്തിയാൽ വിമർശനബുദ്ധ്യാ വിശകലനം ചെയ്ത് നിന്റെ യുക്തം പോലെ ചെയ്യുക.

64-66. നീ എനിക്ക് പ്രിയപ്പെട്ടവനാണ്, നിന്റെ മനസ്സ് എന്നിലർപ്പിക്കുക. എന്റെ പ്രിയപ്പെട്ടവനെ! മറ്റെല്ലാവികാരവിചാരങ്ങളേയും പരിത്യജിച്ച് എന്നിലേക്ക് വരുക. സർവ്വപാപങ്ങളിൽ നിന്നും നിന്നെ ഞാൻ മോചിതനാക്കാം.

67-69. അധാർമ്മിക പന്ഥാവിലൂടെ ചരിക്കുന്നവന് ഉപദേശിക്കേണ്ടതല്ല ഈ ഗീതാജ്ഞാനമാർഗ്ഗം. ഗീതാജ്ഞാനത്തിലൂടെ എന്റെ ഭക്തർ എന്നിലേക്ക് വരുന്നു. ഗീതാനുശാസികജീവിതം അനുഷ്ഠിക്കുന്നവനിൽ നിന്നന്യനായി ഒരു ഭക്തനെനിക്കില്ല. അവരെക്കാളും പ്രിയനായൊരു വ്യക്തിയും എനിക്കില്ല.

70-72. ഗീതയിൽ വിവരിച്ച ഭക്തിയും, ജ്ഞാനവും, യജ്ഞവും, ധർമ്മവും, കർമ്മവും എന്നിലേക്കെത്തിച്ചേരാനുള്ള എന്റെ ഭക്തന്റെ മാർഗ്ഗങ്ങളാണ്. ശ്രേഷ്ഠമായ ഒരു ഈശ്വരീയ ലോകത്തിലേക്കുള്ള എന്റെ ഭക്തന്റെ മാർഗ്ഗമാണതിൽ. ചപല മനോഭാവത്തിൽ നിന്നും ദൃഢനിശ്ചയമുള്ള മനസ്സിലേക്ക് നീയും ചരിക്കുക.

73. (അർജ്ജുനവചനം) ഹേ കേശവാ! എന്റെ പൂർവ്വ വികാരവിചാരങ്ങൾ നിന്റെ അനുഗ്രഹത്താൽ അപ്രത്യക്ഷമായി. ദൃഢചിത്തനായി ഞാൻ കർമ്മമണ്ഡലത്തിൽ, അങ്ങയുടെ ഉപദേശം സ്വീകരിച്ച്, പ്രവർത്തിക്കുവാനായി നിൽക്കുകയാണ്.

74-77. (സഞ്ജയവചനം) രോമാഞ്ചജനകവും, അത്യത്ഭുതകരവുമായ ശ്രീകൃഷ്ണാർജ്ജുന സംവാദം ഞാൻ കേട്ടു. വ്യാസാനുഗ്രഹത്താൽ ലഭ്യമായ ജ്ഞാനദൃഷ്ടിയാൽ ശ്രീകൃഷ്ണന്റെ അത്യുജ്ജ്വലവചനങ്ങൾ ഞാൻ നേരിൽ ശ്രവിച്ചു. ഞാൻ അത്യാനന്ദഭാവത്തിലാറാടുകയാണിപ്പോഴും.

78. ജ്ഞാനത്തിന്റെ മൂർത്തിമദ്ഭാവമായ യോഗേശ്വരൻ ശ്രീകൃഷ്ണൻ എവിടെയുണ്ടോ കർമ്മത്തിന്റെ മൂർത്തിമദ്ഭാവമായ അർജ്ജുനൻ അവിടെയുണ്ട്. ജ്ഞാനബുദ്ധിയും കർമ്മശക്തിയും ചേരുന്നിടത്ത് ഐശ്വര്യവും, വിജയവും, പ്രസിദ്ധിയും, നീതിയും, ധർമ്മവും, ശാന്തിയും, നിശ്ചയമായും ഉണ്ടായിരിക്കും!

✳



Scanned with CamScanner

ചിരപുരാതനമായ ഭാരതീയ ചിന്താധാര, നിത്യനൂതനമായി ഇന്നും നിലനിൽക്കുവാൻ കാരണം, അത്യാധുനിക ശാസ്ത്രം ഭാരതീയ ചിന്താധാരക്ക് അന്യമായിരുന്നില്ല എന്നതുതന്നെയാണ്. അന്ധവിശ്വാസമെന്ന് അജ്ഞർ മുദ്രകുത്തിയ പല ഭാരതീയ ചിന്താധാരകളും തുറന്ന മനസ്സോടെ, വൈകിയവേളയിലെങ്കിലും പഠിക്കുവാനും ഗവേഷണം നടത്തുവാനും ലോകമെമ്പാടുമുള്ള ശാസ്ത്രജ്ഞന്മാർ തയ്യാറായി രിക്കുന്നു. ആധുനിക ശാസ്ത്രത്തിന്റെ ചരിത്രം തന്നെ മാറ്റി മറിക്കാവുന്ന സഹസ്രാവതി (അതിശയോക്തിയല്ല) നൂതനകണ്ടുപിടുത്തങ്ങൾ നൂറ്റാണ്ടുകൾക്കോ, സഹസ്രാബ്ദങ്ങൾക്കോ മുമ്പ് നടത്തിയവരാണ് ഭാരതീയർ, അതിനംഗീകാരം ലഭിച്ചുകൊണ്ടിരിക്കുന്നു! ഇന്നും അജ്ഞാതമായിരിക്കുന്ന പല ഭാരതീയ ചിന്താധാരകളും ആധുനിക മനുഷ്യന് പ്രയോജനപ്രദമാം വിധം ഉപയോഗപ്പെടുത്തുവാൻ ലോകമെമ്പാടും ശ്രമം നടക്കുമ്പോൾ, ഈ ശാസ്ത്രധാരയുടെ ഗംഗോത്രി ഉൽഭവിച്ച ഭാരതത്തിലും, അതിന് പഠന ഗവേഷണ പ്രചരണങ്ങൾ വേണ്ടതല്ലോ.

മനശ്ശാസ്ത്രത്തിന്റെ അഗാധതലങ്ങളിലേക്ക് നമ്മെ എത്തിക്കുന്ന അതിപുരാതനമായ ഏതെങ്കിലും ഒരു മഹദ്ഗ്രന്ഥം ലോകത്തിലുണ്ടെങ്കിൽ അത് ഭഗവത്ഗീതയാണ്. ഇത് ആൽബർട്ട് ഐൻസ്റ്റീൻ മുതൽക്കിങ്ങോട്ടുള്ള ശാസ്ത്രജ്ഞ സമൂഹവും മനസ്സിലാക്കിവരുന്നു.

**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയിന്റിഫിക് ഹെറിറ്റേജ്** ഈ ദൗത്യത്തിന്റെ ദീപശിഖ തെളിയിക്കുക മാത്രമാണ് ചെയ്യുന്നത്! അനുഗ്രഹിക്കുക, സഹകരിക്കുക!

Scanned with CamScanner